സെപ്റ്റംബർ 2025

# ജീവനും വെളിച്ചവും



# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2025 സെപ്റ്റംബർ | പുസ്തകം 61 | ലക്കം 09

**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. സനീഷ് എസ്. എം., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. ബീഡ് മനോജ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ.നിജു അജിത്ത്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, സുനിൽ സി. ഇ., ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജി.


## ● മുഖവിചാരം

ഓസ്ട്രേലിയൻ മിഷണറിയായിരുന്ന ഗ്രഹാം സ്റ്റെയിൻസിനെയും പത്തും ആറും വയസ്സായ രണ്ട് ആൺമക്കളെയും ഇന്ത്യയിൽവച്ച് ഹിന്ദുത്വ ദേശീയ സംഘടനയായ ബജ്റംഗ്ദൾ അംഗങ്ങൾ ചുട്ടുകൊന്നു. 1965 മുതൽ ഒഡീഷയിൽ മയൂർഭഞ്ച് ലെപ്രസി ഹോം എന്ന മിഷണറി സംഘടനയുടെ ഭാഗമായി പ്രവർത്തിച്ചുവരികയായിരുന്നു. കടുത്ത ദാരിദ്ര്യത്തിൽ കഴിയുന്ന ആദിവാസികളെയും കുഷ്ഠരോഗികളെയും പരിചരിച്ചു എന്നതായിരുന്നു ഗ്രഹാം സ്റ്റെയിൻസ് ചെയ്ത കുറ്റം.

2011ൽ സന്താളി ആദിവാസി മേഖലയിലെ പചവാര ഗ്രാമത്തിൽ പാർത്തിരുന്ന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് ജീസസ് ആൻഡ് മേരി സഭയിലെ അംഗമായ സിസ്റ്റർ വത്സ ജോണിനെ ഒരു കൂട്ടം ആളുകൾ വെട്ടിക്കൊലപ്പെടുത്തി. ഒരു ആദിവാസിയുടെ ജീവിതം എങ്ങനെയോ അതുപോലെ ആദിവാസികളോട് അത്രമാത്രം താദാത്മ്യപ്പെട്ട ജീവിതം നയിച്ചിരുന്നു അവർ. അവരുടെ മഠം ആദിവാസികളുടേതു പോലുള്ള ഒരു ചെറിയ കുടിൽ ആയിരുന്നു, ആ കുടിലിൽ അതിക്രമിച്ചു കയറിയാണ് അക്രമികൾ അവരെ കൊലപ്പെടുത്തിയത്. അവർ ചെയ്ത തെറ്റ് എന്നത്, ജാർഖണ്ഡ് സംസ്ഥാനത്തെ ആദിവാസി ജനതയുടെ ഭൂമിയും അവകാശങ്ങളും കവർന്നെടുക്കുന്ന കമ്പനികൾ, സർക്കാരുകൾ, രാഷ്ട്രീയക്കാർ എന്നിവർക്കെതിരെ ആദിവാസികളെ ബോധവാന്മാരാക്കുകയും അവരോടൊപ്പംനിന്ന് അവരുടെ അവകാശങ്ങൾക്കായി പോരാടുകയും ചെയ്തു. സമാനമായ പ്രവർത്തനങ്ങൾ നടത്തിയതിനാണ് ഫാ. സ്റ്റാൻ സ്വാമിയെ ഭരണകൂടംതന്നെ തുറുങ്കിലിട്ട് പച്ചവെള്ളംപോലും കുടിപ്പിക്കാതെ കൊന്നുകളഞ്ഞത്.

1995ൽ മദ്ധ്യപ്രദേശിലെ ഇൻഡോറിൽ സേവനം ചെയ്തിരുന്ന ഫ്രാൻസിസ്കൻ ക്ലാര സഭയിലെ അംഗമായിരുന്ന വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയയെ തീവ്രമതക്കാരുടെ അനുയായികൾ കുത്തിക്കൊലപ്പെടുത്തി. പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയും അവരുടെ സാമൂഹിക നീതിക്കുവേണ്ടി ശബ്ദമുയർത്തുകയും ചെയ്തു എന്നതായിരുന്നു സിസ്റ്ററെ കൊല്ലാനുള്ള കാരണം.

ഞങ്ങൾക്ക് വിശക്കുന്നു എന്നപേക്ഷിച്ച ആദിവാസി പെൺകുട്ടികളോട്, ഞങ്ങളോടൊപ്പം വരൂ നിങ്ങൾക്ക് ആഹാരം തരാം ജോലിതരാം എന്നു പറഞ്ഞ് കൂട്ടികൊണ്ടുപോയതിനാണ് ഇക്കഴിഞ്ഞ മാസം രണ്ടു കന്യാസ്ത്രീകളെ ഛത്തീസ്ഗഢിലെ ബജ്റംഗ്ദൾ പ്രവർത്തകർ ആൾക്കൂട്ട വിചാരണ നടത്തിയതും അന്യായമായി തുറുങ്കിലടച്ചതും. ഇത്തരം കൊടുംക്രൂരതകൾ തുടരുമ്പോഴും ലക്ഷക്കണക്കിന് മിഷണറിമാർ ഇന്ത്യയിൽ മാത്രമല്ല ലോകമെങ്ങും ഇപ്പോഴും പ്രവർത്തനനിരതരാണ്. ഏറ്റവും സാധാരണക്കാരായ മനുഷ്യരെപ്പോലെ ജീവിക്കുന്ന ക്രൈസ്തവ മിഷണറിമാർ ലോകത്തിന് എന്നും ഒരു ജീവിതമാതൃകയാണ്. ദരിദ്രരെയും പുറംതള്ളപ്പെട്ടവരെയും സഹായിക്കുക എന്നത് ക്രൈസ്തവ ധാർമികതയുടെയും നീതിബോധത്തിന്റെയും ആത്മീയതയുടെയും അടയാളമാണ്.

'നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രഘോഷിക്കുവിൻ' എന്ന് ക്രിസ്തു അരുൾചെയ്തു. ആ പ്രബോധനമാണ് മിഷണറിമാരുടെ കരുത്ത്. സഹായഹസ്തവും സാന്ത്വനവും സ്നേഹവുമാണ് അവരുടെ മൂലധനം. എന്തൊക്കെ പീഡനങ്ങളും തടസങ്ങളും ഉണ്ടെങ്കിലും ആയിരക്കണക്കിന് മിഷണറിമാർ ക്രിസ്തുവിന്റെ വിമോചന സന്ദേശവുമായി ലോകത്തിന്റെ അതിരുകളിലേക്കും ഉൾക്കാടുകളിലേക്കും പോകാൻ തയ്യാറാവുന്നതും അതുകൊണ്ടാണ്. ഇവരുടെ വിപ്ലവ പ്രവർത്തനങ്ങൾ കണ്ട് പാവങ്ങൾക്ക് ക്രിസ്തുവിനോട് ഇഷ്ടം തോന്നുന്നു എങ്കിൽ അത് മതപരിവർത്തനമല്ല, മിഷണറി പ്രവർത്തനങ്ങളുടെ മഹത്വമാണ്. ലോകത്ത് ദാരിദ്ര്യവും അനീതിയും അസമത്വവും വിദ്വേഷവും നിലനിൽക്കുന്നിടത്തോളം കാലം മിഷണറി പ്രവർത്തനങ്ങൾ ഉണ്ടാവും. അതൊരു ചരിത്രനിയോഗമാണ്. പാവങ്ങളോടുള്ള പക്ഷംചേരലാണ്.

●


www.latinarchdiocesetrivandrum.org | www.archtvmnews.com

*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com

വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum




## മാനവരാശിയുടെ സ്വാതന്ത്ര്യമോഹങ്ങൾ

### ജെറാൾഡ് ബി. മിരാൻഡാ

സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ലേഖനങ്ങൾ വായിച്ചു. അർഥവത്തായ സ്വാതന്ത്ര്യത്തിന്റെ നിയമങ്ങൾ അർഥപൂർണമായി വിലയിരുത്തിയാലും വിശകലനംചെയ്താലും അതിനൊക്കെ അപ്പുറമാണ് യഥാർഥ സ്വാതന്ത്ര്യത്തിന്റെ മാധുര്യം. പക്ഷികളെപ്പോലെ നീലാകാശത്തിന്റെ അനന്തതയിൽ പറന്നു നടക്കാൻ കൊതിക്കാത്തവരില്ല. മത്സ്യങ്ങളെപ്പോലെ കടലിന്റെ ആഴങ്ങളോളം മതിവരോളം നീന്തിത്തുടിക്കാൻ മോഹിക്കാത്തവരുമില്ല. മനുഷ്യൻ സ്വതന്ത്രനാണ്, എന്നാൽ ചുറ്റും ബന്ധനങ്ങൾ മാത്രമെന്ന മഹദ് വചനം ഓർക്കുന്നു. എന്നും എപ്പോഴും എല്ലാം ചെയ്യാനുള്ള അവസരമാണ് സ്വാതന്ത്ര്യമെന്നു നാം തെറ്റിദ്ധരിച്ചു വച്ചിട്ടുണ്ട്. ഓരോരുത്തർക്കുമുള്ള സ്വാതന്ത്ര്യത്തിന് അതിർവരമ്പുകൾ നിർണയിച്ചിട്ടുണ്ട്. ആ അതിർവരമ്പുകൾ ഉത്തമ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. മാതാപിതാക്കൾക്കും മക്കൾക്കും സമർപ്പിത ജീവിതം നയിക്കുന്നവർക്കും ഭരണാധികാരികൾക്കും ഉദ്യോഗസ്ഥർക്കും ഏതൊരു ജീവിതമേഖലയിൽ ഉള്ളവർക്കും നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും ചട്ടക്കൂടുകൾ ഉള്ളിടത്താണ് സ്വാതന്ത്ര്യം പ്രകാശം പരത്തുന്നത്.

നൂൽ പൊട്ടിയാൽ പട്ടം നിയന്ത്രണം വിടും. പട്ടം പറത്തലിന്റെ മനോഹാരിത നൂലിന്റെ ക്രമാനുഗതമായ നിയന്ത്രണത്തിലാണ്. മനുഷ്യന്റെ ജീവിത വിജയവും ഐശ്വര്യവും ശോഭനമായ ഭാവിയും നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും ആകെത്തുകയാണ്. അനുകൂല സാഹചര്യങ്ങളുടെ സുഖശീതള അന്തരീക്ഷത്തിലല്ല പ്രത്യാഘാതങ്ങളുടെയും പ്രതിസന്ധികളുടെയും തീച്ചൂളകളിലാണ് ത്രസിപ്പിക്കുന്ന ജീവിത വിജയങ്ങൾ തെളിയുന്നത്.

ക്രിസ്തു വിവക്ഷിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തലങ്ങൾ നിത്യജീവനിലേക്ക് ആത്യന്തികമായി വിരൽചൂണ്ടുന്നു. പാപത്തിൽ നിന്നുള്ള സ്വാതന്ത്ര്യമാണ് മാനവരാശിയുടെ യഥാർഥ സ്വാതന്ത്ര്യത്തിന്റെ അനുഭൂതിയെന്നു ക്രിസ്തു അർഥശങ്കയില്ലാത്തവിധം വചനങ്ങളിലൂടെ സമർഥിക്കുന്നു. പാപത്തിന്റെ ചങ്ങലക്കെട്ടുകളിൽനിന്നും ലോകത്തെ രക്ഷിക്കുവാനാണല്ലോ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചത്. ആ രക്ഷയാകട്ടെ പാപത്തിന്റെ വിടുതലുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. വിമോചനത്തിന്റെ സദ്വാർത്തയിൽ സ്വാതന്ത്ര്യവും വിശുദ്ധിയുടെ സ്വർഗീയ തേജസ്സും ഉൾച്ചേർന്നിരിക്കുന്നു. മാനവരാശിയുടെ സ്വാതന്ത്ര്യമോഹങ്ങൾ ഫലമണിയാൻ ക്രിസ്തുദർശനങ്ങൾ അനിവാര്യമത്രേ.

## ദൈവഹിതത്തിന് പൂർണമായി വിധേയപ്പെട്ട മറിയം

### ലേഖ ജീവൻ, പേട്ട

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തെക്കുറിച്ചുള്ള ഇമ്മാനുവൽ അച്ചന്റെ ലേഖനം മറിയത്തെപ്പോലെ സുന്ദരവും വിശുദ്ധവും സ്വർഗീയതേജസ് നിറഞ്ഞതുമായിരുന്നു. ചെറുപ്രായത്തിൽതന്നെ ഗബ്രിയേൽ ദൈവദൂതന്റെ ചോദ്യങ്ങൾക്ക് മറിയം ആമേൻ പറഞ്ഞു. ജീവിതകാലം മുഴുവൻ ദൈവഹിതത്തിന് പൂർണമായി വിധേയപ്പെട്ട മറിയം മാനവരാശിക്ക് എന്നേയ്ക്കും മാതൃകയാണ്. തന്റെ ഹൃദയത്തിൽ എല്ലാം ഗാഢമായി സംഗ്രഹിക്കപ്പെട്ട അവൾ പൊട്ടിത്തെറിക്കുന്ന യുവഹൃദയങ്ങൾക്ക് അനുകരണീയ മാതൃകയാണ്. കുടുംബത്തിന്റെ വിളക്കായി പ്രകാശമായി ആത്മീയ ശക്തിയായി സ്ത്രീ പ്രശോഭിക്കണമെങ്കിൽ മറിയത്തെനോക്കി പഠിക്കുക. ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ യേശുവിനെ ജോസഫും മറിയവും വളർത്തി.

സ്വർഗത്തെ നോക്കിയാണ് മറിയം ജീവിച്ചത്. ഭൂമിയിലെ നേട്ടങ്ങളും സുഖഭോഗസമൃദ്ധിയും തുച്ഛമായി കണ്ടു. കാലിത്തൊഴുത്തുമുതൽ കാൽവരിവരെ രക്ഷകന് അവൾ താങ്ങായി, തണലായി, ആശ്വാസമായി നിലകൊണ്ടു. കുടുംബങ്ങളുടെ എക്കാലത്തെയും പ്രാധാന്യം ഉൾക്കൊണ്ട് ദൈവപുത്രന്റെ ആദ്യ അദ്ഭുതം പ്രവർത്തിക്കാൻ കാനായിലെ കല്യാണ വിരുന്നിൽ അവൾ മകന്റെ പ്രഥമ മാധ്യസ്ഥം യാചിച്ചു.

വിശുദ്ധിയുടെ വെൺനിലാവായ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും അരുവിയായ മറിയത്തെ സ്വർഗം ജീവനുള്ള ശരീരത്തോടെ സ്വർഗത്തിലേക്കെടുത്തതിൽ അദ്ഭുതത്തിനോ ആശ്ചര്യത്തിനോ അടിസ്ഥാനമില്ല.

## ഹോം മിഷൻ മാറുന്ന കാലത്തിന്റെ ചുവരെഴുത്ത്

### വിയാനാ, പാളയം

ഹോം മിഷൻ ശുശ്രൂഷാനുഭവങ്ങൾ മനോഹരമാണ്. ഇടവകകളുടെയും കുടുംബങ്ങളുടെയും കെട്ടുറപ്പും വ്യക്തികളുടെ ആത്മീയ വളർച്ചയും സഭയോട് ചേർന്നുള്ള ജീവിതക്രമവും കാലത്തിന്റെ അടയാളങ്ങൾ വിവേചിക്കാനുള്ള പ്രാപ്തിയും ഹോം മിഷനിലൂടെ സാധ്യമാകണം. ഇടവകകൾതോറുമുള്ള രൂപതയുടെ പരിപാടിയായി ഹോം മിഷൻ മാഞ്ഞും മറഞ്ഞും പോകാതിരിക്കട്ടെ. ദൈവജനത്തെ ചേർത്തുപിടിക്കാനുള്ള ദൈവിക പദ്ധതിയുടെ ഭാഗമാണത്. അനുദിനം മാറുന്ന കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കാൻ നാം മറന്നു പോകരുത്. സഭയിൽനിന്നും വിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും അനേകർ അകന്നുപോകുമ്പോൾ കാണാതെ പോയ ആടിനെ തേടി കണ്ടെത്താനുള്ള ഇടയ മനസിന്റെ വ്യഗ്രതകൾക്ക് എന്നും വലിയ വിലയുണ്ട്. ആല വിട്ട ആടുകൾ പൊയ്ക്കോട്ടെ, ഇനിയുമേറെ ആടുകൾ ആലയിൽ ഉണ്ടല്ലോ എന്ന അമിത ആത്മവിശ്വാസം നന്നല്ല. അത്യാപത്താണ്. ലോകമെങ്ങും ആലകൾ ശൂന്യമായിപ്പോകുന്നു. ആടുകൾ കൂട്ടു വിട്ടോടുന്നു. അതിന്റെ കാര്യകാരണങ്ങൾ നാം ചികയുന്നില്ല. കാരണം, നാം തിരക്കുകളുടെ ലോകത്താണ്. ഉദ്ഘാടനങ്ങളും തിരുനാളുകളും ആഘോഷങ്ങളും സെമിനാറുകളും ഒഴിഞ്ഞ സമയമില്ല. അതിനിടയിൽ സുവിശേഷത്തിന്റെ സവിശേഷമായ ഉത്കൃഷ്ടത വിളമ്പാൻ മറന്നുപോകുന്നത് സ്വാഭാവികം. കേട്ടുകേട്ടു സുവിശേഷം മടുത്തു എന്നു ഒരാൾ പറയുന്നത് കേട്ടപ്പോൾ ദുഃഖം തോന്നി. ആർക്കും പ്രസംഗിക്കാം, എഴുതാം. എന്നാൽ, സുവിശേഷത്തിൽ ജീവിക്കുന്നവരുടെ മാതൃകകൾ കുറഞ്ഞു വരികയല്ലേ? അതിനുള്ള പരിഹാരമാണ് ഹോം മിഷൻ






# താളുകളിൽ


## ഇടയമൊഴി



**06** തടങ്കലിലായത് ഇന്ത്യയിലെ മതേതരത്വ മൂല്യങ്ങൾ
ഡോ. തോമസ് ജെ. നെറ്റോ

## ലേഖനം



**08** ക്രൈസ്തവർ സുവിശേഷം മടക്കിവയ്ക്കണമോ?
ഫാ. ജോഷി മയ്യാറ്റിൽ



**14** തിരുഹൃദയസ്നേഹവും വിശുദ്ധരും
ഫാ. ലോറൻസ് കുലാസ്



**20** പ്രത്യാശയുടെ തീർത്ഥാടകരായി യുവജനങ്ങൾ
ഫാ. പ്രദീപ് സേവ്യർ ഒ.സി.ഡി



**26** ഓണത്തിന്റെ സനാതന സൗന്ദര്യം
ഡോ. ഗ്രിഗറി ആർ. ബി

## ശുശ്രൂഷാനുഭവം




**18** സ്നേഹത്തിന്റെ രണ്ടു മന്ദിരങ്ങൾ
ജറാഡ് മൗറെല്ലിയോസ്

## ചരിത്രപഥം



**24** തെക്കൻ തിരുവിതാംകൂറിലെ ക്രൈസ്തവ സമൂഹങ്ങൾ: പൗളീനോസ് പാതിരിയുടെ വിവരണങ്ങളിൽ നിന്ന്
ഇഗ്നേഷ്യസ് തോമസ്

## കഥ



**11** കന്യാസ്ത്രീകളും പെൺകുട്ടികളും
ബർഗ്മാൻ തോമസ്

## കവിത



**12** കന്യാജന്മം
ഫാ. തോമസ് പാട്ടത്തിൽചിറ CMF

## നേർക്കാഴ്ച



**42** ആൾക്കൂട്ട ഭീകരതയും ഭരണഘടനാവിരുദ്ധ തടങ്കലും
ജെ. സി.

**13** കാനോൻ നിയമം
**22** സ്റ്റുഡൻസ് ഫോറം യോഗസഹായി
**29** ആരോഗ്യം
**33** വചന ജ്വാല
**35** വാർത്തകൾ
**38** നീർച്ചാൽ

ഡോ. തോമസ് ജെ. നെറ്റോ
മെത്രാപ്പോലീത്ത, തിരുവനന്തപുരം ലത്തീൻ അതിരൂപത

# തടങ്കലിലായത് ഇന്ത്യയിലെ മതേതരത്വ മൂല്യങ്ങൾ

**എന്റെ അതിയായ സങ്കടം നമ്മുടെ ബഹുമാനപ്പെട്ട രണ്ടു കന്യാസ്ത്രീകൾ തടവറയിൽ കിടക്കുന്നതല്ല, ഇന്ത്യ എന്ന മതേതര ജനാധിപത്യ രാജ്യത്തിന്റെ മൂല്യങ്ങളും ന്യൂനപക്ഷസമുദായങ്ങൾക്കു നൽകുന്ന അവകാശങ്ങളും തടവറയിലാക്കപ്പെട്ടിരിക്കുന്നു എന്നതാണ്.**





ഇപ്പോൾ എന്റെ മനസ്സ് ദുർഗിലെ ആ രണ്ടു കന്യാസ്ത്രീകളുടെ തടവറയ്ക്കുള്ളിലാണ്. കാരണം അവർ നമ്മുടെ പ്രിയപ്പെട്ടവരാണ്. ക്രൈസ്തവസഭയുടെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും സേവനത്തിന്റെയും ആൾരൂപമാണ് അവർ. ആ സഹോദരിമാരോടുള്ള ആദരവും ബഹുമാനവും പ്രകടമാക്കിക്കൊണ്ട് അവരോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കാനാണ് നാമിവിടെ സന്നിഹിതരായിരിക്കുന്നത്.

കന്യാസ്ത്രീമാരെ അന്യായമായി തടങ്കലിലിട്ടതുമായി ബന്ധപ്പെട്ട് വാർത്താമാധ്യമങ്ങളിൽ വന്ന രാഷ്ട്രീയ നേതാക്കളുടെ പ്രതികരണങ്ങളിലൊക്കെയും കണ്ട കാഴ്ച, മനുഷ്യക്കടത്തിന് പുതിയ നിർവചനങ്ങൾ നല്കുന്നതിന് മതതീവ്രവാദഗ്രൂപ്പുകൾ ആവിർഭവിച്ചുകൊണ്ടേയിരിക്കുന്നു എന്നതാണ്. എന്റെ അതിയായ സങ്കടം നമ്മുടെ ബഹുമാനപ്പെട്ട രണ്ടു കന്യാസ്ത്രീകൾ തടവറയിൽ കിടക്കുന്നതല്ല, ഇന്ത്യ എന്ന മതേതര ജനാധിപത്യ രാജ്യത്തിന്റെ മൂല്യങ്ങളും ന്യൂനപക്ഷസമുദായങ്ങൾക്കു നല്കുന്ന അവകാശങ്ങളും തടവറയിലാക്കപ്പെട്ടിരിക്കുന്നു എന്നതാണ്.

ക്രൈസ്തവരായവർക്ക് സഹനങ്ങളും ക്ലേശങ്ങളും കുരിശുകളും പുത്തരിയല്ല. അവർ അതിനേയും അതിജീവിക്കും. പക്ഷേ, ഇവിടെ വിഷയം അതല്ല. നമ്മളെല്ലാവരും ജനിച്ചു വളർന്ന, സ്നേഹിക്കുന്ന നമ്മുടെ എല്ലാമായ ഭാരതത്തിൽ, അതിന്റെ ഏറ്റവും മഹത്വമാർന്ന ഭരണഘടനയുടെ മൂല്യങ്ങൾ ഇവ്വിധം വലിച്ചെറിയപ്പെടുകയും അത് സംരക്ഷിക്കേണ്ടവർ നോക്കുകുത്തികളായി നില്ക്കുകയും ചെയ്യുന്നത് കാണുമ്പോഴുള്ള വേദനയും സങ്കടവുമാണ്.

ശ്രദ്ധിച്ചാൽ മനസ്സിലാവും, ന്യൂനപക്ഷങ്ങൾക്കുനേരെയുള്ള സംഘടിതമായ ആക്രമണമാണ് ഇപ്പോൾ രാജ്യമാകെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. റെയിൽവേ സ്റ്റേഷനിൽ, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ മുന്നിൽവച്ചാണ് മതതീവ്രവാദസംഘടനയുടെ പ്രവർത്തകർ കന്യാസ്ത്രീകളെ ആൾക്കൂട്ട വിചാരണ നടത്തിയത്. സാധാരണ കന്യാസ്ത്രീകളെയോ പുരോഹിതന്മാരെയോ ജയിലിലടച്ചുകഴിഞ്ഞാൽ ഉടനെതന്നെ ജാമ്യംകിട്ടി പോകേണ്ടവരാണ്. എന്നാൽ ആറേഴുദിവസം കഴിഞ്ഞിട്ടും ബോധപൂർവമായ മനുഷ്യക്കടത്തുപോലുള്ള ഗുരുതരമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് സെഷൻസ് കോടതിയും മജിസ്ട്രേറ്റ് കോടതിയും പിന്നിട്ട് എൻഐഎയുടെ മുന്നിലെത്തിയിരിക്കുകയാണ്. ഇത് വളരെ ആസൂത്രിതമാണ്.

ന്യൂനപക്ഷങ്ങളുടെ നേർക്ക് ആക്രമണങ്ങൾ ഉയർത്തിവിടുമ്പോൾ മതേതരമൂല്യങ്ങളിലും ഭരണഘടനാമൂല്യങ്ങളിലും വിശ്വസിക്കുന്ന ക്രൈസ്തവരായ നാം ഏറ്റവും ജാഗ്രതയോടുകൂടി ഉണർന്നിരിക്കേണ്ട ഒരു കാലഘട്ടമാണിത്. നമുക്കറിയാം ഏതു സമയത്താണ് പ്രതികരിക്കേണ്ടതെന്നും എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്നും. കക്ഷിരാഷ്ട്രീയത്തിന്റെ കാഴ്ചപ്പാടിലൂടെയല്ല, നമ്മൾ ജീവിതത്തിന്റെ പ്രതിസന്ധികളെ കാണുന്നത്. നമുക്ക് ക്രിസ്തീയമായ ഒരു കാഴ്ചപ്പാടുണ്ട്, വേദപുസ്തകം നൽകുന്ന കാഴ്ചപ്പാടുണ്ട്. ദയയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കാഴ്ചപ്പാടാണത്. അതിന്റെ മറ്റൊരു രൂപംതന്നെയാണ് ഭാരതത്തിന്റെ ഭരണഘടനയിലുമുള്ളത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ മൂല്യങ്ങൾ ക്രൈസ്തവദർശനങ്ങളോട് ചേർന്നുപോകുന്നവയാണ്. അത് ധ്വംസിക്കപ്പെടുമ്പോൾ മനുഷ്യാവകാശങ്ങളും മാനവികമൂല്യങ്ങളുമാണ് അപ്രത്യക്ഷമാവുക.

ജാഗ്രതയോടുകൂടിയാണ് നാം ഇത്തരം സംഭവങ്ങളെ കാണേണ്ടത്. കേരളത്തിലെയും ഭാരതത്തിലെയും കക്ഷിരാഷ്ട്രീയത്തിന്റെ കണ്ണുകൊണ്ടല്ല അതിനേക്കാളും ഉയർന്നുനിന്നുകൊണ്ട് ഇത്തരം സംഭവങ്ങളെ വിലയിരുത്താനും നിലപാടുകൾ കൈക്കൊള്ളാനുമുള്ള ആർജവം ക്രൈസ്തവ സമൂഹത്തിനുണ്ട്. മുന്നോട്ടുള്ള നമ്മുടെ ഈ യാത്രയിൽ ഇത്തരത്തിലുള്ള സന്ദർഭങ്ങൾ ഇനിയുമുണ്ടാകും എന്നതിന് യാതൊരു സംശയവും വേണ്ട. പക്ഷേ, നമ്മളതിനെയെല്ലാം നേരിടും. കാരണം സർവശക്തനായ ദൈവം നമ്മോടുകൂടെയുണ്ട്.

●

(തിരുവനന്തപുരം കാത്തലിക് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ, രാജ്ഭവനുമുന്നിൽ, ഛത്തീസ്ഘട്ടിൽ അന്യായമായി അറസ്റ്റ്ചെയ്ത് തടങ്കലിൽവച്ച കന്യാസ്ത്രീകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച വേദിയിൽ സംസാരിച്ചത്.)

●ലേഖനം



# ക്രൈസ്തവർ സുവിശേഷം മടക്കിവയ്ക്കണമോ?



ഫാ. ജോഷി മയ്യാറ്റിൽ




**സഭയുടെ പ്രേഷിത പ്രവർത്തനം എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്, പ്രത്യേകിച്ച് ദരിദ്രർക്കുവേണ്ടി. അത് എന്നും അങ്ങനെ തന്നെയായിരുന്നു. ഏറ്റവും പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടി സഭ എന്നും ഉണ്ടായിരുന്നു; ഇനിയും എന്നുമുണ്ടാകും.**

ഛത്തിസ്ഘട്ട് സംഭവത്തോടനുബന്ധിച്ച് സോഷ്യൽ മീഡിയയിൽ പരന്ന അഭിപ്രായപ്രകടനങ്ങൾ വിവിധങ്ങളായിരുന്നു. സിസ്റ്റർമാർക്കു കേരളത്തിൽ കഴിഞ്ഞാൽ പോരേ, എന്തിന് ഉത്തരേന്ത്യയിലേക്കു കെട്ടിയെടുക്കണം എന്നും എന്തിന് സഭാവസ്ത്രങ്ങൾ അണിഞ്ഞു യാത്ര ചെയ്യണം എന്നുമൊക്കെയുള്ള വിചിത്രമായ ചോദ്യങ്ങൾ ചിലർ ഉയർത്തി. ക്രൈസ്തവർ എന്തുകൊണ്ട് സാമൂഹിക സേവനവുമായി ഹൈന്ദവരുടെയടുത്തേക്കുമാത്രം പോകുന്നു, മറ്റുള്ളവരുടെയടുത്തേക്കു പോകാത്തതെന്ത് എന്ന അവാസ്തവപരമായ ചോദ്യം ഉന്നയിച്ചത് കേരളത്തിന്റെ മുൻ ഡിജിപി സെൻകുമാറാണ്! ഓരോരുത്തരും സ്വന്തം മതവിശ്വാസവുമായി അടങ്ങിയൊതുങ്ങി കഴിഞ്ഞാൽ പോരേ, എന്തിനാണ് മറ്റു മതസ്ഥരോട് സുവിശേഷം പറയാൻ ക്രിസ്ത്യാനികൾ ഉദ്യമിക്കുന്നത് എന്ന



ചോദ്യവും ഉയർന്നുകേട്ടു. ഇക്കൂട്ടരോടെല്ലാം വളരെ വ്യക്തമായി സഭയ്ക്കു പറയാനുള്ളത് ഇതാണ്:

a) മറ്റേതു പൗരന്മാർക്കുമുള്ള തുല്യത ഇന്ത്യയിൽ എല്ലാ കാര്യങ്ങളിലും ക്രൈസ്തവർക്കും ഉണ്ട്. സഞ്ചാര സ്വാതന്ത്ര്യവും വസ്ത്ര സ്വാതന്ത്ര്യവും അഭിപ്രായ സ്വാതന്ത്ര്യവും മത സ്വാതന്ത്ര്യവും എല്ലാവരെയുംപോലെ ഞങ്ങളുടെ സമർപ്പിതർക്കും ഉണ്ട്.

b) സഭയുടെ പ്രേഷിതപ്രവർത്തനം എല്ലാ മനുഷ്യർക്കും വേണ്ടിയുള്ളതാണ്, പ്രത്യേകിച്ച് ദരിദ്രർക്കുവേണ്ടി. അത് എന്നും അങ്ങനെ തന്നെയായിരുന്നു. ബംഗ്ലാദേശിൽ മാത്രം മിഷനറീസ് ഓഫ് ചാരിറ്റിയുടെ 13 സമൂഹങ്ങൾ ഉണ്ട് എന്ന വസ്തുത അറിയാത്തവർ വിഡ്ഢിച്ചോദ്യങ്ങളുമായി സോഷ്യൽ മീഡിയയിൽ പരതി നടക്കുന്നു എന്നേയുള്ളൂ! ഏറ്റവും പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും വേണ്ടി സഭ എന്നും ഉണ്ടായിരുന്നു; ഇനിയും എന്നുമുണ്ടാകും. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്തായി 25:40) എന്നു പറഞ്ഞ യേശുവിനെയാണ് ഞങ്ങൾ അവരിൽ കാണുന്നത്.

c) "വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല, പീഠത്തിന്മേലാണു വയ്ക്കുക" (മത്താ 5:15) എന്ന ക്രിസ്തു വചനവും "ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" എന്ന പൗലോസിന്റെ മൊഴിയുമാണ് (1 കോറി 9:16) ഞങ്ങളെ നയിക്കുന്നത്. അതിനാൽത്തന്നെ, നിരന്തര പ്രേഷിതത്വമാണ് ഞങ്ങളുടെ മുഖമുദ്ര. ഞങ്ങൾ ആരെയും മതം മാറ്റുന്നില്ല. സുവിശേഷ പ്രഘോഷണത്തിലൂടെ ഞങ്ങൾ ലക്ഷ്യം വയ്ക്കുന്നത് മതം മാറ്റമല്ല, മനം മാറ്റമാണ്. വി. പൗലോസ് വ്യക്തമാക്കിയതു പോലെ, "ക്രിസ്തു എന്നെ അയച്ചത് സ്നാനം നൽകുവാനല്ല, സുവിശേഷം പ്രസംഗിക്കാനാണ്" (1 കോറി 1:17). ഞങ്ങളുടെ ജീവിതവും ശുശ്രൂഷകളും സാക്ഷ്യങ്ങളും നിമിത്തം ആരെങ്കിലും ക്രിസ്തുവിലേക്ക് ആകൃഷ്ടരാകുന്നെങ്കിൽ ഞങ്ങൾക്ക് അതിൽ വലിയ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്.

d) എന്നാൽ, സ്വന്തം ഇഷ്ടപ്രകാരമല്ലാതെയോ മതിയായ ഒരുക്കങ്ങളില്ലാതെയോ ഒരാൾക്കു പോലും മാമ്മോദീസ നല്കരുതെന്ന് പൗരസ്ത്യ-പാശ്ചാത്യ സഭാനിയമങ്ങൾ കൃത്യമായി അനുശാസിക്കുന്നുണ്ട്: "For an adult to be baptized, the person must have manifested the intention to receive baptism, have been instructed sufficiently about the truths of the faith and Christian obligations, and have been tested in the Christian life through the catechumenate. The adult is also to be urged to have sorrow for personal sins" (CIC 865-1; cf. CCEO 682-1).

e) ക്രൈസ്തവജീവിതം കൊണ്ടും വാക്കുകൾ കൊണ്ടും ശുശ്രൂഷകൾ കൊണ്ടും സുവിശേഷം പ്രഘോഷിക്കുക എന്നത് സഭയുടെ അടിസ്ഥാന ധർമ്മമാണ് (raison d'etre). അതില്ലെങ്കിൽ സഭയില്ല എന്നു പറയാൻ തക്കവിധം അത്രയ്ക്ക് മർമപ്രധാനമാണ് പ്രേഷിതത്വം. അതുകൊണ്ട്, ആരൊക്കെ ഏതു വിധത്തിലൊക്കെ എതിർത്താലും സഭ സുവിശേഷ പ്രഘോഷണം തുടരും. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 25 അനുസരിച്ച് ഇന്ത്യയിൽ പൗരന്മാർക്ക് ഏതു മതത്തിലും വിശ്വസിക്കാനും അത് ആചരിക്കാനും പ്രചരിപ്പിക്കാനും മൗലികാവകാശമുണ്ടല്ലോ!

f) സുവിശേഷം പങ്കുവയ്ക്കുന്നതിന് എന്തൊക്കെ പ്രതിസന്ധികൾ ആരൊക്കെ ഉണ്ടാക്കിയാലും സമഗ്രമായ സുവിശേഷ പ്രഘോഷണം മനുഷ്യമനസ്സുകളെ ചലിപ്പിക്കും; കാരണം, "സ്നേഹം സകലത്തെയും അതിജീവിക്കുന്നു" (1 കോറി 1:7). ഗ്രഹാം സ്റ്റെയിനിന്റെയും മക്കളുടെയും സി. റാണി മരിയയുടെയും കണ്ധമാലിലെ ക്രൈസ്തവരുടെയും ഘാതകന്മാരിൽ പലരും ഇന്ന് ക്രിസ്തുവിശ്വാസം പുല്കിക്കഴിഞ്ഞു എന്നോർക്കുക.

## ഇന്ത്യയിലെ 'ക്രിപ്റ്റോ ക്രിസ്ത്യൻസ്'?

ഇന്ത്യയിൽ ക്രിപ്റ്റോ ക്രിസ്ത്യൻസിന്റെ എണ്ണം വളരെ കൂടുതലാണെന്ന് ഈയിടെ ഒരു ചാനൽ ചർച്ചയിൽ ഒരു ഹിന്ദുത്വ തീവ്രവാദി പ്രസ്താവിക്കുകയുണ്ടായി. സത്യത്തിൽ, അദ്ദേഹം നടത്തിയത് ഒരു കുറ്റസമ്മതം തന്നെയാണ്. ഇന്ത്യയിൽ ക്രിപ്റ്റോ ക്രിസ്ത്യൻസ് ഉണ്ടെങ്കിൽ അതിന്റെ അർത്ഥം, ഇന്ത്യയിൽ ക്രൈസ്തവപീഡനം നടക്കുന്നു എന്നാണ്. മതപീഡനമുള്ളിടത്ത് ആദ്യ നൂറ്റാണ്ടുകൾ മുതല്ക്കേ രഹസ്യ ക്രൈസ്തവർ അഥവാ ഭൂഗർഭ സഭകൾ ഉണ്ടായിരുന്നു.

മതപീഡനം നിലനില്ക്കുന്നതിനാൽ ചൈനയിലും വിയറ്റ്നാമിലും ക്രിപ്റ്റോ ക്രിസ്ത്യൻസിന്റെ എണ്ണം വളരെ കൂടുതലാണ്. നൂറു വർഷങ്ങളേ ആയുള്ളൂ, ക്രിസ്തുമതം ചൈനയിൽ വളരാൻ തുടങ്ങിയിട്ട്. 2018ലെ സർക്കാർ കണക്കനുസരിച്ച്, അവിടെ 4.4 കോടി ക്രൈസ്തവർ ഉണ്ട് - 3.8 കോടി പ്രൊട്ടസ്റ്റണ്ടുകാരും 60 ലക്ഷം കത്തോലിക്കരും. ഇന്ത്യയിലേത് വെറും 3.5 കോടിയാണെന്നോർക്കുക.

## മതപരിവർത്തന നിരോധനനിയമം എളുപ്പമുള്ള ആയുധം!

തീരെ അടിസ്ഥാനമില്ലാത്ത 'നിർബന്ധിത മതപരിവർത്തനം' എന്ന പ്രയോഗത്തിന് ഊന്നൽ നല്കി അതിന്റെ വെളിച്ചത്തിൽ അറുപതുകളിൽത്തന്നെ മൃദുഹിന്ദുത്വത്തിന്റെ ലൈനിൽ നിലപാടുകൾ സ്വീകരിച്ചതു കോൺഗ്രസ്സാണ്. മത



സി. റാണി മരിയ



സി. വത്സല ജോൺ

സ്വാതന്ത്ര്യം മനുഷ്യാവകാശങ്ങൾക്കെതിരായി ദുരുപയോഗിക്കപ്പെട്ടാൽ അത്തരം സംഭവങ്ങളിൽ സത്വരമായി ഇടപെടാൻ കൃത്യവും വ്യക്തവുമായ ആർട്ടിക്കിളുകൾ ഭരണഘടനയിലും നിയമങ്ങൾ ഇന്ത്യൻ പീനൽ കോഡിലും ഉണ്ടായിരിക്കേ, ഇന്ത്യയിലെ ക്രൈസ്തവജനസംഖ്യ 2.5%ത്തിൽ താഴെയായിരിക്കേ, ഹിന്ദുത്വശക്തികളെ പ്രീതിപ്പെടുത്താൻ ക്രൈസ്തവർക്കെതിരേ മതപരിവർത്തന നിരോധന നിയമം പടച്ചുണ്ടാക്കിയവർ, പക്ഷേ, ഭാവിയിൽ അത്തരം നിയമങ്ങളുടെ ദുരുപയോഗം ഉളവാക്കാനിരിക്കുന്ന കടുത്ത അനീതികൾ മുൻകൂട്ടി കണ്ടില്ല. ഇപ്പോൾ ഹിന്ദുത്വശക്തികൾ അത്തരം കിരാതനിയമങ്ങൾ അവരുടെ ആയുധമായി ഉപയോഗിക്കുന്നു.

## എന്താണ് ഇവിടെ യഥാർത്ഥ വിഷയം?

ക്രൈസ്തവ മിഷനറിമാർ ഭാരതത്തിലെമ്പാടും നടത്തിക്കൊണ്ടിരിക്കുന്ന നിശ്ശബ്ദ വിപ്ലവം വിദ്യാഭ്യാസമാണ്. സുവിശേഷ വെളിച്ചം, മറ്റു പലയിടത്തും എന്നതുപോലെ ഇന്ത്യയിലും ചിന്താതെളിച്ചമായി മാറുന്നു. അധ:സ്ഥിതരുടെ സ്വയംമതിപ്പിനും ആത്മവിശ്വാസത്തിനും ഉന്നമനത്തിനും അതു കാരണമാകുന്നു. അത് അവരെ അടിമകളാക്കി വച്ചിരുന്ന ഭൂവുടമകളായ സവർണരുടെ മേല്ക്കോയ്മയ്ക്കും ആർത്തിക്കും അനീതിക്കും വിഘാതം സൃഷ്ടിക്കുന്നു. അങ്ങനെ സവർണരായ ജമീന്താർമാരുടെ അപ്രീതിക്ക് പാത്രമായ മിഷനറിമാർക്കെതിരേ ആദ്യമാദ്യം ഭീഷണിയും ശാരീരികാക്രമണവും നടത്തിയിരുന്നവർ (സി. റാണി മരിയയ്ക്കും സി. വത്സല ജോണിനും ആദരാഞ്ജലി!) പിന്നീട് മതപരിവർത്തന നിരോധന നിയമത്തിന്റെ സ്ഥിരം പ്രായോജകരായി മാറുകയായിരുന്നു. അവരുടെ കൗശലമാർന്ന ദുരുപയോഗം മൂലം ഈ നിയമം, പ്രയോഗത്തിൽ, സ്വന്തം മതം പ്രചരിപ്പിക്കാൻ പൗരന്മാർക്ക് അവകാശം നല്കുന്ന ഭരണഘടനയുടെ 25-ാം ആർട്ടിക്കിളിന് വിരുദ്ധമായി മാറുകയായിരുന്നു. എന്നു മാത്രമല്ല, ന്യൂനപക്ഷത്തിൽപ്പെട്ടവർക്കെതിരേ എപ്പോഴും സുഗമമായി ഉപയോഗിക്കാവുന്ന ഒരു ആയുധമായും നിക്ഷിപ്ത താല്പര്യക്കാരുടെ കൈയിൽ ആ നിയമം മാറി.

## അക്ഷന്തവ്യമായ കൃത്യവിലോപം!

എന്നാൽ പത്തിലേറെ സംസ്ഥാനങ്ങളിൽ ഈ കിരാത നിയമം പാസാവുകയും അതിന്റെ ദുരുപയോഗം പലവിധത്തിൽ പ്രകടമാകുകയും ചെയ്തപ്പോഴും CBCI, CCBI, സീറോ-മലബാർ സിനഡ്, സീറോ-മലങ്കര സിനഡ്, പ്രാദേശിക മെത്രാൻ സമിതികൾ എന്നിവ ഈ നിയമത്തെ കോടതിയിൽ ചോദ്യം ചെയ്യാൻ തുനിഞ്ഞില്ല എന്നതാണ് ഏറ്റവും അതിശയകരമായ വസ്തുത. അങ്ങനെ നിയമത്തിന്റെ ദുരുപയോഗത്തിനു മുന്നിൽ ക്രൈസ്തവർ കുറ്റകരമായ നിസ്സംഗത പാലിച്ചതാണ് ഇന്ന് ഹിന്ദുത്വശക്തികൾക്ക് ബലമായി മാറിയിട്ടുള്ളത്! കുറ്റകരമായ ഈ മൗനം സഭാനേതൃത്വം വെടിയണം.

വിവേകം എന്ന മൗലികപുണ്യം ധൈര്യം എന്ന മൗലികപുണ്യത്തിന് ഒരിക്കലും വിരുദ്ധമല്ല എന്നും ഭീരുത്വവും ഭയവും സുവിശേഷത്തിനു വിരുദ്ധമാണെന്നും ഓർക്കണം. അതോ, വളരെ വേഗത്തിൽ വെറും 'സത്യാനന്തരസഭ'യായി അഥവാ 'ക്രിസ്ത്വാനന്തര സഭ'യായി മാറാനുള്ള തത്രപ്പാടിലാണോ നമ്മൾ?!!!

●



●കഥ

ബർഗ്മാൻ തോമസ്



# കന്യാസ്ത്രീകളും പെൺകുട്ടികളും

## "പേര്?"

"സിസ്റ്റർ അമല."

"സിസ്റ്റർ വിമല."

"ജോലി?"

"സാമൂഹ്യ ശുശ്രൂഷ."

"വിശദമാക്കുക."

"സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവർക്കായി പള്ളിക്കൂടം, ആതുരാലയം, ആശുപത്രി, മറ്റു ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു."

"എന്നുമുതൽ?"

"രാജ്യം സ്വതന്ത്ര്യമാകുന്നതിനു മുൻപും ശേഷവും."

"രേഖ?"

"ഇതാ."

"ശരി. ഈ നിൽക്കുന്ന പെൺകുട്ടികളെ അറിയുമോ?"

"അറിയാം."

"നിങ്ങൾ ഇവരെ നിർബന്ധിതമായി കൊണ്ടുപോകാൻ ശ്രമിച്ചു എന്നതാണ് നിങ്ങളുടേമേൽ ചാർത്തപ്പെട്ട കുറ്റം."

"കൊണ്ടുപോകാൻ ശ്രമിച്ചു എന്നത് നേരാണ്. പക്ഷേ, നിർബന്ധിതമായല്ല."

"എന്നാൽ ദൃക്സാക്ഷികൾ പറയുന്നത് അങ്ങനെയല്ല. ഈ പെൺകുട്ടികളെ നിങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകാൻ ശ്രമിച്ചു എന്നാണ്."

"ഞങ്ങളെ വിശ്വസിക്കാം. ഇവരെ ഞങ്ങൾ കൊണ്ടുപോയത് ഇവരുടെ ഇഷ്ടപ്രകാരമാണ്."

"ആരെയാണ് വിശ്വസിക്കേണ്ടത്. കേവലം നിങ്ങൾ രണ്ടു കന്യാസ്ത്രീകളെയോ അക്കാണുന്ന വലിയ ആൾക്കൂട്ടത്തെയോ?"

"അത് തീരുമാനിക്കേണ്ടത് ഞങ്ങളല്ല."

" ആ സാക്ഷിക്കൂട്ടിലേക്കു നോക്കൂ, നൂറുകണക്കിനാണ്. റെയിൽവേ സ്റ്റേഷനിൽവച്ച് നിങ്ങളെയും പെൺകുട്ടികളെയും കയ്യോടെ പിടികൂടിയവർ. ആ മുഖങ്ങളിലേക്ക് നോക്കൂ, ഊർജ്ജസ്വലർ... ദേശസ്നേഹികൾ... അവർ പറയുന്നത് ഇതൊരു 'മനുഷ്യക്കടത്ത്' എന്നാണ്."

"അല്ല."

"പിന്നെ?"

"മനുഷ്യപ്പറ്റ്."

"ഏത് അർത്ഥത്തിൽ?"

"ശുശ്രൂഷയുടെ ഭാഗമായി ഗ്രാമത്തിലെ വീടുകൾ സന്ദർശിക്കവേ, ഞങ്ങളെ കണ്ടതും ഈ കുട്ടികൾ ഓടിക്കിതച്ചുവന്നു. അച്ഛനില്ലാത്ത കുട്ടികളാണ്, നിർദ്ധനരാണ്, നിരാലംബരാണ്, വല്ലതും കഴിച്ചിട്ട് ദിവസങ്ങളായി, ഇവർ പറഞ്ഞു. പറഞ്ഞത് സത്യമാണെന്ന് ഞങ്ങൾക്കും ബോധ്യപ്പെട്ടു."

"എങ്ങനെ?"

"തേഞ്ഞ ദേഹം, ഒട്ടിയ വയറ്, വിളറിയ മുഖം, കുഴിഞ്ഞ കണ്ണുകൾ, കറുത്തുപോയവർ..."

"ഇവർക്ക് നിങ്ങൾ എന്ത് മറുപടി കൊടുത്തു?"

"ഇവരെ ചേർത്തുപിടിച്ചു. എന്നിട്ട് പറഞ്ഞു, വരൂ ഞങ്ങളോടൊപ്പം. നിങ്ങൾക്ക് ഞങ്ങളുടെ ശുശ്രൂഷാ ഭവനങ്ങളിൽ ജോലി തരാം, ആഹാരം തരാം."

"അതിനൊക്കെ ഈ മഹാരാജ്യത്ത് തെരഞ്ഞെടുക്കപ്പെട്ട ഭരണകൂടമുണ്ട്. അതിന്റേതായ സംവിധാനങ്ങളുണ്ട്."

"നിയോഗിക്കപ്പെട്ടവർ പക്ഷേ, ആ കൃത്യം നിർവഹിക്കുന്നില്ല."

"അക്കാര്യം നിങ്ങൾക്കെങ്ങനെ യറിയാം?"

"ഭക്ഷണം തരൂ എന്നു പറഞ്ഞ് ഈ പെൺകുട്ടികൾ ഞങ്ങളോട് കൈ നീട്ടില്ലല്ലോ?"

"അപ്പോൾ, കൈ നീട്ടുന്നവർക്കൊക്കെയും നിങ്ങൾ ഭക്ഷണം നൽകും?"

"തീർച്ചയായും."

"ആരാണ് ഇങ്ങനെയൊക്കെ ചെയ്യാൻ നിങ്ങൾക്ക് അധികാരം നൽകിയത്?"

"ഗുരു."

"ഗുരു എന്താണ് അരുൾചെയ്തത്?"

"LOVE."

"ആരവിടെ?"

"ഏറാൻ."

"ഇവരെ കൽത്തുറുങ്കിലടയ്ക്കൂ."

● കവിത





ഫാ. തോമസ് പാട്ടത്തിൽചിറ CMF

# കന്യാജന്മം

കാലം കൊതിനുള്ളി നോക്കിനില്ക്കും
കന്യകാജന്മമേ, മേരിമാതേ
കല്മഷമേശാത്ത ജീവിതത്താൽ
കമനീയമാക്കി നീ പാരിടത്തെ.
കർത്താവിന്നമ്മയായ്ത്തീർന്നിടുവാൻ
കനകഭാഗ്യം വന്ന നാളുകളിൽ
കുന്നുകൾ താണ്ടിയെലിസബത്തിൻ
കുടിലിലിലങ്ങെത്തി നീ പരിചരിക്കാൻ!
കരളിൽ സഹജർക്കുനേരെയുള്ള
കരുതൽ നിറച്ച തിടുക്കമോടെ
കരവല്ലികൾ നീട്ടി സേവനത്തിൻ
കച്ചയുംകെട്ടി നീ യാത്രചെയ്തു.
കരയുന്ന മിഴിയോരമൊപ്പിടാനും
കദനക്കനലുകൾ കെടുത്തിടാനും
കഷ്ടതകൾ കഴുകിടുവാനും
കാഞ്ചനനദിയായൊഴുകിയെങ്ങും!
കുഴിയിലായ്മാത്രമൊതുങ്ങിനില്ക്കും
കൂപമായ്മാറാതെ സോദരർതൻ-
കൂട്ടാളിയായ് ദുഃഖവേളകളിൽ
കൂടെയൊഴുകി സരിത്തുപോൽ നീ.
കാനായിലെന്നപോലാശ്രിതർതൻ
കഷ്ടങ്ങളിൽ ക്ഷണംകൂടാതെ നീ
കാരുണ്യമോടേ കടന്നുചെന്നു
കാണിച്ച പരിഹാരമാർഗ്ഗങ്ങളും.
കരുണാർദ്രയാം നിന്റെ സന്നിധിയിൽ
കുറവുകളാരുമറിഞ്ഞതില്ല.
കടലോളം കനിവുള്ള കൈക്കുമ്പിളിൽ
കൊതിതീരെയേവരും കൃപ നുകർന്നു!
കർത്തനാം ദൈവത്തിൻ റൂഹതന്റെ
കൂടാരമായന്നു മാറ്റിയപ്പോൾ,
കാതുകൾക്കൊക്കെയുമിമ്പമേകാൻ
കഴിവുള്ള നാദമായ് നീ നിറഞ്ഞു!
കർണ്ണാമൃതമാം നിൻ മധുരസ്വരം
കേൾക്കവേ യേലീശ്വാതന്നുദരേ
കുഞ്ഞുപോലും കുതിച്ചൊന്നുചാടി
കൈവന്നയാനന്ദനിർവൃതിയാൽ!
കരുത്തനാമീശനീ ധരണിയിൽ നിൻ
കൊച്ചായുസ്സിൽചെയ്ത വൻനന്മകൾ
കീർത്തിച്ച നന്ദി തൻ മോഹനമാം
കാവ്യമായ്മാറ്റി നീ ജീവിതത്തെ!
കണ്ടകസമമായവാക്കുകളാൽ
കുത്തിനോവിച്ചില്ലയാരെയും നീ.
കിളിമൊഴിയാൾ നിന്റെ മഞ്ജുനാദം
കണ്ണീരകറ്റുന്നോരൗഷധമായ്!
കായാമ്പൂനിറമെഴും വിൺനദിയേ,
കിന്നരംതോല്ക്കുന്ന മധുനാദമേ,
കന്യാമറിയമേ, നിന്നെയെന്നും-
കാലം കൊതിതുള്ളി നോക്കിനില്ക്കും! ●



● കാനോൻ നിയമം

# വിവാഹത്തെ അസാധുവാക്കുന്ന വിവാഹ സമ്മത സാഹചര്യങ്ങൾ/പ്രവൃത്തികൾ



ഫാ. ജോസ് ജി., അതിരൂപത ചാൻസിലർ

വിവാഹത്തെ അസാധുവാക്കുന്ന പ്രവൃത്തികൾ വിവാഹസമ്മതവുമായി ബന്ധപ്പെട്ടതാണ്. സാധുവായ വിവാഹ സമ്മതം കൈമാറാൻ വിവാഹത്തെക്കുറിച്ചും വിവാഹം ചെയ്യേണ്ട വ്യക്തിയെക്കുറിച്ചും തന്നെക്കുറിച്ചും അത്യാവശ്യ അറിവുണ്ടായിരിക്കണം. കൂടാതെ സ്വായത്തമാക്കിയ അറിവിന്റെ വെളിച്ചത്തിൽ ചിന്തിക്കാനും വിലയിരുത്താനും തീരുമാനിക്കാനുമുള്ള പ്രാപ്തി ഉണ്ടായിരിക്കണം. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1057, 1095 - 1107, കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (CCC) 1626 - 1628 എന്നിവ വിവാഹസമ്മതത്തിന്റെ സവിശേഷതകളെയും വിവാഹസമ്മതത്തെ അസാധുവാക്കുന്ന വിവാഹസമ്മത സാഹചര്യങ്ങളെയും വിശദീകരിക്കുന്നു. "വിവാഹത്തെ യാഥാർത്ഥ്യമാക്കുന്ന" അവശ്യഘടകം ദമ്പതികൾ പരസ്പരം കൈമാറുന്ന സമ്മതമാണെന്നും, സമ്മതത്തിന്റെ അഭാവത്തിൽ വിവാഹം നടക്കുന്നില്ലെന്ന് സഭ കരുതുന്നതായും CCC 1626, CIC 1057-1 എന്നിവ രേഖപ്പെടുത്തുന്നു.


CCC 1627 പ്രകാരം, "പങ്കാളികൾ പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന മാനുഷിക പ്രവൃത്തി"യാണ സമ്മതം: "ഞാൻ നിന്നെ എന്റെ ഭാര്യയായി സ്വീകരിക്കുന്നു" - "ഞാൻ നിന്നെ എന്റെ ഭർത്താവായി സ്വീകരിക്കുന്നു". ദമ്പതികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഈ സമ്മതം രണ്ടുപേരും "ഒരു ശരീരമായിത്തീരുന്നതിൽ" പൂർത്തീകരിക്കപ്പെടുന്നു. താഴെപ്പറയുന്ന സാഹചര്യങ്ങളിൽ കൈമാറുന്ന സമ്മതം വിവാഹത്തെ അസാധുവാക്കുന്നുവെന്ന് CIC, CCC എന്നിവ പഠിപ്പിക്കുന്നു:

1. മതിയായ ആലോചനാശക്തിയില്ലാത്തവർ നല്കുന്ന സമ്മതം (CIC1095, 1º).

2. പരസ്പരം നല്കുകയും സ്വീകരിക്കുകയും ചെയ്യേണ്ട വിവാഹത്തിന്റെ കാതലായ അവകാശങ്ങളെയും കടമകളെയും സംബന്ധിച്ച വിവേചനാശക്തിക്ക് ഗുരുതരമായ ന്യൂനതയുള്ളവർ നല്കുന്ന സമ്മതം (CIC1095, 2).

3. മാനസികാവസ്ഥയുടെ കാരണങ്ങളാൽ വിവാഹത്തിന്റെ കാതലായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തിയില്ലാത്തവർ നല്കുന്ന സമ്മതം (CIC1095, 3º).

4. വിവാഹമെന്നത് പുരുഷനും സ്ത്രീയും തമ്മിലുള്ള സ്ഥിരമായ ഒരു പങ്കാളിത്തമാണെന്നും ലൈംഗിക സഹകരണംവഴി സന്താനോത്പാദനം നിർവ്വഹിക്കേണ്ടതുമാണെന്ന അറിവുപോലുമില്ലാതെ നല്കുന്ന സമ്മതം (CIC1096 -1).



5. വ്യക്തിയെക്കുറിച്ചുള്ള തെറ്റായ ധാരണയിൽ (error of person) നല്കുന്ന സമ്മതം (CIC1097-1).

6. വ്യക്തിയുടെ ഏതെങ്കിലും ഗുണവിശേഷത്തെക്കുറിച്ചുള്ള തെറ്റായ ധാരണയോടെ (error of quality of person) നല്കുന്ന സമ്മതം (CIC1097-2). ഉദാ. സർക്കാർ ഉദ്യോഗസ്ഥനാണെന്ന ധാരണയിൽ വിവാഹം ചെയ്തശേഷം കൂലിവേലയാണെന്നറിയുകയും വിവാഹബന്ധം തകരുകയും ചെയ്യുന്ന സാഹചര്യം.

7. വിവാഹം നടക്കാനായി ഇല്ലാത്ത ഗുണവിശേഷം ഉണ്ടെന്നോ ഉള്ള ഗുണവിശേഷം ഇല്ലെന്നോ തെറ്റിദ്ധരിപ്പിച്ച് നേടുന്ന സമ്മതം (CIC1098). ഉദാ. മദ്യത്തിനോ മയക്കുമരുന്നിനോ അടിമയായ വ്യക്തി അതില്ലെന്ന് തെറ്റിദ്ധരിപ്പിച്ച് വിവാഹം നടത്തുകയും അവയുണ്ടെന്ന് പങ്കാളിക്ക് ബോധ്യമാകുന്നതോടെ വിവാഹബന്ധം തകരുകയും ചെയ്യുന്നു.

8.ഇച്ഛാശക്തിയുടെ നിശ്ചിതമായ തീരുമാനത്തിലൂടെ (by a positive act of will) വിവാഹത്തെയോ അതിന്റെ കാതലായ ഏതെങ്കിലും ഘടകത്തെയോ ഗുണവിശേഷത്തെയോ ഒഴിവാക്കിക്കൊണ്ട് നല്കുന്ന സമ്മതം (CIC1101-2). ലൈംഗികബന്ധത്തിനുള്ള അവകാശം, ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും ഉൾക്കൊണ്ട് പരസ്പര സ്നേഹത്തിലൂടെ ശിശുക്കൾക്ക് ജന്മം നല്കി വളർത്താനുള്ള അവകാശം, ജീവിതപങ്കാളിയുടെ നന്മ ലക്ഷ്യംവയ്ക്കുന്ന വിവാഹം അതിന്റെ സത്തയിൽത്തന്നെ ഏകവും വേർപിരിയാൻ പാടില്ലാത്തതുമാണ് എന്നിവയാണ് വിവാഹത്തിന്റെ ഗുണവിശേഷങ്ങൾ (CIC1055, 1099, CCC 1631).

9. ഭാവിയെക്കുറിച്ചുള്ള വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നല്കുന്ന സമ്മതം (CIC1102-1).

10. സ്വാതന്ത്ര്യമില്ലാതെ പുറമെനിന്നുള്ള നിർബന്ധംകൊണ്ടോ ഭീഷണികൊണ്ടോ ഭയംകൊണ്ടോ നല്കുന്ന സമ്മതം(CIC1103; CCC 1628).

●



● ലേഖനം

ഫാ. ലോറൻസ് കുലാസ്

# തിരുഹൃദയ സ്നേഹവും വിശുദ്ധരും

**കാലം കാത്തുവച്ച ചെപ്പുകളിൽ അനേകം വിശുദ്ധർ സഭയ്ക്കുണ്ട്. നമുക്ക് മുന്നേ കടന്നുപോയ ഇവരിൽ ചില വിശുദ്ധർ തിരുഹൃദയത്തിന്റെ സ്നേഹാനുഭവങ്ങളാണ് നമുക്കായി പങ്കുവച്ചത്. സുവിശേഷമായ തിരുഹൃദയത്തിന്റെ സ്നേഹാനുഭവങ്ങളിലൂടെ നാമിന്ന് യാത്ര ചെയ്യുമ്പോൾ നമ്മെ ഓരോരുത്തരെയും ഈ ധ്യാന ചിന്തകൾ നമ്മെ സ്വാധീനിക്കട്ടെ...**

തിരുഹൃദയത്തിന്റെ മാനുഷികവും ദൈവീകവുമായ സ്നേഹത്തെ കേന്ദ്രീകരിച്ച് 2024 ഒക്ടോബർ 24-ാം തീയതി ദിവംഗതനായ ഫ്രാൻസിസ് പാപ്പ പുറപ്പെടുവിച്ച ചാക്രിക ലേഖനമാണ് 'അവിടുന്ന് നമ്മെ സ്നേഹിച്ചു'' (Dilexit Nos - He loved us). ''നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം എല്ലാറ്റിലും നാം പൂർണവിജയം വരിക്കുന്നു'' (റോമാ: 8:37) എന്ന പൗലോസിന്റെ വാക്കുകളാണ് ഈ ചാക്രിക ലേഖനത്തിന്റെ പേരിന് നിദാനമായി നില്ക്കുന്നത്. ഈ ചാക്രിക ലേഖനത്തിൽ അഞ്ച് അധ്യായങ്ങളുണ്ട്. നാലാമത്തെ അധ്യായത്തിൽ ദൈവസ്നേഹവുമായി ബന്ധപ്പെട്ടിട്ടുള്ള തിരുവചനങ്ങളാണ് വിവരിക്കപ്പെടുന്നത്. ഇപ്രകാരമുള്ള വിവരണത്തിൽ ഫ്രാൻസിസ് പാപ്പാ തിരുഹൃദയത്തിലൂടെ ദൈവസ്നേഹമനുഭവിച്ച വിശുദ്ധരെ സംബന്ധിക്കുന്ന ഭാഗവും ഉൾപ്പെടുത്തിയിട്ടുണ്ട്. വിശുദ്ധരെക്കുറിച്ചുള്ള ഫ്രാൻസിസ് പാപ്പയുടെ പ്രതിപാദനം വായിച്ചപ്പോഴുണ്ടായ പ്രേരണയാണ് ഇപ്രകാരമുള്ളൊരു ലേഖനം തയ്യാറാക്കുവാൻ പ്രചോദനമായി ഭവിച്ചത്.

**വിശുദ്ധ അഗസ്റ്റിൻ:** ക്രിസ്തുവർഷം അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അഗസ്റ്റിൻ തിരുഹൃദയ സ്നേഹം അനുഭവിച്ച് അവർണ്ണനീയമാം വിധം സ്നേഹത്തെക്കുറിച്ച് ധ്യാനിച്ചിരുന്ന വിശുദ്ധനായിരുന്നു. കുരിശിൽ കിടന്ന യേശുവിന്റെ മാറിൽ പടയാളികളിൽ ഒരുവൻ കുന്തംകൊണ്ട് കുത്തിയപ്പോൾ (യോഹ:19:34) അവിടെനിന്ന് ഒഴുകിയ രക്തവും ജലവും ദൈവം മനുഷ്യരോട് കാണിച്ച സ്നേഹത്തിന്റെ ഏറ്റവും വലിയ അടയാളമായാണ് വിശുദ്ധ അഗസ്റ്റിൻ വിലയിരുത്തുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ രേഖപ്പെടുത്തപ്പെട്ട വചനം വിശുദ്ധന്റെ ധ്യാനത്തിൽ പടയാളി കുന്തംകൊണ്ട് വിലാവിൽകുത്തി എന്നതിലുപരി ദൈവപുത്രൻ തന്റെ ഹൃദയം മാനവർക്കായി തുറന്നുകൊടുത്തു എന്ന് വ്യക്തമാക്കുന്നു. നമുക്ക് നിത്യജീവൻ നല്കുന്ന യേശുവിന്റെ ഹൃദയവാതിൽ നമുക്കായി തുറക്കപ്പെട്ടുവെന്ന് വിശുദ്ധൻ ധ്യാനിക്കുന്നു.




**വിശുദ്ധ അമ്പ്രോസ്:** ക്രിസ്തുവർഷം നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മിലാനിലെ മെത്രാനായിരുന്ന വിശുദ്ധ അമ്പ്രോസ്. തിരുഹൃദയത്തിൽ നിന്നൊഴുകിയ രക്തവും ജലവും ദൈവസ്നേഹത്തിന്റെ അഗാധതയെ സൂചിപ്പിക്കുന്നുവെന്നാണ് ഈ വിശുദ്ധൻ നമ്മെ ഓർമ്മപ്പെടുത്തുന്നത്. തിരുഹൃദയത്തിൽ നിന്ന് ഒഴുകുന്ന ജലം നമ്മെ ഓരോരുത്തരെയും കഴുകി വിശുദ്ധരാക്കുന്നുവെന്നും രക്തം നമുക്ക് രക്ഷ നല്കുന്നുവെന്നും വിശുദ്ധൻ ധ്യാനിക്കുന്നു. ദൈവസ്നേഹത്തിന്റെ അഗ്നി ജ്വാലകളാണ് കുത്തിതുറക്കപ്പെട്ട തിരുഹൃദയത്തിൽ പ്രത്യക്ഷപ്പെടുന്നുവെന്നും ഈ വിശുദ്ധൻ അഭിപ്രായപ്പെടുന്നു.



**സിയന്നയിലെ വിശുദ്ധ കാദറിൻ:** ക്രിസ്തുവർഷം പതിനാലാം നൂറ്റാണ്ടിൽ ഇറ്റലിയിൽ ജീവിച്ചിരുന്ന സിയന്നയിലെ വിശുദ്ധ കാദറിൻ തിരുഹൃദയത്തിൽ കണ്ടുമുട്ടുന്നത് ദൈവത്തിന്റെ കരുണയാണ്. ദൈവസ്നേഹത്തിന്റെ ആഴങ്ങളിൽ ജീവിതം ക്രമപ്പെടുത്തിയപ്പോൾ ദൈവശാസ്ത്രത്തിന്റെ നിഗൂഢതകളിൽ സഞ്ചരിച്ചുകൊണ്ട് ഈ വിശുദ്ധ തിരുഹൃദയത്തിന്റെതന്നെ മണവാട്ടിയായി സമർപ്പിക്കുകയായിരുന്നു. വിശുദ്ധയുടെ സ്വന്തം വാക്കുകളിൽ തിരുഹൃദയ സ്നേഹത്തെക്കുറിച്ച് നാം ഇപ്രകാരം വായിക്കുന്നു: ''ഓ നിത്യ ദൈവമേ, എപ്പോഴും ജ്വലിക്കുന്ന അഗ്നിയേ! ഓ സ്നേഹത്താൽ ദഹിപ്പിക്കപ്പെട്ട ഹൃദയമേ!'' ദൈവസ്നേഹത്തിന്റെയും ദൈവീക ശക്തിയുടെയും ഉറവിടമായാണ് വിശുദ്ധ കാദറിൻ തിരുഹൃദയത്തെ ദർശിച്ചത്.



**വിശുദ്ധ ജെത്രൂദ്:** ജർമ്മനിയിൽ ബെനഡിക്റ്റൈൻ കന്യാസ്ത്രീയായിരുന്ന വിശുദ്ധ ജെത്രൂദ് തിരുഹൃദയത്തിലൂടെ അനുഭവിച്ച ദൈവസ്നേഹം കാല്പനികതയുടെ പാര്യമ്യതയിലേയ്ക്ക് അനുവാചകരെ കൂട്ടിക്കൊണ്ടുപോകുന്നു. താൻ അനുഭവിച്ച തിരുഹൃദയ സ്നേഹം വിവരണാതീതമാകുന്നുവെന്ന് ഈ വിശുദ്ധ പറഞ്ഞു വയ്ക്കുന്നു. യേശുവിന്റെ മാറിൽ തലചായ്ച്ചുകൊണ്ട് അവിടുത്തെ



ഹൃദയ സ്പന്ദനം കേൾക്കുവാൻതക്കവിധം സൗഭാഗ്യം ഈ വിശുദ്ധയ്ക്ക് ലഭിച്ചതായാണ് നാം വായിച്ചറിയുന്നത്.

**വിശുദ്ധ ഫ്രാൻസിസ് ഡി സാലസ് :** പതിനേഴാം നൂറ്റാണ്ടിൽ സ്വിറ്റ്സർലാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ ഫ്രാൻസിസ് ഡി സാലസ് തിരുഹൃദയ സ്നേഹം അനുഭവിച്ചിരുന്ന മറ്റൊരു വിശുദ്ധനാണ്. തിരുഹൃദയത്തിന്റെ ഉള്ളറകളിൽ നമ്മുടെ പേര് എഴുതപ്പെട്ടിരിക്കുന്നുവെന്നാണ് ഈ വിശുദ്ധന്റെ ധ്യാനചിന്തകളിൽ വെളിപ്പെടുത്തപ്പെടുന്നത്. യേശുവിന്റെ തിരുഹൃദയത്തോട് നമ്മുടെ ഹൃദയവും ചേർത്ത് വയ്ക്കുമ്പോൾ തിരുഹൃദയത്തിൽ വിശ്വസിക്കുവാനും വസിക്കുവാനും ജീവിതം നവീകരിക്കുവാനും സാധ്യമാകുന്നുവെന്ന് വിശുദ്ധൻ കൂട്ടിച്ചേർക്കുന്നു. തിരുഹൃദയസ്നേഹാനുഭവത്തിൽ വിശുദ്ധൻ ഇപ്രകാരം പറയുന്നു. ''നമ്മുടെ കർത്താവിന്റെ മുറിവേറ്റ ഹൃദയത്തിൽ നിന്റെ ഹൃദയം വയ്ക്കുക. ഭയപ്പെടേണ്ട! അവിടുന്ന് നിന്റെ ഹൃദയത്തെ നന്നായി സംരക്ഷിക്കും.''



**വിശുദ്ധ മർഗരീത്ത മറിയം അലക്കോക്ക്:** പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന ഒരു സന്യാസിനിയും ആത്മീയ ദർശകയുമായിരുന്ന വിശുദ്ധ മർഗരീത്ത മറിയം. ഇന്ന് നമ്മുടെയെല്ലാം കത്തോലിക്കാ ഭവനങ്ങളിൽ നാം പ്രതിഷ്ഠിച്ചിരിക്കുന്ന തിരുഹൃദയ ചിത്രം ഈ വിശുദ്ധയ്ക്ക് ലഭിച്ച ആത്മീയ ദർശനമാണ്. വിശുദ്ധയ്ക്കുണ്ടായ തിരുഹൃദയ ദർശനം വിശുദ്ധയുടെ തന്നെ സ്വന്തം വാക്കുകളിൽ നമുക്ക് ശ്രവിക്കാം: ''ക്രിസ്തു അവിടുത്തെ ദിവ്യഹൃദയത്തെ അഗ്നിജ്വാലകളുടെ ഒരു സിംഹാസനമായി എനിക്ക് കാണിച്ചുതന്നു. സൂര്യനേക്കാൾ പ്രകാശമാനവും സ്ഫടികംപോലെ സുതാര്യവുമായിരുന്നു അത്. കുരിശിൽ കിടക്കുമ്പോൾ അവിടുത്തെ ഹൃദയത്തിനേറ്റ മുറിവ് ദൃശ്യമായിരുന്നു. മുള്ളുകളുടെ ഒരു കിരീടം അതിനെ ചുറ്റിയിരുന്നു. എല്ലാ ദിശകളിലേയ്ക്കും അതിൽ നിന്ന് ജ്വാലകൾ പുറപ്പെട്ടിരുന്നു.'' വിശുദ്ധയ്ക്കുണ്ടായ തിരുഹൃദയ ദർശനത്തിൽ യേശു ഈ



വിശുദ്ധയോട് സംസാരിക്കുന്നു: "ഇപ്രകാരമുള്ള എന്റെ തിരുഹൃദയം എവിടെയെല്ലാം പ്രതിഷ്ഠിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നുവോ അവിടെയെല്ലാം എന്റെ അനുഗ്രഹം ഉണ്ടായിരിക്കും."

വിശുദ്ധ ക്ലോഡ് ലാ കൊളംബിയർ: പതിനേഴാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന ജസ്യൂട്ട് വൈദികനായ വിശുദ്ധ ക്ലോഡ് വിശുദ്ധ മർഗരീത്ത മറിയത്തിന്റെ ആത്മീയ ഗുരുവായിരുന്നു. തിരുഹൃദയ സ്നേഹത്തിന്റെ ജ്വാലാഗ്നിയിൽ സ്വയം അലിഞ്ഞ് പോകുന്ന ദൈവാനുഭവമാണ് തനിക്കുണ്ടായതെന്ന് ഈ വിശുദ്ധന്റെ ധ്യാനചിന്തകളിൽ നമുക്ക് കാണുവാൻ കഴിയും. തിരുഹൃദയത്തോടുള്ള നമ്മുടെ സ്നേഹം കേവലം ഒരു വൈകാരിക അനുഭവം മാത്രമല്ല. അതിനുമപ്പുറത്തേയ്ക്ക് വിശ്വാസത്തിലും സ്നേഹത്തിലും പ്രായശ്ചിത്തത്തിലും വളരേണ്ട ആവശ്യകതയാണ് ഈ വിശുദ്ധൻ നമുക്ക് നല്കുന്നത്. ഇപ്രകാരമുള്ളൊരു വളർച്ച യേശുവുമായുള്ള ഒരാഴമേറിയ വ്യക്തിത്വത്തിന് ഇടയാക്കുന്നുവെന്ന് വിശുദ്ധൻ ധ്യാനിക്കുന്നു.



വിശുദ്ധ ചാൾസ് ഡി ഫുക്കോ: കഴിഞ്ഞ നൂറ്റാണ്ടിൽ ഫ്രാൻസിൽ ജനിച്ച് വൈദികനായിത്തീർന്ന വിശുദ്ധ ചാൾസ് ഡി ഫുക്കോ അൾജീരിയായിലെ സഹാറ മരുഭൂമിയിലാണ് ഏറിയകാലവും ജീവിച്ചിരുന്നത്. ദിവ്യകാരുണ്യവും തിരുഹൃദയവും ഒന്നായിത്തീരുന്ന അതീവ സുന്ദരമായ ഒരു സവിശേഷ ദർശനമാണ് ഈ വിശുദ്ധന് ഉണ്ടായിരുന്നത്. ആകയാൽത്തന്നെ, ഏറെനേരം ദിവ്യകാരുണ്യ ആരാധനയിൽ ലയിച്ചുകൊണ്ട് ദിവ്യകാരുണ്യം ദിവ്യഹൃദയമായി മാറുന്ന നിഗൂഢാനുഭവത്തിന്റെ തീക്ഷ്ണതയാണ് ഈ വിശുദ്ധൻ അനുവാചകർക്ക് പകർന്ന് കൊടുക്കുന്നത്. തിരുഹൃദയ സ്നേഹം കേവലം ഭക്താനുഷ്ഠാനങ്ങളിൽ നിന്ന് വേറിട്ട് എളിമ, സ്നേഹം, സമർപ്പണം തുടങ്ങിയ പാതകളിലൂടെ സഞ്ചരിച്ച് ദൈവവും മനുഷ്യനും തമ്മിലുള്ള ഐക്യത്തിൽ വളരുവാൻ ഈ വിശുദ്ധൻ ആഹ്വാനം ചെയ്യുന്നു.



ലിസ്യൂവിലെ വിശുദ്ധ തെരേസ: 1873 ൽ ജനിച്ച് 1897 ൽ മൃതിയടഞ്ഞ വിശുദ്ധ തെരേസ ഫ്രാൻസിലെ കർമ്മലിത്താ സന്യാസിനിയായിരുന്നു. യേശുവിന്റെ തിരുഹൃദയത്തിൽ ജീവിക്കുക എന്നതായിരുന്നു ഈ വിശുദ്ധയുടെ ജീവിതാഭിലാഷം. അനേകം മുറിവുകൾ ഏറ്റുവാങ്ങിയതാണ് തിരുഹൃദയമെങ്കിലും നിസ്സഹായരും നിരാലംബരും സാധുക്കളുമായ എല്ലാവരുടെയും ഹൃദയമുറിവുകൾ ഉണക്കുവാൻ മുറിവേറ്റ തിരുഹൃദയം ശക്തികേന്ദ്രമാണെന്ന് പ്രഖ്യാപിക്കുന്നു. വളരെ ചുരുങ്ങിയ കാലം മാത്രമാണ് ഈ വിശുദ്ധ ഭൂമിയിൽ ജീവിച്ചിരുന്നതെങ്കിലും മനുഷ്യന്റെ ബലഹീനതകൾ ഏറ്റുവാങ്ങുന്ന മഹത്തായ ഹൃദയമാണ് തന്റെ കർത്താവിന്റേതെന്ന് ഈ വിശുദ്ധ ധ്യാനിച്ചിരുന്നു. ഏറ്റവും ബലഹീനയായി തന്നെത്തന്നെ അവൾ കണ്ടെത്തിയപ്പോൾ തന്റെ ആശ്രയവും ശക്തിയും തിരുഹൃദയമാണെന്ന് ദർശിച്ചുകൊണ്ട് ആ തിരുഹൃദയത്തിൽ അഭയം പ്രാപിക്കുകയായിരുന്നു വിശുദ്ധ കൊച്ചുത്രേസ്യ. അതുവഴി ബലഹീനരായ എല്ലാ മനുഷ്യരുടെയും അഭയ സ്ഥാനവും ആശ്വാസകേന്ദ്രവും സ്നേഹം തിളച്ചുമറിയുന്ന തിരുഹൃദയമാണെന്ന് വിശുദ്ധ ചൂണ്ടിക്കാട്ടി.



കാലം കാത്തുവച്ച ചെപ്പുകളിൽ അനേകം വിശുദ്ധർ സഭയ്ക്കുണ്ട്. നമുക്ക് മുന്നേ കടന്നുപോയ ഇവരിൽ ചില വിശുദ്ധർ തിരുഹൃദയത്തിന്റെ സ്നേഹാനുഭവങ്ങളാണ് നമുക്കായി പങ്കുവച്ചത്. സുവിശേഷമായ തിരുഹൃദയത്തിന്റെ സ്നേഹാനുഭവങ്ങളിലൂടെ നാമിന്ന് യാത്ര ചെയ്യുമ്പോൾ നമ്മെ ഓരോരുത്തരെയും ഈ ധ്യാന ചിന്തകൾ എപ്രകാരമാണ് സ്വാധീനിക്കേണ്ടത്? ഏതാനും ചില ചിന്തയുടെ സ്പന്ദനങ്ങൾ ഈ ലേഖനത്തിന്റെ വായനക്കാരുടെ പ്രവർത്തിപഥത്തിലേയ്ക്ക് വിനയപൂർവ്വം നല്കട്ടെ!

**- യേശുവിന്റെ തിരുവിലാവിലെ മുറിവിൽനിന്നും ഒഴുകിയ ജലവും രക്തവും നാം സ്വീകരിച്ച ജ്ഞാനസ്നാനത്തെയും കൂടെക്കൂടെ സ്വീകരിക്കുന്ന ദിവ്യകാരുണ്യത്തെയും അനുസ്മരിക്കാൻ സഹായിക്കട്ടെ!**



**- യേശുവിന്റെ വക്ഷസിൽ തലചായ്ച്ചിരുന്ന് അവിടുത്തെ ഹൃദയമിടിപ്പിന്റെ മാധുര്യം ദിവസത്തിൽ അല്പനേരമെങ്കിലും ശ്രവിക്കാം.**

**- ദൈവം നമുക്ക് ദാനമായി നല്കിയ നമ്മുടെ ബുദ്ധിയുടെ വ്യാവഹാരങ്ങൾക്കപ്പുറം തിരുഹൃദയ വണക്കം നമ്മുടെ ഹൃദയ ഭാഷയിൽ സമർപ്പിക്കാം.**

**-ദിവ്യകാരുണ്യാരാധനയിൽ കൂടെക്കൂടെ പങ്കുചേർന്ന് യേശുവിന്റെ ഹൃദയം ദിവ്യകാരുണ്യത്തിൽ ദർശിക്കാം.**

**- യേശുവിന്റെ മുറിവേറ്റ തിരുഹൃദയത്തോട് അനുരൂപപ്പെട്ട് നമുക്കേല്ക്കേണ്ടി വരുന്ന മുറിവുകൾ ക്ഷമിക്കാം; മുറിവേൽപ്പിക്കുന്നവരെ സ്നേഹിക്കാം.**

●

● കവിത



ക്രിസ്റ്റീന.ബി.എസ്

# ദിവ്യപുരോഹിതൻ

അദൃശ്യനാം ദൈവത്തിൻ ദൃശ്യ രൂപങ്ങൾ,
അരൂപിയാം ദൈവത്തിൻ ദിവ്യ ഭാവങ്ങൾ,
ബലിയേകിയ ദൈവത്തിനായ് ബലിയായവർ,
ക്രിസ്തുവിൻ ഹിതത്തിന് കീഴ്വഴങ്ങിയോർ.
ഹൃദയഗാധത്തിൽനിന്നും നന്ദിയേകട്ടെ ഞാൻ,
എന്നീശോയായ് ഹൃത്തിൽ ഉണർവേകുവോരെ,
സർവ്വം ത്യജിച്ചങ്ങ് സമർപ്പിതരാകാൻ,
കൃപയേകി നാഥൻ തുണച്ചുവല്ലോ.
ആത്മാവിൻ ഭാരങ്ങൾ ഏറ്റെടുക്കുന്നു,
മാനതാരിൻ മാലിന്യം മോചിപ്പിക്കുന്നു,
ഈശോതൻ കരമായി അഭിഷേകമേകുന്നു,
പൊന്നീശോയെ തന്ന് സൗഖ്യമേകുന്നു.
ഇഹത്തിൽ ജീവിക്കാൻ ധൈര്യമേകുന്നു,
ബന്ധങ്ങൾ ത്യജിച്ചന്യർക്ക് സ്വന്തമാകുന്നു,
ബന്ധങ്ങൾ ബന്ധനമേകും മനുഷ്യർക്ക്,
ബന്ധങ്ങളിൽ നിൽക്കാൻ ശക്തിയേകുന്നു.
നിങ്ങളില്ലെങ്കിൽ മൃതരാണ് ഞങ്ങൾ,
സുബോധമേകുന്ന ബലവാന്മാർ നിങ്ങൾ,
സൃഷ്ടിയെ സ്രഷ്ടവിന് മടക്കി നൽകാൻ,
വിശ്വസ്തരായി ദൈവം കണ്ടെത്തിയവർ.
വാക്കുകൾ പോരാ നന്ദിയർപ്പിക്കാൻ,
ഹൃദയത്തിൽ നിറവിൽ ഞാൻ പാദം തൊടുന്നു,
സുഖം വെടിഞ്ഞപരർക്കു സുഖമേകുവാനായ്,
നിറവുള്ള പുരോഹിതാ അങ്ങാണ് ക്രിസ്തുശിഷ്യൻ.





ജറാഡ് മൗറെല്ലിയോസ്






# സ്നേഹത്തിന്റെ രണ്ടു മന്ദിരങ്ങൾ

'ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തി കൂടാതെയുള്ള വിശ്വാസം മൃതമാണ്.' (വി. യാക്കോബ് 2 : 6)

സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ നേതൃത്വത്തിൽ അശരണരായ അപ്പച്ചന്മാരെയും സഹോദരന്മാരെയും വർഷങ്ങളായി സംരക്ഷിച്ചു പരിപാലിച്ചുവരുന്ന സ്ഥാപനമാണ് തിരുവനന്തപുരം ആഴാകുളത്തു പ്രവർത്തിക്കുന്ന ഒസാനം കാരുണ്യഭവൻ. ഇതേപോലെ അശരണരായ അമ്മമാർക്കും സഹോദരിമാർക്കും ഒരു ഭവനം വേണമെന്നുള്ള സൊസൈറ്റിയുടെ സ്വപ്നമാണ് ഇപ്പോൾ സഫലമായിരിക്കുന്നത്.

തിരുവനന്തപുരം ലത്തീൻ അതിരൂപതയിൽപ്പെട്ട വെട്ടുതുറ ഗ്രാമത്തിൽ അശരണരായ അമ്മമാർക്കുവേണ്ടി നിർമ്മിച്ച 'സ്നേഹഭവൻ ' ന്റെ ഉദ്ഘാടനം അഭിവന്ദ്യ മെത്രാപ്പോലീത്ത തോമസ് നെറ്റോ പിതാവ് 2025 ഓഗസ്റ്റ് മുപ്പതാം തിയതി നിർവഹിച്ചു. അതിരൂപത, സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോൾ സെൻട്രൽ കൗൺസിലിന് നൽകിയ സ്ഥലത്താണ് സുന്ദരമായ ഈ മന്ദിരം പണി കഴിപ്പിച്ചിട്ടുള്ളത്.

## ചരിത്രം

ദരിദ്രരോടുള്ള ക്രിസ്തുവിന്റെ കരുണാസന്ദേശം ജീവിതത്തിൽ നടപ്പിലാക്കാൻ 1833 ൽ ഫ്രാൻസിലെ പാരിസിൽ വാഴ്ത്തപ്പെട്ട ഫ്രഡറിക് ഒസാനം സ്ഥാപിച്ച അന്താരാഷ്ട്ര കത്തോലിക്കാ സേവാസംഘടനയാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി. വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ സേവനാത്മക ജീവിതമാണ് ഇതിനു പ്രചോദനം. ലോകമെമ്പാടും 150ലധികം രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന ഈ സൊസൈറ്റി മതഭേദമില്ലാതെ ദരിദ്രർക്കും ഒറ്റപ്പെട്ടവർക്കും സഹായം എത്തിക്കുന്നു.

## ലക്ഷ്യങ്ങളും ദൗത്യവും

ദരിദ്രരും ദുരിതമനുഭിക്കുന്നവരുമായവരെ നേരിൽ കണ്ടുമുട്ടി സഹായിക്കുക. സാമൂഹിക നീതി പ്രോത്സാഹിപ്പിക്കുക. ക്രിസ്തുവിന്റെ സ്നേഹം പ്രവർത്തികളിലൂടെ പ്രകടിപ്പിക്കുക തുടങ്ങിയവയാണ് സൊസൈറ്റിയുടെ ലക്ഷ്യങ്ങൾ.

കേരളത്തിൽ നാഷണൽ കൗൺസിലിന്റെ കീഴിൽ മൂന്ന് റീജ്യക




ളിലുമായി സെൻട്രൽ കൗൺസിലുകൾ തങ്ങളുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുമായി അനുദിനം മുന്നോട്ടു പൊയ്ക്കൊണ്ടേയിരിക്കുന്നു. തിരുവനന്തപുരം സെൻട്രൽ കൗൺസിൽ സൊസൈറ്റി ഓഫ് വിൻസെന്റ് ഡി പോളിന്റെ നിയമാവലിക്കു വിധേയമായി 1972 ൽ പ്രവർത്തനം ആരംഭിച്ച ഈ കൗൺസിലിന്റെ ആദ്യ പ്രസിഡന്റ് ബ്രദർ ജെ. റ്റി. മൊറായിസ് ആയിരുന്നു. ഇപ്പോഴത്തെ പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നത് ബ്രദർ ഡി. ഫ്രാൻസിസ് ആണ്. നിലവിൽ സെൻട്രൽ കൗൺസിലിന്റെ കീഴിൽ 17 ഏരിയ കൗൺസിലുകളും 145 കോൺഫറൻസുകളും പ്രവർത്തിക്കുന്നുണ്ട്. ഇടവകകളിലൂടെ 1350 വിൻസെൻഷ്യൻസ് പ്രവർത്തകരാണ് സേവന പ്രവർത്തനങ്ങൾക്കായി സമൂഹത്തിൽ മുന്നിട്ടിറങ്ങുന്നത്. സൊസൈറ്റിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ചുക്കാൻ പിടിക്കുന്നത് അതിന്റെ ആധ്യാത്മോപദേഷ്ടാവായി സേവനം ചെയ്യുന്ന ബീഡ് മനോജ് അമാദോ അച്ചനാണ്.

## പ്രധാന പ്രവർത്തനങ്ങൾ

സമൂഹത്തിൽ അവഗണിക്കപ്പെട്ടു കഴിയുന്ന ദരിദ്രരിൽ ദരിദ്രരായ കുടുംബങ്ങളെ ജാതി, മത, വർണ്ണ, വർഗ വ്യത്യാസമില്ലാതെ ദത്തെടുക്കുകയും ക്രമമായി അവരുടെ ഭവനങ്ങളിൽച്ചെന്നുകണ്ട് ആശ്വസിപ്പിക്കുകയും ആത്മീയമായും ഭൗതീകമായും അവരെ സഹായിക്കുകയും ചെയ്യുന്നു. തൊഴിൽ ഇല്ലാതെ ദാരിദ്ര്യത്തിൽ കഴിയുന്ന കുടുംബങ്ങളെ കണ്ടെത്തി വിദേശ കോൺഫറൻസുകളുടെ സഹായത്തോടെ മൽസ്യക്കച്ചവടം, വലനെയ്ത്ത്, ആട് വളർത്തൽ, തയ്യൽ എന്നീ സ്വയം തൊഴിലുകൾ ചെയ്യാൻ പ്രാപ്തരാക്കുന്നു. അനേകം സുമനസുകളെ കണ്ടെത്തി അവരുടെ സഹായത്തോടെ സമൂഹത്തിലെ ദരിദ്രരായവർക്ക് ഭവനങ്ങളും ശൗചാലയങ്ങളും നിർമ്മിച്ച് കൊടുക്കുന്നു. വിദേശ കോൺഫറൻസുകളുടെ സഹായത്തോടെ ദരിദ്ര കുടുംബങ്ങളിലെ നൂറു കണക്കിന് വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് മുഖേനെ വിദ്യാഭ്യാസ ധനസഹായം നൽകി വരുന്നു.

## ഒസാനം കാരുണ്യഭവൻ

കുടുംബങ്ങളിൽനിന്നും പുറംതള്ളപ്പെട്ടവർ, വഴിയോരത്തുനിന്നും കണ്ടെടുത്തവർ, മാറാരോഗം പിടിപെട്ടവർ എന്നിങ്ങനെയുള്ള പല ദേശക്കാരും വിവിധ ഭാഷകൾ സംസാരിക്കുന്നവരുമായ മുപ്പതോളം സഹോദരന്മാർ ഇവിടെ സന്തോഷത്തോടെ താമസിക്കുന്നു. ഇവരെ സ്നേഹിക്കാനും പരിചരിക്കാനുമായി ഒബ്ളേറ്റ് ഹോസ്പിറ്റാലിറ്റി ഫ്രാൻസിസ്ക്കൻ സിസ്റ്റേഴ്സിന്റെ സേവനം ലഭ്യമാക്കി തന്നത് അഭിവന്ദ്യ സൂസപാക്യം പിതാവ് ആയിരുന്നു. സെൻട്രൽ കൗൺസിലിന്റെ നിർദേശപ്രകാരം എല്ലാ കോൺഫറൻസുകളും ഇവിടം സന്ദർശിച്ച് ഇടതടവില്ലാതെ സഹായം ലഭ്യമാക്കി നൽകുന്നു. ഇവിടത്തെ അന്തേവാസികൾക്ക് നിരന്തരമായി വൈദ്യ ചികിത്സയും വിനോദ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നതിൽ ഇവർ ബദ്ധശ്രദ്ധരാണ്.

## ഒസാനം സ്നേഹഭവൻ

ആരോരുമില്ലാത്ത സഹോദരന്മാരെ പരിചരിക്കുന്ന ഒസാനം കാരുണ്യഭവന്റെ മാതൃകാപരമായ പ്രവർത്തനംകണ്ട് അനേകം സഹോദരിമാർ തങ്ങൾക്കും ഇതേപോലെയൊരു ഭവനത്തിനുവേണ്ടി മുറവിളി കൂട്ടിയപ്പോൾ സെൻട്രൽ കൗൺസിൽ ഭാരവാഹികൾ തിരുവനന്തപുരം അതിരൂപതയുമായി ബന്ധപെടുകയും അതിൻപ്രകാരം രൂപത വെട്ടുതുറയിൽ അൻപതു സെന്റ് സ്ഥലം സെൻട്രൽ കൗൺസിലിന് ലീസിനു നൽകുകയും ചെയ്തു.

ഈ സ്ഥലത്താണ് അശരണരായ അമ്മമാർക്കും സഹോദരിമാർക്കുമായി ഈ സുന്ദര മന്ദിരം പണികഴിപ്പിച്ചിരിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച നിർമ്മിച്ച ഈ സ്നേഹ ഭവനത്തിന്റെ ശിലാസ്ഥാപനകർമ്മം 2023 സെപ്റ്റംബർ മാസം ഏഴാം തിയതി അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര നിർവഹിച്ചു. 9600 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പണികഴിച്ച ഈ ഭവനത്തിൽ അൻപതോളം അമ്മമാരെയും സഹോദരിമാരെയും അധിവസിപ്പിക്കാനാകും. 2025 ഓഗസ്റ്റ് മാസം മുപ്പതാം തിയതി തിരുവനന്തപുരം അതിരൂപത മെത്രാപ്പോലീത്ത റൈറ്റ് റെവ. ഡോക്ടർ തോമസ് ജെ. നെറ്റോ ഈ മന്ദിരത്തിന്റെ ഉൽഘാടനകർമ്മം നിർവഹിക്കുന്നു.

എളിമയെന്ന പുണ്യത്തിനു പ്രാധാന്യം നൽകി പാവപ്പെട്ടവനെ യജമാനനായി കണ്ട് അവന്റെ ഉന്നമനത്തിനായി സ്വന്തം സമയവും സമ്പത്തും വ്യയംചെയ്യുന്ന മനോഭാവമാണ് വിൻസെൻഷ്യൻ ആത്മീയതയുടെ കാതൽ. സൊസൈറ്റിയുടെ എല്ലാ സംരംഭങ്ങൾക്കും പൈതൃക വാത്സല്യത്തോടെ സഹായിക്കുകയും മാതൃകാപരമായ പ്രവർത്തനങ്ങൾക്കു നിർദേശവും സഹകരണവും നൽകി പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത് അതിരൂപത മെത്രാപ്പോലീത്താ തോമസ് ജെ. നെറ്റോ പിതാവും സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവും ആണ്. ഇതുതന്നെയാണ് സൊസൈറ്റിയുടെ വിജയവും.

സ്നേഹത്തിന്റെ മുഖമുദ്ര ചാർത്തിയ ഈ രണ്ട് മന്ദിരങ്ങൾക്കും എല്ലാ ഭാവുകങ്ങളും. ●

● ലേഖനം



ഫാ. പ്രദീപ് സേവ്യർ ഒ.സി.ഡി
(നിഷ്പാദുക കർമ്മലിത്ത സഭയുടെ ദക്ഷിണ കേരള പ്രവിശ്യയിലെ യുവജനങ്ങളുടെ ചുമതലയുള്ള കൗൺസിലർ)

# യുവജന ജൂബിലി 2025; പ്രത്യാശയുടെ തീർത്ഥാടകരായി യുവജനങ്ങൾ

**2025ലെ യുവജന ജൂബിലിക്ക് റോമിലേക്കുള്ള ഞങ്ങളുടെ തീർത്ഥാടനം സ്മാരകങ്ങൾ സന്ദർശിക്കുകയോ പരിപാടികളിൽ പങ്കെടുക്കുകയോ മാത്രമല്ലായിരുന്നു.**
**അത് ഒരു കൂടിക്കാഴ്ചയായിരുന്നു - ക്രിസ്തുവുമായും, സഭയുമായും, ഞങ്ങളുടെ കർമ്മലീത്ത സ്വത്വവുമായും.**



റോമിൽനടന്ന 2025ലെ യുവജന ജൂബിലി വെറുമൊരു സംഭവമായിരുന്നില്ല, അത് സഭയുടെ ഊർജ്ജസ്വലതയും ഭാവിയുടെ പ്രത്യാശയും ജീവിക്കുന്ന ഒരു സാക്ഷ്യമായിരുന്നു. നിഷ്പാദുക കർമ്മലീത്ത സഭയുടെ ദക്ഷിണകേരള പ്രവിശ്യയിലെ കാർമൽ യുവജനങ്ങളായ ഞങ്ങൾക്ക്, ഇത് ഭൂഖണ്ഡങ്ങളിലൂടെയുള്ള ഒരു യാത്രയേക്കാൾ വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും കണ്ടെത്തലിന്റെയും ഒരു തീർത്ഥാടനമായിരുന്നു. ലോകമെമ്പാടുമുള്ള യുവജനങ്ങൾക്കുള്ള പരിശുദ്ധ പിതാവിന്റെ ക്ഷണത്തിന് മറുപടിയായി, ഞങ്ങളുടെ ചെറിയ തീർത്ഥാടകസംഘം റോമിലെ മറ്റ് അഞ്ച് ലക്ഷത്തോളം യുവാക്കളോടൊപ്പം ചേർന്നു. ക്രിസ്തു ഇന്ന് ജീവിക്കുന്നുവെന്നും അവന്റെ സഭയോടൊപ്പം നടക്കുന്നുവെന്നും പ്രഖ്യാപിക്കുന്ന ഒരു സാർവത്രിക ഗായകസംഘത്തിന്റെ ഭാഗമായി ഞങ്ങൾ ഒരുമിച്ച്.

## ചരിത്രത്തോടൊപ്പമുള്ള കാൽവെപ്പുകൾ

റോമിലെ ഞങ്ങളുടെ ദിവസങ്ങൾ ചരിത്രവുമായുള്ള ഒരു സംഭാഷണമായി മാറി. രക്തസാക്ഷികൾ ജീവൻ നൽകുകയും, വിശുദ്ധന്മാർ സുവിശേഷം പ്രഖ്യാപിക്കുകയും, സാമ്രാജ്യങ്ങൾ ഉയർന്നുവരികയും വീഴുകയും ചെയ്ത പുണ്യവീഥികളിലൂടെ ഞങ്ങൾ സഞ്ചരിച്ചു. റോമിലെ ഞങ്ങളുടെ ആദ്യ ദിവസങ്ങൾ ഒരു ജീവനുള്ള മതബോധനത്തിലേക്ക് കാലെടുത്തുവയ്ക്കുന്നതുപോലെയായിരുന്നു. പുരാതന ജനക്കൂട്ടം ഒരിക്കൽ അലറിവിളിച്ച സർക്കസ് മാക്സിമസിൽ ഞങ്ങൾ നിന്നു, പന്ത്രണ്ട് അപ്പോസ്തലന്മാരുടെ ബസിലിക്കയിൽ ഞങ്ങൾ പ്രാർത്ഥിച്ചു. കൊളോസിയം, ട്രാജൻസ് കോളം, ഇംപീരിയൽ മാർക്കറ്റുകൾ എന്നിവ ഞങ്ങൾ സന്ദർശിച്ചു, സാമ്രാജ്യങ്ങൾക്കപ്പുറം വിശ്വാസം എങ്ങനെ നിലനിന്നുവെന്ന് ഓരോ സ്മാരകവും നമ്മെ പഠിപ്പിക്കുന്നു. നിത്യനഗരത്തിലൂടെയുള്ള ഓരോ ചുവടും, സഭ കല്ലുകളിൽ മാത്രമല്ല, ക്രിസ്തുവിനുവേണ്ടി നൽകിയ എണ്ണമറ്റ ജീവിതങ്ങളുടെ സാക്ഷ്യത്തിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ഞങ്ങളെ ഓർമ്മിപ്പിച്ചു.

## കാർമലൈറ്റ് സായാഹ്നം - പ്രത്യാശയുടെ കുടുംബം

ജൂലൈ 30-ന് റോമിലെ തെരേസിയാനത്തിൽ വെച്ചായിരുന്നു ഞങ്ങളുടെ തീർത്ഥാടനത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്ന്. നിരവധി രാജ്യങ്ങളിൽ നിന്നുള്ള യുവ കാർമെലൈറ്റുകൾ ഒരു യഥാർത്ഥ കുടുംബ ആഘോഷത്തിനായി ഒത്തുകൂടി. സെന്റ് പാൻക്രാസ് പള്ളിയിൽ നടന്ന വിശുദ്ധ കുർബാനയോടെയാണ് ആഘോഷം ആരംഭിച്ചത്, ഞങ്ങളുടെ ജനറൽ സുപ്പീരിയർ ഫാ. മിഗുവൽ മാർക്വേസ് കായേ മുഖ്യകാർമികത്വം വഹിച്ചു. നിരവധി സംസ്കാരങ്ങളും ഭാഷകളും രാഷ്ട്രങ്ങളും ഉണ്ടായിരുന്നിട്ടും ക്രിസ്തുവിൽ നമ്മൾ ഒരു കുടുംബമാണെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിച്ചു.

കുർബാനയ്ക്ക് ശേഷം, റോമൻരാത്രി ആകാശത്തിന് കീഴിൽ ഞങ്ങൾ സന്തോഷകരമായ ഒരു ബഫെ അത്താഴം പങ്കിട്ടു. സാഹോദര്യത്തിന്റെ ഒരു നിമിഷമായിരുന്നു അത് - കഥകൾ, ചിരി, അതിർത്തികൾ കടന്ന സൗഹൃദങ്ങൾ. ഫാ. മിഗുവേൽ തന്റെ ഹൃദയംഗമമായ പ്രസംഗത്തിൽ, കാർമലിന്റെ പാരമ്പര്യത്തിനും നമ്മുടെ ആധുനിക ലോകത്തിന്റെ യാഥാർത്ഥ്യങ്ങൾക്കും ഇടയിൽ പ്രത്യാശയുടെ പ്രവാചകന്മാരും പാലം പണിയുന്നവരുമായി മാറാൻ ഞങ്ങളെ വെല്ലുവിളിച്ചു. സംഗീതം, നൃത്തം, ആഘോഷം എന്നിവയോടെ ഞങ്ങൾ സായാഹ്നം അവസാനിപ്പിച്ചു - കാർമലിലെ വൈവിധ്യത്തിന്റെ സൗന്ദര്യവും ഐക്യത്തിന്റെ ശക്തിയും വെളിപ്പെടുത്തിയ ഒരു യഥാർത്ഥ വിശ്വാസോത്സവം. ഞങ്ങൾക്ക്, ഈ ഒത്തുചേരൽ വെറുമൊരു പരിപാടി മാത്രമായിരുന്നില്ല; ഞങ്ങളുടെ കാർമലൈറ്റ് വിളിയിൽ ഞങ്ങളുടെ ബോധ്യം പുതുക്കിയ ഒരു നിർണായക കൂടിക്കാഴ്ചയായിരുന്നു അത്. തീർച്ചയായും, വിശുദ്ധ തെരേസയുടെ വാക്കുകൾ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രതിധ്വനിച്ചു: "ദൈവം നമുക്ക് നൽകുന്ന അടയാളങ്ങളിൽ, ഞങ്ങൾക്ക് ഉറപ്പുള്ള ഒരു പ്രത്യാശയുണ്ട്."

## ടോർ വെർഗറ്റയിലെ പരിശുദ്ധ പിതാവിനോടൊപ്പമുള്ള സായാഹ്ന പ്രാർത്ഥനയും ദിവ്യബലിയും

കാർമലൈറ്റ് സായാഹ്നം ഒരു കുടുംബ വിരുന്നാണെങ്കിൽ, ടോർ വെർഗറ്റ ഒരു സാർവത്രിക വിരുന്നായിരുന്നു. ഓഗസ്റ്റ് 2ന്, ലോകത്തിന്റെ എല്ലാ കോണുകളിൽനിന്നുമുള്ള അഞ്ച് ലക്ഷത്തിലധികം യുവാക്കളുമായി ഞങ്ങൾ ചേർന്നു. ഉച്ച കഴിഞ്ഞ് സംഗീതം, സാക്ഷ്യങ്ങൾ, സാംസ്കാരിക ആവിഷ്കാരങ്ങൾ എന്നിവയാൽ സജീവമായിരുന്നു. വൈകുന്നേരം ആയപ്പോൾ, നിശബ്ദത വീണു. ഹൃദയങ്ങൾ ഉയർത്തി, പ്രാർത്ഥന ജാഗരണത്തിനായി പരിശുദ്ധ പിതാവ് ലിയോ പതിനാലാമൻ പാപ്പയെ ഞങ്ങൾ സ്വാഗതം ചെയ്തു. അദ്ദേഹത്തിന്റെ വാക്കുകൾ ഞങ്ങളെ ധൈര്യത്തിലേക്കും വിശ്വാസത്തിലേക്കും ദൗത്യത്തിലേക്കും വിളിച്ചു. റോമിലുടനീളം രാത്രി വ്യാപിച്ചപ്പോൾ, പ്രാർത്ഥന, ഗാനം, ക്രിസ്തുവിന്റെ സാർവത്രിക കുടുംബത്തിൽ ഉൾപ്പെട്ടതിന്റെ സന്തോഷം എന്നിവയാൽ ഐക്യപ്പെട്ട് തുറന്ന ആകാശത്തിനുകീഴെ ഞങ്ങൾ സ്ലീപ്പിംഗ് ബാഗുകളിൽ കിടന്നു. ആത്മാവ് ജനതകളിലും ഭാഷകളിലും ശ്വസിക്കുന്ന ഒരു ജീവനുള്ള പെന്തക്കോസ്തുപോലെ അത് അനുഭവപ്പെട്ടു.

പിറ്റേന്ന്, ഓഗസ്റ്റ് 3 ഞായറാഴ്ച, ഞങ്ങളുടെ തീർത്ഥാടനത്തിന്റെ പാരമ്യത്തിലെത്തി: പരിശുദ്ധ പിതാവിനോടൊപ്പമുള്ള വിശുദ്ധ കുർബാന. ടോർ വെർഗറ്റയിൽ ഒത്തുകൂടിയ യുവത്വത്തിന്റെ കടൽ ഒരു ജീവനുള്ള സഭയായി. ലിയോ പതിനാലാമൻ പാപ്പ ദിവ്യബലിയർപ്പിച്ചപ്പോൾ, ഞങ്ങൾ ചരിത്രത്തിന് സാക്ഷ്യം വഹിക്കുന്നുണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു - പ്രത്യാശയുടെ മിഷനറിമാരായി അയയ്ക്കപ്പെട്ട, ക്രിസ്തുവിന് സ്വയം സമർപ്പിക്കുന്ന ഒരു തലമുറ.

## പ്രത്യാശയുടെ തീർത്ഥാടകരായി തിരികെയെത്തി

2025ലെ യുവജന ജൂബിലിക്ക് റോമിലേക്കുള്ള ഞങ്ങളുടെ തീർത്ഥാടനം സ്മാരകങ്ങൾ സന്ദർശിക്കുകയോ പരിപാടികളിൽ പങ്കെടുക്കുകയോ മാത്രമല്ലായിരുന്നു. അത് ഒരു കൂടിക്കാഴ്ചയായിരുന്നു - ക്രിസ്തുവുമായും, സഭയുമായും, ഞങ്ങളുടെ കർമ്മലീത്ത സ്വത്വവുമായും. കേരളത്തിലെ ഞങ്ങളുടെ വീടുകളിലേക്ക് മടങ്ങുമ്പോൾ, ഓർമ്മകൾ മാത്രമല്ല, പ്രാർത്ഥനയിൽ വേരൂന്നിയ യുവ കർമ്മലിത്തരാവുക, സാക്ഷ്യത്തിൽ ധൈര്യശാലികളാകുക, സേവനത്തിൽ സന്തോഷിക്കുക എന്ന ദൗത്യം ഞങ്ങളുടേതായി മാറി.

വിശ്വാസത്തിന്റെയും ചരിത്രത്തിന്റെയും ഐക്യത്തിന്റെയും ഭാഷയിലാണ് നിത്യനഗരം ഞങ്ങളോട് സംസാരിച്ചത്. ഇപ്പോൾ ഞങ്ങൾ പ്രത്യാശയുടെ തീർത്ഥാടകരായി തിരികെ പുറപ്പെടുന്നു, ക്രിസ്തു ജീവിച്ചിരിക്കുന്നുവെന്നും സഭ എന്നേക്കും ചെറുപ്പമാണെന്നും ജീവിതംകൊണ്ട് പ്രഖ്യാപിക്കാൻ ഞങ്ങൾ തയ്യാറാണ്.

●



വിദ്യാഭ്യാസശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

# സ്റ്റുഡൻസ് ഫോറം യോഗസഹായി

സെപ്റ്റംബർ 2025

തയ്യാറാക്കിയത്:
സ്റ്റുഡൻസ് ഫോറം റിസോഴ്സ് ടീം

**1. പ്രാർത്ഥനാ ഗാനം**

**2. പ്രാർത്ഥന** (എല്ലാവരും ഏറ്റു ചൊല്ലുന്നു)
സ്നേഹ ഈശോയേ, സ്റ്റുഡൻസ് ഫോറം അംഗങ്ങളായ ഞങ്ങളെ ഈ മനോഹരമായ ദിനത്തിൽ ഒത്തുചേർത്തതിന് അങ്ങയേക്ക് ഞങ്ങൾ നന്ദി പറയുന്നു. ഞങ്ങളുടെ ഗുരുക്കന്മാരെ അനുഗ്രഹിക്കേണമേ, അവരുടെ വാക്കിലും പ്രവർത്തിയിലും അങ്ങയുടെ സ്നേഹവും ജ്ഞാനവും അറിയാൻ സഹായിക്കേണമേ. ഞങ്ങളുടെ മനസ്സും, ഹൃദയവും അങ്ങയുടെ വിശ്വാസചൈതന്യത്തിൽ വളരാൻ അനുഗ്രഹിക്കേണമേയെന്ന് കാർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

1സ്വർഗ്ഗ, 1നന്മനിറഞ്ഞ മറിയമേ, 1ത്രീത്വസ്തുതി

**3. സ്വാഗതം** (പ്രസിഡന്റ് )

**4. റിപ്പോർട്ട്** (സെക്രട്ടറി)


**5. ഹാജർ** (സെക്രട്ടറി)

**6. അധ്യക്ഷ പ്രസംഗം** (പ്രസിഡന്റ്)

പ്രിയപ്പെട്ട കൂട്ടുകാരെ, ഈ മാസത്തെ ചിന്താവിഷയം"അധ്യാപകരുംവിധ്യാർത്ഥികളും"ആണ്.

ഗുരുശിഷ്യ ബന്ധത്തെ ഏറ്റവും പവിത്രവും അമൂല്യവുമായി കാണുന്ന രീതിയാണ് പ്രാചീനകാലംമുതൽ സമൂഹം സ്വീകരിച്ചിരുന്നത്. ആരാണ് ഗുരു? 'ഗു' എന്ന ശബ്ദത്തിന് അന്ധകാരം എന്നും 'രു' എന്ന ശബ്ദത്തിന് അകറ്റുക എന്നുമാണ് അർത്ഥം. അതായത്, വെളിച്ചംകൊണ്ടു(അറിവിനാൽ) അന്ധകാരത്തിനെ (അജ്ഞതയെ) ഇല്ലാതാക്കുന്നവൻ ഗുരു. ശിഷ്യൻ പഠിക്കുന്നത് ഒരുവിഷയമല്ല, ഒരു പുസ്തകമല്ല, മറിച്ച് ഒരു ജീവിതമാണ്. കാലക്രമേണ ഗുരു-ശിഷ്യബന്ധം എന്നതിൽനിന്ന് അധ്യാപകർ-വിദ്യാർത്ഥികൾ എന്നതിലേക്ക്മാറി. ഗുരുശിഷ്യ ബന്ധത്തിൽ ഗുരു ശിഷ്യന് ഒന്നും പറഞ്ഞുകൊടുത്ത് പഠിപ്പിക്കുന്നില്ല. ഗുരുമുഖത്തുനിന്ന് ശിഷ്യർ എല്ലാം പഠിച്ചെടുക്കുകയാണ് ചെയ്യുന്നത്. ഗുരു പകർന്ന് നൽകിയിരുന്നത് അറിവുകളൊടോപ്പം അനുഭവങ്ങളുമാണ്.

സത്യസന്ധതയുടെയും, നീതിയുടെയും, സ്നേഹത്തിന്റെയും കരുണയുടെയും ജ്ഞാനത്തിന്റെയും അറിവിന്റെയും അനുഭവസമ്പത്തിന്റെയും പാലാഴിയായി അധ്യാപകർ മാറണം.



ജീവിതയാത്രയിൽ മുന്നോട്ടു നടക്കുമ്പോൾ എപ്പോഴെങ്കിലും ഒരുഅധ്യാപകനെ ഓർക്കാത്ത ആരുംഉണ്ടാകില്ല. അധ്യാപകർ വിദ്യാർത്ഥികളെ സ്നേഹിക്കുക, അവരുടെ വ്യക്തിത്വത്തെ ബഹുമാനിക്കുക, പുഞ്ചിരിയോടെ അവരെ സ്വാഗതംചെയ്യുക, ഹൃദയപരമാർത്ഥതയോടെ സംസാരിക്കുക, മാതൃകാപരമായി അവരുടെ മുമ്പിൽ പെരുമാറുക.

'എന്ത് പഠിക്കണം' എന്നതിനേക്കാൾ 'എന്തിന് പഠിക്കണം' എന്ന ബോദ്ധ്യം വിദ്യാർത്ഥികളിൽ ജനിപ്പിക്കാൻ കഴിഞ്ഞാൽ പ്രഥമദൗത്യം പൂർത്തിയായി.

- മാതാ-പിതാക്കന്മാരെപ്പോലെ സംരക്ഷണം നല്കണം
- സുഹൃത്തിനെപ്പോലെ കൂടെ നടക്കണം
- തീരുമാനങ്ങളെടുക്കുവാൻ പ്രേരിപ്പിക്കുന്ന ഉപദേശകനായും, മനസ്സിനു സൗഖ്യവും ആരോഗ്യവും നൽകുന്ന മന:ശാസ്ത്രജ്ഞനായും മാറണം.
- പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്ന ദൈവികത പകർന്നു നല്കുന്ന ആത്മീയ ഗുരുവായി മാറണം.
- മൂല്യങ്ങൾ വിതരണം ചെയ്യുന്നവർ ശില്പി ശില്പത്തിനു രൂപം നൽകുന്നതുപോലെ അധ്യാപകർ വിദ്യാർത്ഥികളെ ഒരു നല്ല മനുഷ്യരായി രൂപപ്പെടുത്തുന്നു.
- ഹൃദയത്തോട് ചേർത്തുപിടിക്കാനും അവരുടെ ഹൃദയത്തെ സ്പർശിക്കാനുമാകണം.
- അധ്യാപനം ഒരു ജോലി മാത്രമല്ല അതൊരു ദൈവവിളിയാണ്, ദൈവികദൗത്യമാണ് എന്ന് തിരിച്ചറിയുമ്പോഴേ അതിന്റെ ശ്രേഷ്ഠത മനസ്സിലാക്കാനാവൂ.

**7. വായന പരിശീലനം** (ന്യൂസ് പേപ്പർ എഡിറ്റോറിയൽ പേജ് (മലയാളം /ഇംഗ്ലീഷ്)

**8. പ്രസംഗ പരിശീലനം**(അഞ്ചുപേർ 2 മിനിറ്റ്വീതം)
വിഷയം ; അറിവിന്റെ ആഴവും, പങ്കുവയ്ക്കലും

> ഡിജിറ്റൽ പഠന സാഹചര്യത്തിലെ ഗുരുശിഷ്യ ബന്ധത്തിന്റെ പ്രസക്തി.

> അറിവും ജ്ഞാനവും നമ്മുടെ ജീവിതസാഹചര്യങ്ങളിൽ എപ്രകാരം പ്രയോജനപ്പെടുത്തുന്നു.

**9. ക്വിസ് മത്സരം**

> സെപ്റ്റംബർ 5 അധ്യാപക ദിനമായി ആചരിക്കാൻ പ്രഖ്യാപിച്ചത് ആര്?

> അധ്യാപക ദിനം ആരുടെ ജന്മദിനമാണ്.

> ലോക അധ്യാപക ദിനം?

> നിങ്ങൾ ഇഷ്ടപ്പെടുന്ന അധ്യാപകൻ?

> ഇന്ത്യൻ പ്രസിഡന്റ് ആര്?

> അധ്യാപനത്തിനുള്ള 'നൊബേൽ സമ്മാനം' എന്ന് വിളിക്കപ്പെടുന്ന പുരസ്കാരം ഏത്?

> ഏത് രാജ്യമാണ് ആദ്യമായി അധ്യാപകദിനം ആചരിച്ചത്?

> ഡോ. സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മസ്ഥലം ഏതാണ്?

> ഇന്ത്യയിൽ ' ആധുനിക വിദ്യാഭ്യാസത്തിന്റെ പിതാവ് ' എന്നറിയപ്പെടുന്നത് ആരാണ് ?

> 'ഗുരു' എന്ന വാക്കിന്റെ അർത്ഥം?

> കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി?

> രാജ്യസഭയുടെ പിതാവ് എന്ന് നെഹ്റു വിശേഷിപ്പിച്ചത് ആരെ?

**10. മറ്റ്മത്സരങ്ങൾ** (ഉപന്യാസം, കവിത, കഥ)

**11. ജന്മദിനാശംസകൾ / അഭിനന്ദനങ്ങൾ**

**12 തൊഴിൽ പഠന മത്സര മേഖലയെ പരിചയപ്പെടുത്തൽ**(വൈസ് പ്രസിഡന്റ് )

**13. സ്കോളർഷിപ്പ്/ പ്രവേശന പരീക്ഷകളെ പരിചയപ്പെടുത്തൽ**(ട്രഷറർ)

**14. വിദ്യാഭ്യാസ സമിതിയിൽനിന്നുള്ള അറിയിപ്പുകൾ** (ഇടവക/ഫൊറോന/രൂപത)

**15. ചർച്ച:** കുറുക്കുവഴി (കൊച്ചുത്രേസ്യായുടെ ആത്യാത്മികത)

ദൈവനീതിയിലുള്ളവിശ്വാസം

വി. മത്തായി 6:10,12,13: "അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ ഹിതം സ്വർഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ."

വി. ലൂക്ക 23:34: യേശു പറഞ്ഞു: "പിതാവേ, അവരോടു ക്ഷമിക്കണമേ: അവർ ചെയ്യുന്നതെന്തെന്ന് അവർ അറിയുന്നില്ല." പരമ പരിശുദ്ധനായ ദൈവതിരുമുൻപാകെ പ്രത്യക്ഷനാകുന്നതിന് മുൻപ് ഒരുവൻ വിശുദ്ധനാകേണ്ടതുണ്ട്. അവിടന്ന് അനന്തമായ നീതിയുള്ളവനാണെന്ന് എനിക്കറിയാം. അനേകം ആത്മാക്കളെ മയപ്പെടുത്തുന്ന ആ നീതിതന്നെയാണ് എന്റെ, പ്രതീക്ഷക്കും സന്തോഷത്തിനും നിദാനം. നീതി, തെറ്റുകാരോട് കാർക്കശ്യമുള്ളതാണ്. പക്ഷെ, നല്ല നിയോഗത്തെ കണക്കിലെടുക്കുകയും പുണ്യത്തിന് അതിന്റെ സമ്മാനം നൽകുകയും ചെയ്യുന്നു. ദൈവകാരുണ്യത്തിൽനിന്നുള്ള അത്രയുംതന്നെ ദൈവനീതിയിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നു. ദൈവം കരുണയും കൃപയും നിറഞ്ഞവനാകുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നാം പൊടിയെന്ന് ഓർമ്മിപ്പിക്കുന്നു. അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ ദൈവം തന്നെ ഭയപ്പെടുന്നവരുടെമേൽ കരുണ തോന്നുന്നു.

**16. നന്ദി**

**17. മാതാവിനോടുള്ള ഗാനം** ●

ചരിത്രപഥം



ഇഗ്നേഷ്യസ് തോമസ്

# തെക്കൻ തിരുവിതാംകൂറിലെ ക്രൈസ്തവ സമൂഹങ്ങൾ: പൗളീനോസ് പാതിരിയുടെ വിവരണങ്ങളിൽ നിന്ന്



**ശുദ്ധ മലയാളഭാഷയിൽ സംസാരിക്കുന്ന പൗളിനോസ് പാതിരി ഇംഗ്ലീഷ് പോർട്ടുഗീസ് മലയാളം വ്യാകരണഗ്രന്ഥവും, സംസ്കൃത ഭാഷയെയും ഇന്ത്യൻ സംസ്ക്കാരത്തെയുംപറ്റി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്നതിനായി 31-ൽ പരം ഗ്രന്ഥങ്ങളും രചിച്ചു.**

കർമ്മെലീത്താമിഷണറി, ബഹുഭാഷാ പണ്ഡിതൻ, ചരിത്രകാരൻ, ഇൻഡോളജിസ്റ്റ്, അദ്ധ്യാപകൻ, എഴുത്തുകാരൻ എന്നിങ്ങനെ വിവിധ കർമ്മമണ്ഡലങ്ങളിൽ പ്രശോഭിച്ച ബഹുമുഖവ്യക്തിത്വത്തിനുടമയായിരുന്നു പൗളിനോസ് പാതിരി (വിശുദ്ധ ബർത്തലോമിയായുടെ പൗളീനോസ്).

1748 ഏപ്രിൽ 25-ാം തീയതി മധ്യയൂറോപ്പിലെ ആസ്ട്രിയായിൽ, ലോവർ ഓസ്ട്രിയ സംസ്ഥാനത്ത് ഹോഫ് ആം ലൈതാബെർഗെയിലാണ് പൗളിനോസ് ജനിച്ചത്. യോഹാൻ ഫിലിപ്പ് വെസ്ഡിൻ എന്നായിരുന്നു അദ്ദേഹത്തിന്റെ യഥാർത്ഥ നാമം. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന ക്രൊയേഷ്യൻ വംശജരായ ജോർജ് വെസ്ഡിൻ ഹെലേന ദമ്പതികളുടെ ആറുമക്കളിൽ മൂത്തയാളായിരുന്നു ജോൺ ഫിലിപ് വെസ്ഡിൻ (പൗളീനോസ് പാതിരി). പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കർമ്മലീത്താ സഭയിൽ ചേർന്നതോടെ പൗളീനോസ് ആസാങ്ങ്തോ ബർത്തലോമിയ എന്ന പേര് സ്വീകരിച്ചു. 1769 ആഗസ്റ്റ് 21-ാം തീയതി വ്രതവാഗ്ദാനം നടത്തി. 1773 ൽ വൈദികനായി. 1776 നവംബർ 21-ാം തീയതി 28-ാ മത്തെ വയസ്സിൽ കേരളത്തിലെത്തിച്ചേർന്നു. അൽപ്പകാലം അദ്ദേഹം വരാപ്പുഴ അതിരൂപതയിലെ ചാത്യാത്ത് കർമ്മലനാഥയുടെ നാമത്തിലുള്ള ഇടവക ദേവാലയത്തിൽ കഴിച്ചുകൂട്ടിയശേഷം വരാപ്പുഴ കേന്ദ്രമാക്കി മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. വരാപ്പുഴ സെമിനാരി റെക്ടറായും 1779 - 92 കാലയളവിൽ വരാപ്പുഴ വികാർ അപ്പസ്തോലിക്കായിരുന്ന ബിഷപ്പ് അലോ


മഹാരാജാ
കാർത്തിക തിരുനാൾ


14-ാം ക്ലമന്റ് പാപ്പ

ഷ്യസ് മേരിയുടെ ഭരണകാലയളവിൽ വികാരി ജനറാളായും സേവനമനുഷ്ഠിച്ചു.

14-ാം ക്ലമന്റ് പാപ്പ, 1774 ജൂലൈ രണ്ടിന്, തിരുവിതാംകൂർ മഹാരാജാവായിരുന്ന കാർത്തിക തിരുനാളിന് എഴുതിയ കത്ത്, തന്റെ സഹപ്രവർത്തകനായ ക്ലമന്റ് പിയാനിയൂസ് പാതിരിയുമായി ചേർന്ന് മഹാരാജാവിന് കൈമാറുകയുണ്ടായി. കാർത്തിക തിരുനാളിന്റെ അഭ്യർത്ഥന പ്രകാരം ഇംഗ്ലീഷ് പോർട്ടുഗീസ് മലയാളം വ്യാകരണഗ്രന്ഥം അദ്ദേഹം രചിച്ചു. ശുദ്ധ മലയാളഭാഷയിൽ സംസാരിക്കുന്ന പൗലിനോസ് പാതിരിയെ മഹാരാജാവിന് ഏറെ ഇഷ്ടപ്പെട്ടതിനാൽ കൊട്ടാരത്തിൽ താമസിച്ചുകൊണ്ടുതന്നെ ഇംഗ്ലീഷ്, പോർട്ടുഗീസ് ഭാഷകൾ പഠിപ്പിക്കാൻ രാജാവ് പാതിരിയോടാവശ്യപ്പെട്ടു. രാജസന്നിധിയിൽ ക്രിസ്ത്യാനികളുടെ വക്താവായും പ്രവർത്തിച്ചു. 1789 ൽ മലബാർ മിഷ്യനെപ്പറ്റിയുള്ള വിവരങ്ങൾ നല്കുന്നതിനായി പ്രൊപ്പഗാന്തദെ ഫീദേ അദ്ദേഹത്തെ റോമിലേക്ക് വിളിപ്പിച്ചു.

സംസ്കൃത ഭാഷയെയും ഇന്ത്യൻ സംസ്കാരത്തെയുംപറ്റി ലോകത്തിന് മുമ്പിൽ അവതരിപ്പിക്കുന്നതിനായി 31 ൽപരം ഗ്രന്ഥങ്ങൾ അദ്ദേഹം രചിക്കുകയുണ്ടായി. ഈ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ പൗരസ്ത്യ ഇന്ത്യയിലെ ക്രൈസ്തവ സമൂഹങ്ങൾ (India Orientalis Christiana) എന്ന ഗ്രന്ഥത്തിൽ പ്രൊപ്പാഗാന്ത ദെ ഫീദെയുടെ നേതൃത്വത്തിൽ സന്യാസ സഭകൾ വഴി ഭാരതത്തിൽ നടത്തിയിട്ടുള്ള പ്രേഷിത പ്രവർത്തനങ്ങളെക്കുറിച്ചും പദ്രാവാദോകാലത്ത് ഇന്ത്യയിൽ നടന്ന മിഷൻ പ്രവർത്തനങ്ങളെപ്പറ്റിയും വിവരിക്കുന്നു. ഈശോ സഭ ലോകവ്യാപകമായി നിറുത്തലാക്കപ്പെട്ടതോടെ അവർ പരിപോഷിപ്പിച്ച ക്രിസ്തീയ സമൂഹങ്ങൾ അനാഥത്വം പേറിയിരുന്നു. അവിടേക്ക് പ്രൊപ്പ ഗാന്തദെ ഫീദെയുടെ കീഴിൽ വിവിധ സന്യാസ സഭകൾ പ്രേഷിത പ്രവർത്തനങ്ങൾക്കായി എത്തി ച്ചേർന്ന കാര്യങ്ങൾ ഗ്രന്ഥത്തിൽ വിവരിക്കുന്നു. ഭാരത സഭയുടെ ആരംഭം, മെത്രാന്മാരെപ്പറ്റിയുള്ള വിവരണങ്ങൾ വിവിധ പ്രേഷിത സംരംഭങ്ങൾ, സഭയിലെ ആഭ്യന്തര ഭിന്നതകൾ, സഭ നേരിട്ട പീഡനങ്ങൾ പ്രമുഖരായ നാട്ടുരാജാക്കന്മാർ, തെക്കൻ തിരുവിതാംകൂർ ഭാഗത്തെ ക്രൈസ്തവ വ്യാപന ചരിത്രം എന്നിവയെല്ലാം ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്.

പോൾ അഞ്ചാമൻ പാപ്പ, റോമിൽനിന്നും 1609 ൽ ദോംമെനേസ്സിന് നല്കിയ Nobis notunresset എന്ന ബൂളാവഴി കൊച്ചി രൂപതയുടെ അതിർത്തികൾ നിർണ്ണയിച്ച് നല്കുകയുണ്ടായി. കൊച്ചി രൂപതയുടെ വിസ്തൃതി വളരെ വലുതായിരുന്നതായി പാതിരി രേഖപ്പെടുത്തുന്നു. കൊച്ചിനഗരം മുതൽ കന്യാകുമാരിവരെയുള്ള തീരപ്രദേശങ്ങളും. കന്യാകുമാരിയിൽ നിന്നും ഫിഷറികോസ്റ്റും കടന്ന് കൊറമാൻഡൽ തീരത്തെ നാഗപട്ടണം വരെയും നീണ്ടുകിടന്ന തീരപ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു അന്നത്തെ കൊച്ചീരൂപത. കൊച്ചിക്കും കന്യാകുമാരിക്കുമിടക്ക് മത്സ്യത്തൊഴിലാളികളുടേതായ വലുതും ചെറുതുമായ 42 പള്ളികളാണ് ഉണ്ടായിരുന്നത്. ഈ ദേവാലയങ്ങളെ ഈശോസഭാ വൈദികരായിരുന്നു പരിപാലിച്ച് പോന്നിരുന്നത്. ഈശോസഭയുടെ നിരോധനത്തെ തുടർന്ന് അവ ഫ്രാൻസിസ്ക്കൻ ഒബ്സർവൻസിന്റെ കീഴിലായി. പൗലീനോസിന്റെ കാലയളവിൽ ഗോവൻ വൈദികർക്കായിരുന്നു തീരദേശ ഇടവകകളുടെ ചുമതല.



1772-ലെ അഞ്ചുതെങ്ങ് കോട്ടയുടെ വടക്കുകിഴക്കൻ കാഴ്ച.
ചിത്രം: വെൽക്കം ലൈബ്രറി, ലണ്ടൻ

ഈ പ്രദേശങ്ങളിലെ ജനങ്ങളെല്ലാവരും ക്രിസ്തീയ വിശ്വാസത്തിലേക്ക് കടന്നുവന്നത് വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ സുവിശേഷ പ്രഘോഷണം വഴിയായിരുന്നുവെന്ന് പൗലീനോസ് വ്യക്തമാക്കുന്നു. അദ്ദേഹം കൊല്ലം മുതൽ കന്യാകുമാരി മുനമ്പ് വരെ സുവിശേഷ പ്രചരണം തുടരുകയും ആരാധനാലയങ്ങൾ നിർമ്മിക്കുകയും ചെയ്തു. പിന്നീട് ഫിഷറി കോസ്റ്റിലും പള്ളികൾ സ്ഥാപിക്കുകയുണ്ടായി. പള്ളികൾ സ്ഥാപിക്കുന്നതിന് മുന്നോടിയായി ആദ്യം കുരിശ് നാട്ടുകയും പിന്നീട് ഓലമേഞ്ഞ ചെറു കുടിലുകൾ കെട്ടുകയും ചെയ്തിരുന്നു. ഈ കുടിലിനെ പോർട്ടുഗീസ് ഭാഷയിൽ 'Ramadas' എന്നാണ് വിളിച്ചിരുന്നത്. കുറെക്കാലം കഴിഞ്ഞ് കുമ്മായവും സിമന്റും കൊണ്ടുള്ള ദേവാലയം നിർമ്മിക്കുമായിരുന്നു. കൊച്ചി മുതൽ തെക്കോട്ട് കന്യാകുമാരി വരെ നീണ്ടു കിടക്കുന്ന മലബാറിലെ തീരപ്രദേശത്ത് നിലകൊള്ളുന്ന പള്ളികളുടെ കൂട്ടത്തിൽ ഇന്ന് തിരുവനന്തപുരം അതിരൂപതയിൽ ഉൾപ്പെടുന്ന അഞ്ചുതെങ്ങ് (അഞ്ചുതെങ്ങ് ഇംഗ്ലീഷുകാരുടെ കീഴിലായിരുന്നു). വലിയതുറ പള്ളികളെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്.

'പൗരസ്ത്യ ഇന്ത്യയിലെ ക്രൈസ്തവ സമൂഹങ്ങൾ' എന്ന ഗ്രന്ഥത്തിൽ 'കൊച്ചി സഭ' എന്ന തലക്കെട്ടിലെ ആറാം അദ്ധ്യായത്തിൽ, കൊച്ചി മെത്രാൻ ഒരു പോർട്ടുഗീസുകാരനായിരുന്നതുകൊണ്ട് അദ്ദേഹത്തിന് കൊച്ചിയിൽ ശുശ്രൂഷകൾ നിർവ്വഹിക്കാൻ, അവിടെ ആധിപത്യം പുലർത്തിയിരുന്ന ഡച്ചുകാർ അനുവാദം നല്കിയിരുന്നില്ലെന്നും വളരെക്കാലത്തേക്ക് കൊച്ചി ഭാഗത്തേക്ക് വരാൻ മെത്രാന്മാർക്ക് സാധിച്ചിരുന്നില്ലെന്നും തിരുവിതാംകൂർ രാജ്യത്തുള്ള കൊല്ലത്തോ അഞ്ചുതെങ്ങിലോ തിരുവിതാംകൂറിലെ മറ്റേതെങ്കിലും സ്ഥലത്തോ ആയിരുന്ന അവർ താമസിച്ചിരുന്നതെന്നും ഗ്രന്ഥത്തിൽ വിവരിക്കുന്നു.

(തുടരും)

● ലേഖനം



ഡോ. ഗ്രിഗറി ആർ. ബി

# ഓണത്തിന്റെ സനാതന സൗന്ദര്യം

ലോകം മുഴുവനുമുള്ള മലയാളികളുടെ മനസ്സിനെ തട്ടിയുണർത്തുന്ന സുന്ദരമായ ഓർമ്മകളാണ് ഓണം പ്രദാനം ചെയ്യുന്നത്. ഓണം ഒരുപക്ഷേ, കാർഷികോത്സവത്തിന്റെ ബാക്കിപത്രമായി കേരളക്കരയിൽ കുടിയേറിയതാകാം. അതുമല്ലെങ്കിൽ, പൗരാണിക പാരമ്പര്യത്തിന്റെ നടവഴിയിലൂടെ കടന്നുവന്നതാകാം. ജന്മിമാരുടെ വിളിപ്പാടകലെ കഴിഞ്ഞുകൂടിയ കുടിയാന്മാർക്കു നൊമ്പരങ്ങൾ മറന്നു ആഘോഷിച്ചാനന്ദിക്കുവാൻ ആവശ്യമായ കൂട്ടുകൾ ചാലിച്ചുചേർത്ത് മേലാളന്മാർ സൃഷ്ടിച്ചെടുത്ത കളിയരങ്ങാകാം. എങ്ങനെയായാലും, മലയാളികളുടെ മനസ്സിൽ ഒരു പൂക്കാലമായി ഓണം ചിറകടിച്ചു പറക്കുന്നു. സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും വിരുന്നൊരുക്കി ഓണാഘോഷം  നമുക്ക് ചില സനാതനമൂല്യങ്ങൾ അയവിറക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു എന്നതാണ് ഇന്നത്തെ ഓണാഘോഷത്തിന്റെ പ്രത്യേകത.



ഓണചിന്തകൾക്കു നിറമേകുന്ന ചില രൂപപ്പെടുത്തലുകളുടെ ചേരുവകൾ പരിശോധിക്കുന്നത് അഭികാമ്യമാണെന്നു തോന്നുന്നു. കാർഷിക സംസ്കാരം മുറ്റിനില്ക്കുകയും ബാർട്ടർ വ്യവസ്ഥകൾ കൊടികുത്തി വാഴുകയുംചെയ്തു പ്രാചീന കാലഘട്ടത്തിൽ പ്രാകൃത സോഷ്യലിസം നിലനിന്നിരുന്നതായി കാണാം. അവിടെ എല്ലാംതന്നെ പൊതു ഉടമസ്ഥതയിലായിരുന്നു. പ്രത്യേക ഭരണസംവിധാനങ്ങളില്ലാതെ പോലീസും പട്ടാളവുമൊന്നും അതിർത്തി കാക്കാനില്ലാതിരുന്ന പ്രാചീന യുഗത്തിൽ സ്വാഭാവികമായി രൂപപ്പെട്ട ഒരു സോഷ്യലിസ്റ്റ് സാമൂഹിക ജീവിത ക്രമമായിരിക്കാം ഓണ സങ്കല്പത്തിനാധാരമായിട്ടുള്ളത്. സമത്വാധിഷ്ഠിത വ്യവസ്ഥയെ സ്വപ്നംകാണുകയും അപ്രകാരം ഒരു സാമൂഹികക്രമം നിലനിന്നിരുന്നു എന്നുപറഞ്ഞു ഊറ്റംകൊള്ളുകയും ചെയ്തുകൊണ്ട് അത് ആഘോഷമാക്കി മാറ്റുന്ന ഒരു സ്വത്വബോധമാണ് മലയാളികൾ ഇതിലൂടെ നേടിയെടുത്തത്.

എൻ. വി. കൃഷ്ണവാര്യരുടെ കണ്ടെത്തലനുസരിച്ച് അസീറിയയിൽ നിന്നാകാം ഓണ സങ്കല്പം ഇവിടെയും പറിച്ചു നടപ്പെട്ടത്. അസീറിയ രാജ്യം ഭരിച്ചിരുന്ന ബലശബ്ദത്തോടുകൂടിയ ഒരു രാജവംശമാകാം അതിന്റെ പിന്നിലെന്നാണ് അദ്ദേഹം വാദിക്കുന്നത്. അത് ഒരുപക്ഷേ, മഹാബലിയുടെ പ്രാക്‌രൂപമാകാൻ സാധ്യതയുള്ള അസർബെനിപാൽ എന്ന രാജാവാകാം. അസീറിയയിലെ നിനവെ എന്ന സ്ഥലത്തെ ഉദ്ഘനനങ്ങളിൽനിന്നു കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം ഇതു കണ്ടെത്തിയത്.

സംഘകാലത്ത് തിരുപല്ലാണ്ടിൻ തമിഴകത്ത് ഇപ്രകാരം ഓണാഘോഷം ഉണ്ടായിരുന്നതായി പരാമർശമുണ്ട്. എന്നാൽ മധുരകാഞ്ചി കൃതികളിൽ ഓണത്തെ ഒരു വിളവെടുപ്പ് ഉത്സവമായാണ് ചിത്രീകരിച്ചിരിക്കുന്നത്. കാർഷിക വിളവെടുപ്പിലൂടെ രൂപപ്പെട്ടതുകൊണ്ടാകാം അത് ഒരു ജനകീയ ആഘോഷമായി മാറിയത്.

നാടോടി പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ഓണക്കളികൾ ഓണാഘോഷത്തിന്റെ ഭാഗമായി കടന്നുകൂടിയത് അങ്ങനെയാകാം. എല്ലാ ജീവജാലങ്ങളും അതിൽ പങ്കാളികളാകുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. വള്ളംകളിയും, പുലിക്കളിയും പൂപറിക്കലും അത്തപ്പൂക്കളവും വടംവലിയുമൊക്കെ കാർഷിക സംസ്കാരത്തിന്റെ വിളഭൂമിയിൽ വിളയിക്കപ്പെട്ടതാണ്. അങ്ങനെ പൊന്നോണം കൊയ്ത്തുത്സവത്തിന്റെ ആഹ്ലാദത്തിമിർപ്പിൽ പൂത്തുലഞ്ഞതാകാം.

ഓണത്തെക്കുറിച്ച് ഏറെ പ്രചാരത്തിലുള്ള കഥ നമുക്ക സുപരിചിതമാണ്. അസുര ചക്രവർത്തിയും പ്രഹ്ളാദന്റെ പൗത്രനുമായ മഹാബലി ധർമ്മിഷ്ഠനായി ഭരണം നടത്തിപോന്നു. മഹാബലിയുടെ സദ്ഭരണത്തിൽ അസൂയപൂണ്ട വിഷ്ണു വാമനാവതാരമെടുത്തുകൊണ്ട് മഹാബലിയെ പാതാളത്തിൽ ചവിട്ടിതാഴ്ത്തി. പാതാളത്തിൽനിന്നു ആണ്ടോടാണ്ട് പ്രജാവത്സലനായ മഹാബലി തന്റെ പ്രജകളെ കാണാനെത്തുന്നു. അഹങ്കാരംകൊണ്ടുനിറഞ്ഞ മഹാബലിയുടെ അഹന്ത ശമിപ്പിക്കാനായി അസൂയപൂണ്ട ദേവന്മാരുടെ അപേക്ഷപ്രകാരമാണ് വിഷ്ണു വാമനനായി അവതരിച്ചത് എന്നാണ് കരുതപ്പെടുന്നത്. പാതാളത്തിലേക്ക് വാമനനാൽ ചവിട്ടിത്താഴ്ത്തപ്പെട്ട മഹാബലി തന്റെ പ്രജകളെ ആണ്ടോടാണ്ട് കാണാനെത്തുന്ന ദിവസമാണ് ഓണം. ഏറെ പ്രചാരമുള്ള ഈ കഥ എല്ലാവരുടെയും മനസ്സിൽ മായാതെ നില്ക്കുന്ന ഒന്നാണ്.

എന്നാൽ വൈദിക പാരമ്പര്യങ്ങളിൽ വാമനജയന്തിയായാണ് ഓണത്തെ വ്യാഖ്യാനിക്കുന്നത്. മഹാബലി വൈഷ്ണവ പുരാണങ്ങളിൽ ഭഗവാൻ വിഷ്ണുവിന്റെ അവതാരങ്ങൾ വർണ്ണിക്കുന്നിടത്ത് വിഷ്ണുവിന്റെ വാമനനായുള്ള വരവും മഹാബലിയുമായുള്ള സമ്പർക്കവും വർണ്ണിക്കുന്നുണ്ട്. അസുര രാജാവായ മഹാബലി തന്റെ ശക്തിയും കഴിവും ഉപയോഗിച്ച് ഭൂമിയെ മുഴുവൻ അടക്കിവാണു. മൂന്നു ലോകങ്ങളിലും തന്റെ ആധിപത്യം ഉറപ്പിക്കാൻ ശ്രമിച്ചു. ഭൂമിയുടെ വ്യവസ്ഥയ്ക്ക് കോട്ടം തട്ടുംവിധം ക്രമപൂർണമായ പ്രപഞ്ച വ്യവസ്ഥകൾ താറുമാറാകുന്ന അവസ്ഥ വന്നുചേർന്നു. പ്രപഞ്ച വ്യവസ്ഥകളുടെ ദൈവികവും ആസൂത്രിതവും ആയ വ്യവസ്ഥിതിയെ തകിടംമറിക്കുന്ന ഒന്നായി മാറുമെന്ന അവസ്ഥ വന്നപ്പോൾ വാമനാവതാരം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായിത്തീർന്നു. മഹാബലിയുടെ ആധിപത്യത്തിലൂടെ ഈശ്വരാരാധനയും ക്രമാതിഷ്ഠിതമായി പ്രപഞ്ചവ്യവസ്ഥകളുംചേർന്ന പ്രാപഞ്ചികാവസ്ഥാവിശേഷത്തിന് ഭംഗം വരാതിരിക്കാൻ വിഷ്ണു വാമനനായി അവതരിച്ചു എന്നതാണ് വൈദിക മതം. മഹാബലിയുടെ യജ്ഞസ്ഥാനത്ത് വാമനൻ വന്ന് മൂന്നടി യാചിച്ചപ്പോൾ ദാനശീലനായ മഹാബലി അതിനു സമ്മതിച്ചു എന്നുമാത്രമല്ല മൂന്നടി മാത്രമല്ല സമസ്ത രാജ്യങ്ങളും വിട്ടുകൊടുക്കുവാൻ അദ്ദേഹം തയ്യാറാവുകയും ചെയ്തു. ദാനശീലനായ മഹാബലിയുടെ ദാനം സ്വീകരിച്ച വാമനൻ മൂന്നടി അളന്നെടുക്കാൻ തുടങ്ങി. രണ്ടടികൊണ്ട് സമസ്ത പ്രപഞ്ചവും അളന്നു കഴിഞ്ഞശേഷം വാമനനു മൂന്നാമത്തെ അടിയളക്കാൻ മഹാബലി നേടിയെടുത്ത സ്ഥലത്ത് ഇടമില്ലാതെ വന്നപ്പോൾ താൻ ദാദാവും അധിപതിയുമാണെന്ന അഭിമാനം വെടിഞ്ഞു ഭഗവാന്റെ മുന്നിൽ എളിമപ്പെട്ടു ശിരസുനമിക്കുകയാണ് മഹാബലി. ബലിയിൽ സംപ്രീതനായ ഭഗവാൻ മഹാബലിയെ സുതലത്തിലേക്ക് അയച്ചു. അതോടൊപ്പം ദേവേന്ദ്രനാകാൻ അനുഗ്രഹിച്ചുകൊണ്ട് സുതലത്ത് വസിക്കാൻ വരംകൊടുക്കുകയും ഭഗവാൻ മഹാബലിക്ക് ദൃശ്യനായി ഇരിക്കുമെന്ന് വാക്കുകൊടുക്കുകയും ചെയ്തു. കേരളത്തെക്കുറിച്ച് ഈ കഥയിൽ പരാമർശമില്ല എന്നതാണ് ഇവിടത്തെ പ്രത്യേകത. മഹാബലിയുടെ യജ്ഞം നടന്നിരുന്നത് നർമ്മദയുടെ വടക്ക് ഭാഗത്താണ് എന്ന് കരുതപ്പെടുന്നു. അതുകൊണ്ടുതന്നെ യജ്ഞസ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ കേരളക്കരയുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ഓണാഘോഷവും മഹാബലിയും തമ്മിലുള്ള ബന്ധം പൊതുവേ നിഷേധിക്കുകയാണ് വൈദിക പാരമ്പര്യത്തിൽ. ഓണവും മഹാബലിയും തമ്മിലുള്ള ബാന്ധവം കേരളത്തിൽ പ്രാദേശികമായി കാലക്രമേണ രൂപപ്പെട്ടതാകാനാണ് സാധ്യത.

ഓണാഘോഷങ്ങളുടെ ചരിത്രം പരിശോധിച്ചാൽ വ്യക്തമായ ഒരു കഥാതന്തുവിൻമേൽ ചാരിക്കൊണ്ട് അതാണ് ഓണാഘോഷത്തിന്റെ തുടക്കത്തിന് കാരണമായത് എന്നു പറയാനാവില്ല. വ്യത്യസ്ത സാംസ്കാരിക പൈതൃകങ്ങൾ കൂടിക്കലർന്നു രൂപപ്പെട്ടതും മലയാളികളുടെ സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ പരിണമിച്ചുണ്ടായതുമായ ഒന്നാണ് കേരളീയരുടെ ഓണാഘോഷം എന്നുപറയാം.

എന്താണ് ഓണാഘോഷത്തിന്റെ ഇന്നിന്റെ പ്രസക്തി എന്ന് ചിന്തിക്കുന്നത് ഏറെ അർഥവത്തായിരിക്കും. മൂന്നു സുന്ദരമായ സനാതന സങ്കല്പങ്ങൾ ഓണപ്പാട്ടുകളിൽ നിറഞ്ഞുനില്ക്കുന്നതായി കാണാം. ഒന്നാമതായി, മനുഷ്യരെല്ലാവരും സമത്വമാർന്ന ജീവിതക്രമത്തിൽ വ്യാപരിച്ചിരുന്നു. വിഭാഗീയതകളില്ലാതെ ജാതി-മത, വർണ്ണ-വർഗ്ഗ, ലിംഗ, പണ്ഡിത-പാമര, സമ്പന്ന-ദരിദ്ര വ്യത്യാസമില്ലാതെ ഒന്നായി ഏകമനസ്സോടെ എല്ലാവരും ഒരുമിച്ച് ജീവിച്ചിരുന്നു എന്നതാണ്.

രണ്ടാമതായി, ആമോദത്തോടെ എല്ലാവരും വസിച്ചിരുന്നു എന്നതാണ്. എല്ലാവർക്കും സന്തോഷവും സമാധാനവും സ്വന്തമാക്കുവാൻ കഴിഞ്ഞു. ഈ ആനന്ദത്തിന്റെയടിസ്ഥാനം സമ്പത്തോ ആസ്ഥിയോ സ്ഥാനമാനങ്ങളോ ആയിരുന്നില്ല. മറിച്ച്, അത്യാവശ്യം അതിജീവനത്തിനുവേണ്ടവയെല്ലാം സുലഭമായി ലഭ്യമായിരുന്നു. പങ്കുവയ്പ്പിലൂടെയും അധ്വാനത്തിലൂടെയും വേണ്ടതെല്ലാം ഉണ്ടാക്കിയെടുക്കുവാനും ആവശ്യാനുസരണം വിതരണം ചെയ്യപ്പെടാനും സാധിച്ചിരുന്നു. അത് നല്കിയ സമഭാവന സന്തോഷം നല്കുന്ന ചൈതന്യമായി എന്നും നിലനിന്നുപോന്നിരുന്നു.



മൂന്നാമതായി, ആർക്കുംതന്നെ ആപത്തുണ്ടാകുന്ന സാഹചര്യമില്ലായിരുന്നു എന്നതാണ്. എല്ലാവരും എല്ലാവർക്കും പരസ്പരം കാവലായിരുന്നു. ഒരാൾ മറ്റൊരാൾക്ക് പ്രയാസമുണ്ടാക്കുന്ന കുത്സിത പ്രവർത്തനങ്ങളിൽ വ്യാപരിക്കുമായിരുന്നില്ല. മറിച്ച്, പരസ്പരം സഹായിക്കാൻ സന്നദ്ധരായിരുന്നുതാനം. സുന്ദരമായ സമത്വസങ്കല്പമാണിതിനു പിന്നിൽ. ഇന്നലെ അങ്ങനെ ഒന്ന് ഉണ്ടായിരുന്നിരിക്കാം. ഓർമ്മയിൽനിന്ന് അവ പിന്നീട് പിന്നോട്ട് ചാഞ്ഞതാകാം. നാളെ അപ്രകാരം ഒരു കാലമുണ്ടാകാൻ ഇനിയും സാധ്യതയുണ്ട്. അത് ഒരു സ്വപ്നമായി മുന്നാട്ട് കുതിക്കുന്നു. കാലത്തിന്റെ ഭൂത-വർത്തമാന-ഭാവി ഘട്ടങ്ങളിലായി മനുഷ്യനെ പിടിച്ചുനിർത്തുന്ന സുന്ദര സങ്കല്പമായത് നിലകൊള്ളുന്നു. മലയാളിയെ പിടിച്ചുനിർത്തുന്ന ഈ ഓണസങ്കല്പം ഏകത്വത്തിന്റെ തത്ത്വശാസ്ത്രമാണ് പ്രദാനം ചെയ്യുന്നത്. ഏകത്വത്തെ ഉത്സവമാക്കി മാറ്റുന്നതാണ് ഓണം. ഈ ഐക്യം ആത്യന്തികമായി എല്ലാ മതങ്ങളിലും വ്യത്യസ്തമായി കാണുന്നുഎന്നതാണ് പ്രത്യേകത.

ഓണസങ്കല്പം എന്നത് ഒരർത്ഥത്തിൽ നമ്മുടെ ഹൃദയത്തിലാണ് അത് സ്ഥിതിചെയ്യുന്നത് എന്ന് പറയാം. ഓണക്കഥകളിൽ നാം കാണുന്നത് സാങ്കല്പികമായ കഥയും കഥാപാത്രങ്ങളുമാകാം. ഇത് മധുരമായ ഒരു ഭൂതകാലത്തിന്റെ ഓർമ്മയാണ്. സാധാരണഗതിയിൽ എത്ര സുന്ദരമായിരുന്നു നമ്മുടെ കുട്ടിക്കാലം, എത്ര മനോഹരമായിരുന്നു അന്നത്തെ ആകാശവും പ്രകൃതിയും എന്നു നാം പറയാറുണ്ട്. അതുപോലെ സുന്ദരമായ ഇന്നലെകളുടെ പശ്ചാത്തലത്തിലുള്ള അയവിറക്കലുകളാണ് ഓണചിന്തകൾ. ഇപ്രകാരമുള്ള മൺമറഞ്ഞ ഓർമ്മകളിലാണ് മനുഷ്യൻ ഇന്നും ജീവിക്കുന്നത്. എല്ലാവരും ഒരുപോലെയുള്ള ഒരു കാലം ഇല്ലായിരുന്നു എന്ന് അറിഞ്ഞുകൊണ്ടുതന്നെ അപ്രകാരമുള്ള ഒരു കാലത്തെ സങ്കല്പിക്കുകയും അതിൽ അഭിമാനംകൊണ്ട് നമുക്കു ജീവിക്കാനാകുകയും ചെയ്യുന്നു. നമ്മുടെ ഓർമ്മകളിൽ അങ്ങനെ ഒന്നുണ്ടായിരുന്നു എന്നതാണ് ഓണക്കഥയിലെ മഹാബലി സങ്കല്പം. അതുകൊണ്ടുതന്നെ ഇനിയും ഇപ്രകാരമൊന്നുണ്ടാകാം എന്ന പ്രതീക്ഷ മനുഷ്യനെ പ്രത്യാശയിൽ മുന്നോട്ടു നയിക്കുന്നു എന്നതാണ് ഓണാഘോഷത്തിന്റെ പ്രസക്തി.

ഓണം വരാനുള്ള സുന്ദരസ്വപ്നത്തെ നമ്മുടെ മുന്നിൽ യാഥാർത്ഥ്യവത്ക്കരിക്കുന്നു. ഈ സ്വപ്നത്തെ യാഥാർത്ഥ്യമാക്കുവാൻ കാലത്തിന്റെ കറുത്തദിനങ്ങളിൽനിന്നും പ്രപഞ്ചത്തെ വിമുക്തമാക്കണം. ഒത്തിരി പേമാരികളിൽനിന്നും നാം മോചനം നേടുകയും മഴക്കാറുകൾനിറഞ്ഞ കർക്കിടകത്തെ അതിജീവിക്കുകയും വേണം. വൈരുദ്ധ്യങ്ങളിൽ മധുരമായ ഒരു പ്രതീക്ഷ ഭാവിയിൽ എന്തൊക്കെ വേണമെന്ന ചിന്തിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. കർക്കടകംപോലെ അത് ഇരുൾ നിറഞ്ഞതാകരുത് എന്ന് നാം ആശിക്കുന്നു. വാസ്തവത്തിൽ എല്ലാംതികഞ്ഞ നാളെ എന്ന ഒന്ന് ഇവിടെയില്ല. സമ്പൽസമൃദ്ധി നിറഞ്ഞ നല്ലൊരു നാളെ മനസ്സുകളെ ഉത്തേജിതമാക്കുന്നു. ഇത് നമ്മിൽ മനോഹരമായ പ്രകൃതിയെക്കുറിച്ചുള്ള ഒരു ചിന്ത സൃഷ്ടിക്കുകയും ചെയ്യുന്നു. പ്രകൃതിയെ ഒരു പൂക്കളമായി ചിത്രീകരിക്കുന്ന തിരുപ്പിന്നിലെ ചേതാവികാരം ഇതാണ്. ഈ സങ്കല്പം പുനഃസൃഷ്ടിയിലേക്കു നമ്മെ പ്രേരിപ്പിക്കുന്നു. ഈ പുനഃസൃഷ്ടിയുടെ അടയാളമാണ് പൂക്കളം നമ്മിൽ ഉണർത്തുന്നത്. വ്യത്യസ്തമായ പൂക്കൾ ഒന്നു ചേരുമ്പോഴാണ് നമ്മുടെ മുറ്റത്തെ പൂക്കളം സുന്ദരമാകുന്നത്. വീണ്ടും വീണ്ടും നമുക്ക് അത് കണ്ടാസ്വദിക്കാനാകുന്നു. അതുകൊണ്ട്, ഭാവിയെക്കുറിച്ചുള്ള സ്വപ്നത്തിന്റെ ഒരു മൂർത്ത രൂപമാണ് പൂക്കളം എന്നു പറയാം. നമ്മുടെ ചുറ്റുമുള്ളവരുടെ സന്തോഷത്തിന് നിദാനമായത് മാറുന്നു. അതുമാത്രമല്ല ഒരു സമൂഹത്തിന്റെതന്നെ സന്തോഷമായി പരിണമിക്കുന്നു. ഭാവിതലമുറയെ സന്തോഷത്തിലേക്ക് നിരന്തരം അത് നയിക്കുന്നു. ആ സന്തോഷം അനുഭവിക്കുവാൻ സഹായിക്കുന്ന ഒന്നാണ് നാളെ വരാനിരിക്കുന്ന ഓണം എന്ന സങ്കല്പം. ഒരു ജാതിയുടെയോ മതത്തിന്റെയോ ചുറ്റുവട്ടത്തിൽ കെട്ടിയിടാനുള്ളതല്ല അത്. മറിച്ച്, എല്ലാവർക്കും ഒരുപോലെ സമത്വത്തിലും സമഭാവനയിലും സത്യത്തിന്റെ നിറവിൽ ഒന്നിച്ച് ആസ്വദിക്കാനുള്ള വിരുന്നാണ്.

ഇത് ഒരു വിളവെടുപ്പിന്റെ സ്വപ്നമാണ്. അതാകട്ടെ സമൃദ്ധിയും സ്വാദിഷ്ടതയും പകരാൻപോന്ന ചേരുവകൾ കൊയ്തെടുക്കുന്ന വിളവെടുപ്പാണ്. അതുകൊണ്ട് ഓണം പ്രതീകാത്മകമായ അർഥത്തിൽ കർക്കടകത്തെ അതിജീവിച്ചുകൊണ്ട് വസന്തത്തിന്റെ ആരാമമൊരുക്കുന്ന സുന്ദരമായ ഒരു വിളവെടുപ്പ് ഉത്സവസ്വപ്നമാണ്. ഇത് ഓരോ മനുഷ്യന്റെയും വിളവെടുപ്പായി മാറണമെങ്കിൽ അത് അവന്റെ ഉള്ളിലെ അന്ധകാരത്തെ ചവിട്ടി താഴ്ത്തണം, ഈ അന്ധകാരത്തെ ചവിട്ടി താഴ്ത്തുന്ന സത്യമാണ് വാമനജയന്തി നമ്മിൽ ഉണർത്തുന്നത്. ഇന്നലെ വിതച്ചത് ഇന്ന് പരിപാലിച്ച് നാളെ കൊയ്തെടുക്കുവാൻ പാകത്തിൽ അന്ധകാരത്തിന്റെ കളകളെ പറിച്ചുകളയണം. ഓരോ വിളവെടുപ്പും പുതിയ മുകുളങ്ങൾ വീണ്ടും വീണ്ടും ജനിപ്പിക്കുന്നു. ആണ്ടോടാണ്ട് ആഘോഷിക്കുവാൻപോന്ന രീതിയിൽ വിളവെടുപ്പ് ഉണ്ടാകുമ്പോൾ പുതു മുകുളങ്ങളായി ഓണം ഓരോ തലമുറയിലും വീണ്ടും വീണ്ടും ജനിക്കുന്നു. ●

# നമ്മുടെ ആരോഗ്യസ്ഥാപനങ്ങളും സേവനങ്ങളും

ടിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി (TSSS)
സാമൂഹ്യശുശ്രൂഷ, തിരു. ലത്തീൻ അതിരൂപത

ജനങ്ങളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും സാമൂഹിക ക്ഷേമവും വർധിപ്പിക്കുന്നതിന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് കാര്യക്ഷമമായ ആരോഗ്യക്ഷേമ കേന്ദ്രങ്ങളും പദ്ധതികളും നിവർത്തിച്ചു പൊതുജനാരോഗ്യരംഗത്തു ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഇതിനായി പൊതുജനങ്ങളുടെ ഏറ്റവും അടുത്ത് ലഭിക്കുന്ന സേവനങ്ങളാണ് പ്രൈമറി ഹെൽത്ത് സെന്റർ, ഫാമിലി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നീ ആരോഗ്യ സ്ഥാപനങ്ങൾ. കുറഞ്ഞ ചെലവിൽ മികച്ച ആരോഗ്യം നേടിയെടുക്കാൻ ഈ സെന്ററുകൾ വഴി കേരള ജനതക്ക് സാധിക്കുന്നു.

ഫാമിലി ഹെൽത്ത് സെന്ററുകൾ (Family Health Centres FHCs) കേരള സർക്കാർ ആരോഗ്യവകുപ്പിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഒരു നവീന ആരോഗ്യ സേവന രീതിയാണ്. ഇവയുടെ പ്രധാന ലക്ഷ്യം സാമൂഹികാരോഗ്യസംരക്ഷണത്തെ ശക്തിപ്പെടുത്തുന്നതിനൊപ്പം കുടുംബത്തിന്റെ മുഴുവൻ ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുകയാണ്.

## ഫാമിലി ഹെൽത്ത് സെന്ററുകൾ വഴി ലഭിക്കുന്ന പ്രധാന സേവനങ്ങൾ

**1. സൗജന്യ ചികിത്സയും മരുന്നുകളും**

> പൊതുജനങ്ങൾക്ക് സൗജന്യമായി ഡോക്ടർ സേവനങ്ങൾ:
ഒ. പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ.

> രോഗനിർണയത്തിനുള്ള ലബോറട്ടറി പരിശോധനകൾ:
സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ.

> ഫാർമസി : അനിവാര്യ മരുന്നുകളുടെ സൗജന്യ വിതരണം.

> ആംബുലൻസ് സേവനം.



**ആഴ്ചയിലെ ഓരോ ദിവസങ്ങൾ ക്രമീകരിച്ച ജനങ്ങൾക്ക് ആവശ്യമായ ക്ലിനിക്കൽ സേവനങ്ങളും ലഭിക്കുന്നു . പ്രസ്തുത സേവനങ്ങൾ ചുവടെ ചേർക്കുന്നു.**

**തിങ്കൾ | വയോജന ക്ലിനിക് (Geriatric clinic):** പ്രായമായവർക്കായി പ്രത്യേകം തയ്യാറാക്കിയ ആരോഗ്യസേവനങ്ങൾ നൽകുന്നതിനും, ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

**ചൊവ്വ | ഗർഭകാല പരിശോധന (Antenatal):** ഗർഭിണിപരിശോധനയും മാതൃത്വത്തിന്റെ നിരീക്ഷണവും കൗൺസിലിംഗും, സുരക്ഷിത സേവനം, കുട്ടികളുടെ പ്രതിരോധമരുന്നുകൾ (Immunization), പോഷകാഹാര പരിപാലനം

**ബുധൻ | പ്രതിരോധ കുത്തിവയ്പ്പ് (Immunization):** 0-5 വയസ്സുള്ള കുട്ടികൾക്കുള്ള എല്ലാ ആവശ്യമായ വാക്സിനുകളും ഗർഭിണികളുടെയും മുതിർന്നവരുടെയും വാക്സിനേഷനും ലഭ്യമാകുന്നു.

**വ്യാഴം | ആശ്വാസ് ക്ലിനിക് (ASWAAS clinic):** വേദനയും അസ്വസ്ഥതയും നിയന്ത്രിക്കു ന്നതിനുള്ള ആശ്വാസ പരിചരണം, കുടുംബവും രോഗിയും നേരിടുന്ന മാനസിക ബുദ്ധിമുട്ടുകൾക്ക് അനുഭാവിക പരിചരണം, കൗൺസിലിംഗ് സേവനങ്ങൾ, അത്യാവശ്യ ചികിത്സയും പിന്തുണയും; കാൻസർ രോഗികൾ, അവസാനഘട്ടം കിഡ്നി/ഹൃദയ/ബാധിതർ, അൽസൈമേഴ്സ് പോലുള്ള ഡിമൻഷ്യ രോഗികൾ, കിടക്കയിലായ ആളുകൾ തുടങ്ങിയ രോഗികൾക്ക് തുടർച്ചയായ പിന്തുണയും രോഗിയുടെ അന്തിമ നിമിഷങ്ങളിൽവരെ നിത്യപരിചരണവും ലഭ്യമാകുന്നു.

**വെള്ളി | ശ്വാസ്, ക്യാൻസർ SWAAS (സ്മോക്ക്ലെസ് കേരള, ആസ്ത്മ, ആൻഡ് എയർവേ സപ്പോർട്ട് ക്ലിനിക്കുകൾ):** ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ് (COPD)യും ആസ്ത്മയും തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. ശ്വസന അവസ്ഥകൾക്ക് സ്ക്രീനിംഗ്, രോഗനിർണയം, ചികിത്സ, പുനരധിവാസം എന്നിവ നൽകുന്നു. സ്പൈറോമെട്രി, മാർഗ്ഗനിർദ്ദേശാധിഷ്ഠിത ചികിത്സ, പൾമണറി റീഹാബിലിറ്റേഷൻ, പുകവലി നിർത്തൽ പിന്തുണ എന്നിവയാണ് ശ്വാസ് ക്ലിനിക് വഴി ലഭിക്കുന്നത്.

കാൻസറുകളുടെ പ്രാരംഭഘട്ടത്തിലുള്ള കണ്ടെത്തലിനും, സ്ക്രീനിംഗ് പ്രോഗ്രാ മുകളിലൂടെ റീജിയണൽ കാൻസർ സെന്ററിലോ (RCC) മറ്റ് ആശുപത്രികളിലോ പ്രത്യേക പരിചരണത്തിലേക്ക് റഫർ ചെയ്യുന്നു.

**ശനി | കൗമാരആരോഗ്യ ക്ലിനിക് (Adolescent Health Clinic) :** കൗമാര പ്രായം മുതൽ പ്രായപൂർത്തി യാകുന്നത് വരെയുള്ളവരുടെ സവിശേഷമായ ആരോഗ്യസംരക്ഷണ ആവശ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഒരു മെഡിക്കൽ സ്പെഷ്യാലിറ്റിയാണ് അഡോളസെന്റ് മെഡിസിൻ എന്നും അറിയപ്പെടുന്നു. അഡോളസെന്റ് ക്ലിനിക്; ശാരീരികവും മാനസികവുമായ ആരോഗ്യ സംരക്ഷണം, പ്രത്യുൽപാദന ആരോഗ്യം, സാമൂഹികവും വൈകാരികവുമായ വികസനത്തെ ക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം എന്നിവയുൾപ്പെടെ നിരവധി സേവനങ്ങൾ ഈ ക്ലിനിക്കുകൾ നൽകുന്നു.

**തിങ്കൾ- ശനി |** ഹൈപ്പർടെൻഷൻ, ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയ രോഗങ്ങൾക്കായുള്ള നിരീക്ഷണവും ചികിത്സയും. ആരോഗ്യ ബോധവത്കരണ പരിപാടികൾ.

കാഴ്ചപരിശോധന (ആഴ്ചയിൽ ഒരു ദിവസം), ക്ഷയരോഗ നിർണ്ണയവും ചികിത്സയും, സ്കൂൾ ആരോഗ്യ പദ്ധതി, മലമ്പനി രോഗ നിർണ്ണയം, കുഷ്ഠരോഗ നിർണയം റെഫെറൽ സംവിധാനം, പകർച്ച വ്യാധികളും നിയന്ത്രണവും, വ്യായാമ സൗകര്യങ്ങൾ എന്നീ സേവനങ്ങളും ഹെൽത്ത് സെന്ററുകൾ വഴി ലഭിക്കുന്നു. ഇതിനും പുറമെ ഹെൽത്ത് സെന്ററുകൾ വഴി പൊതുജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസവും അവബോധം നൽകി ആരോഗ്യപരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുകയും രോഗങ്ങൾ പ്രതിരോധിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും കുടുംബനിയന്ത്രണ കൗസിലിംഗ് നൽകുകയും ചെയ്യുന്നു.



## കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വഴി പൊതുജനങ്ങൾക്ക് ലഭിക്കു സേവനങ്ങൾ:

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർ പരിശോധിക്കുന്ന സമയം രാവിലെ 9 മുതൽ 6 മണിവരെയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കിടത്തി ചികിത്സ, കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി സേവനങ്ങൾ, ലബോറട്ടറി സൗകര്യങ്ങളും ലഭിക്കുന്നു.

## ലഭിക്കുന്ന മറ്റു സേവനങ്ങൾ

> ഗർഭിണികളുടെ പരിശോധ (എല്ലാ ചൊവ്വാഴ്ചയും)

> രോഗപ്രതിരോധ കുത്തിവയ്പ്പുകൾ (എല്ലാ ബുധനാഴ്ചയും)

> കൗമാര ക്ലിനിക് (രണ്ടാം ശനി ഒഴികെയുള്ള എല്ലാ ശനിയാഴ്ചകളിലും)

> കാഴ്ച പരിശോധന (തിങ്കൾ, ബുധൻ, വെള്ളി)

> ക്യാൻസർ രോഗനിർണ്ണയ പരിശോധന (എല്ലാ വെള്ളിയാഴ്ചയും)

> മാനസികാരോഗ്യ ചികിത്സാ (എല്ലാ മാസവും ആദ്യ വെള്ളിയാഴ്ച)

> ഇതിനുള്ള മരുന്ന് വിതരണം (എല്ലാ വ്യാഴാഴ്ചയും)

> ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ

> സാന്ത്വന പരിചരണം

> പകർച്ച വ്യാധി നിയന്ത്രണ പരിപാടികൾ

> ജീവിത ശൈലീ രോഗനിർണയവും ചികിത്സയും

> മെഡിക്കൽ കൗസിലിംഗ്, എച്ച്.ഐ .വി. പരിശോധന

> ക്ഷയരോഗനിർണ്ണയവും ചികിത്സയും

തുടരും...



സൈമൺ ജോസഫ്

# ന്യൂ സീ ലാൻഡ് : അസ്വസ്ഥതകളുടെ ആവിഷ്കാരം

ഇംഗ്ലീഷ് സാഹിത്യ ലോകത്ത് കടൽ ഒരു അപ്രമാദ സാന്നിധ്യവും സ്വാധീനവുമാണ്. എന്നാൽ, കടൽ പശ്ചാത്തലത്തിൽനിന്നും ഇംഗ്ലീഷ് സാഹിത്യ ലോകത്തേക്ക് ഉയർന്നുവന്ന മലയാളികൾ അത്യപൂർവ്വമാണ്. അതുകൊണ്ടുതന്നെ, ഗ്ലേവിയസ് റ്റി. അലക്സാണ്ടർ തന്റെ രണ്ടാമത്തെ ഇംഗ്ലീഷ് കവിതാ സമാഹാരം പ്രസിദ്ധീകരിക്കുമ്പോൾ,അത് അത്ഭുതവും ആകാംക്ഷയും വർദ്ധിപ്പിക്കുന്നു. പരമ്പരാഗത മത്സ്യഗ്രാമമായ പുതിയതുറയിൽ ഒരു മത്സ്യത്തൊഴിലാളിയുടെ മകനായി ജനിച്ച് പൊതു വിദ്യാഭ്യാസ രീതികളും സംസ്കാരവുംമാത്രം ഉൾക്കൊണ്ടു വളർന്ന വ്യക്തി തന്റെ ന്യൂ സീ ലാൻഡ് എന്ന ഇംഗ്ലീഷ് കവിതാ സമാഹാരത്തിലൂടെ ഇംഗ്ലീഷ് ഭാഷയെ അനായാസതയോടെയും ആശയ ഗാംഭീര്യത്തോടെയും അമൂല്യവും അസാധാരണവുമായ പദപ്രയോഗങ്ങൾ കൊണ്ടും അലങ്കരിച്ചിരിക്കുന്നു. സൂക്ഷ്മതയോടെയുള്ള പദവിന്യാസങ്ങളും ആശയങ്ങളുടെ പ്രവാഹവും ഒളിഞ്ഞിരിക്കുന്ന ചിന്തകളും അനുവാചകരെ അമ്പരപ്പിക്കുന്നതാണ്.




കവിയുടെ കടൽ പശ്ചാത്തലത്തിൽ തളച്ചിടപ്പെടേണ്ടതല്ല ഈ കവിതാസമാഹാരത്തിന്റെ അന്തസത്ത. കടലിന്റെ ജൈവിക പരിസരം കവിതകളിൽ അനുഭവിക്കാൻ കഴിയുന്ന സ്വാഭാവികതയായി കാണുകയാണ് അഭികാമ്യം. My Father's Catamaran എന്ന കവിതയിൽ പരാമർശിച്ച കാണുന്ന കട്ടമരം, തൊളവ, കടിയ, കച്ചാല്, ഉമല് മുതലായ പദപ്രയോഗങ്ങളെ ഇതര ജനവിഭാഗങ്ങളിലും ഇംഗ്ലീഷ് ഭാഷയിലും പുനപ്രതിഷ്ഠിക്കുകയാകാം എഴുത്തുകാരന്റെ പ്രഥമ ലക്ഷ്യം എന്ന് തെറ്റിദ്ധരിപ്പിക്കപ്പെടാൻ സാധ്യതയുണ്ട്. കവിയും കവിതയും, കടലുമായി ബന്ധപ്പെട്ട ബിംബങ്ങളിലൂടെമാത്രം അടയാളപ്പെടുത്തേണ്ട ഒന്നല്ല എന്ന് കവിതയുടെ ആഴത്തിലുള്ള വായനയിലൂടെയും എഴുത്തുകാരനെ അടുത്തറിയുന്നതിലൂടെയും ഉറപ്പിക്കാൻ ആകും.

ന്യൂ സീ ലാൻഡിലൂടെ യാത്ര ചെയ്യുമ്പോൾ കാഴ്ചകളുടേയും അനുഭവങ്ങളുടെയും വർത്തമാന കാല വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങ

ളും വിഹ്വലതകളും ഒരു കലഡെസ്കോപ്പിന് സമാനമായ ദൃശ്യാനുഭവം സമ്മാനിക്കുന്നു. കുടുംബബന്ധങ്ങൾ, രക്ഷാകർതൃത്വം, വൈവാഹിക ബന്ധം, പരിസ്ഥിതി, സ്ത്രീ, വാർദ്ധക്യം, രാജ്യാന്തര സൗഹൃദം, പൊതുമനസാക്ഷി, ദളിത് രാഷ്ട്രീയം , യുദ്ധം, തത്വചിന്ത മുതലായ നിരവധി ആശയങ്ങൾ ഇക്കവിതകളിൽ ചർച്ചാവിഷയമാണ്. ഇത്തരം പൊതുസാഹചര്യങ്ങൾ സൃഷ്ടിച്ച അനിശ്ചിതത്വങ്ങൾക്ക് നടുവിൽ എഴുത്തുകാരൻ നേരിടുന്ന ആന്തരിക സംഘർഷങ്ങളാണ് ഇതിലെ പ്രധാന ഇതിവൃത്തം എന്ന് കാണാം. ഈ ആന്തരിക സംഘർഷം സൃഷ്ടിച്ച ആകുലതകളിൽ നിന്നുകൊണ്ട് നമ്മുടെ സാമൂഹ്യ ജീവിതത്തെയും ജനാധിപത്യ വ്യവഹാരങ്ങളെയും സമഗ്രമായ അവലോകനത്തിനും വിശകലനത്തിനുമായി കവി തുറന്നുവയ്ക്കുന്നു.

ആമുഖത്തിൽ എഴുതുന്നു; 'I write because I am disturbed.' ഒരു ആയുസ്സിൽ ഏറ്റെടുക്കേണ്ടിവരുന്ന സാമൂഹികവും വ്യക്തിപരവുമായ ഉത്തരവാദിത്വങ്ങൾ നിറവേറ്റുമ്പോൾ കവിക്കുണ്ടാകുന്ന ആന്തരികവും ബാഹ്യവുമായ അലോസരങ്ങളോടുള്ള സ്വാഭാവിക പ്രതികരണമാണ് അയാളുടെ കവിത. മനുഷ്യജീവൻ നേരിടുന്ന വെല്ലുവിളികൾ, പണവും അധികാരവും കൈകോർക്കുമ്പോൾ ജനാധിപത്യം നേരിടുന്ന ഭീഷണികൾ, പാരിസ്ഥിതിക ഭീഷണികൾ, ഭരണവർഗവും മുതലാളിത്തവും ചേർന്നുള്ള അവിശുദ്ധ കൂട്ടുകെട്ട്, സ്വന്തം കരുത്തിനെക്കുറിച്ചുള്ള പൊതുജനത്തിന്റെ തിരിച്ചറിവില്ലായ്മ, അതുളവാക്കുന്ന മൂല്യച്യുതി, ഒന്നിനോടും പ്രതികരിക്കാതിരിക്കുക എന്നതാണ് സാമാന്യ ബുദ്ധി എന്ന പൊതുബോധം ഇതെല്ലാം അലോസരത്തിന് ഹേതുവാകുന്നു.

My Father's Catamaran എന്ന ആദ്യ കവിതയിൽ, അച്ഛനും മകനും, അച്ഛനും കട്ടമരവും, അച്ഛനും കടലും തമ്മിലുള്ള പരിശുദ്ധ ബന്ധത്തെ തീവ്രമായി അടയാളപ്പെടുത്തുന്നു. തദ്ദേശീയ ജനതയും പരിസ്ഥിതിയും തമ്മിലുള്ള ജൈവിക ബന്ധത്തിന്റെയും കടപ്പാടിന്റെയും കവിതകൂടിയാണ് ഇത്. കടൽമാത്രമല്ല, സൃഷ്ടപ്രപഞ്ചം മുഴുവൻ പുതുതലമുറയുടെ തൂലികയിൽ മഷിയായി പകർന്നു നൽകുന്ന കടലോളം ജലനിബിഡമായി വളരുന്ന അച്ഛനെ/പഴയ തലമുറയെ വാത്സല്യത്തോടെ വരച്ചുവയ്ക്കുകയാണ് കവി. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, നനഞ്ഞ മണ്ണുകൊണ്ട് നെറ്റിയിൽ കുരിശു വരച്ച്, ഉപ്പുവെള്ളം വായയിൽ കൊണ്ട് മീൻപിടിക്കാൻ ഇറങ്ങുന്ന അച്ഛന്റെ യാത്രകൾ തീർത്ഥാടനങ്ങളെന്നും, ദിവസവും അച്ഛൻ മാമോദീസ മുങ്ങുന്ന സ്നാനത്തൊട്ടിലാണ് കടലെന്നും, പവിത്രമായ ആ കുദാശ പരികർമ്മം ചെയ്യുന്ന ചെരുബുകളാണ് തിരമാലകളെന്നും വായിക്കുമ്പോൾ, ഇഴയപിരിയാത്ത മനുഷ്യ പ്രകൃതി ബന്ധത്തിന്റെയും അതിനെ ദൃഢമൂലമാക്കുന്ന ആത്മീയതയെയും അകം പൊള്ളുന്ന തരത്തിൽ അവതരിപ്പിക്കപ്പെടുകയാണ്.

Old Age Home എന്ന കവിതയിൽ വിസ്മൃതിയിലാകുന്ന വാർദ്ധക്യത്തിന്റെ വേദനയും നിസ്സഹായതയും ദൈന്യതയും കാച്ചിക്കുറുക്കി അവതരിപ്പിക്കുന്നു. ജീവിത സായാഹ്നത്തിൽ വിജനമായ അഴിമുഖത്ത് അവസാന യാത്രയ്ക്കായി ഊഴം കാത്തിരിക്കുന്ന വൃദ്ധന്റെ ചിത്രം നൊമ്പരത്തിന്റെ നിരവധി വാങ്മയചിത്രങ്ങൾ വായനക്കാരന്റെ മനസ്സിൽ വരച്ചു ചേർക്കുന്നു. The Assassinators എന്ന കവിത ക്ളോസ് റേഞ്ചിൽ വെടിയുതിർക്കുന്ന രക്തബന്ധങ്ങളെക്കുറിച്ചാണ്. തിരസ്കരണം കൊലപാതകമാണ്. വണ്ടിക്കാള കണക്കെ ജീവിതകാലം മുഴുവൻ കുടുംബത്തിനുവേണ്ടി അധ്വാനിച്ച് ജീവിതാവസാനം തളർന്നുവീണ ജനറൽ ആശുപത്രിയിൽ അനാഥരോഗികൾക്കായുള്ള ഒൻപതാം വാർഡിൽ പ്രവേശിപ്പിച്ച വിവരം അറിഞ്ഞ ഏകമകളുടെ 'അയാൾ എത്തേണ്ടിടത്തുതന്നെ എത്തി' എന്ന പ്രതികരണം അച്ഛനെ സംബന്ധിച്ചിടത്തോളം മാരകമായ മുറിവായി മാറുന്നു.

Hymns for the little worriors of Peshwar എന്ന കവിത, പാക്കിസ്ഥാനിലെ പെഷവാറിലെ സ്കൂൾ വിദ്യാർത്ഥികളെ വെടിവച്ചു വീഴ്ത്തിയ ഭീകരപ്രവൃത്തിയെ അനുസ്മരിച്ച് എഴുതിയ മനോഹരമായ ഒരു വിലാപകാവ്യമാണ്. ആത്മരോഷം പതഞ്ഞൊഴുകിയാണ് കവിത അവസാനിക്കുന്നത്. സ്വതന്ത്ര ചിന്തകർ, സ്വതന്ത്ര ജന്മങ്ങൾ എന്ന് അവകാശപ്പെടുമ്പോഴും വൈവിധ്യവും വിവിധങ്ങളുമായ കാണാച്ചരടുകളാൽ ബന്ധനസ്ഥരാണ് മനുഷ്യരെന്ന ഓർമ്മപ്പെടുത്തലാണ് Netizens. സ്ത്രീയെ ദേവതയെന്ന് വിശേഷിപ്പിക്കുകയും ദേവക്ഷേത്രങ്ങളിൽ അവൾക്ക് പ്രവേശനം നിഷേധിക്കുകയും ചെയ്യുന്ന ആണധികാര കാപട്യത്തെ ചോദ്യം ചെയ്യുന്നതാണ് River and Women Metaphors എന്ന കവിത.

On a usual road rage എന്ന കവിത ലാളിത്യവും സ്വാഭാവികതയും സാർവ്വലൗകിക ഭാവങ്ങളാലും സമൃദ്ധമാണ്. Some Rare Oil paintings എന്ന കവിത ആത്മാംശമുള്ളതും ഹൃദയസ്പർശിയുമാണ്. കവി മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽകണ്ട കാഴ്ചകൾ, അനുഭവങ്ങൾ, മണ്ണെണ്ണയുടെ ഗന്ധം എല്ലാം ഇന്നും പൂർണ്ണ തേജസ്സോടെ കവിമനസ്സിന്റെ ക്യാൻവാസിൽ ഒളിമങ്ങാതെ നിൽക്കുന്നു. തിരുഹൃദയ പടത്തിനുമുന്നിലെ കെടാവിളക്കും, മണ്ണെണ്ണവിളക്കിനു മുന്നിൽ കുടുംബം മുഴുവൻ പ്രാർത്ഥിക്കാൻ ഒരുമിച്ചു കൂടുന്നതും, വിളക്കിനു ചുറ്റും അഗ്നിക്കാവടിയാടി ആത്മഹുതി നടത്തി ചത്തുചിതറിയ പ്രാണികളും, വായനയും അക്ഷര ഗാത്രം പ്രാപിച്ച ആദ്യ പ്രണയത്തിനും മണ്ണെണ്ണയുടെ ഗന്ധം ഉണ്ടായിരുന്നു എന്ന് കവി ഓർക്കുന്നു. അമ്മയുടെ ഏഴു പ്രസവങ്ങൾക്കും വയറ്റാട്ടി വെള്ളച്ചിക്കു സഹായിയായിരുന്ന അച്ഛൻ, നീര് വന്ന് വീർത്ത കാലുകൾ നീട്ടി വെച്ച് വേദന ആറ്റിയാറ്റി കിടിക്കുന്ന മുത്തശ്ശിയുടെ മഞ്ഞ് രൂപം, വസൂരി അനാധമാക്കിയ ഹതഭാഗ്യരുടെ അരികിൽ മരുന്നുമായി സധൈര്യം കടന്നുചെന്ന വൈദ്യനായ മുത്തച്ഛൻ,, വറുതിയുടെ നാളുകളിൽ ഏഴു സഹോദരങ്ങൾക്കു മുൻപിൽ ഏലിയായ്ക്ക് അപ്പം കൊണ്ടുവന്ന കാക്കയെപോലെ ഭക്ഷണവുമായി എത്തിയ പരിക്ഷീണയായിരുന്ന മൂക്കുത്തി ആന്റി... ഒക്കെയും മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ കവിയുടെ ഹൃദയത്തിൽ പതിഞ്ഞ കാലപ്പഴക്കത്തിനും മായ്ക്കാൻ കഴിയാത്ത അപൂർവ്വ ചിത്രങ്ങളാണ്.

മനസ്സിലെ ക്യാൻവാസിൽ പതിയുന്ന ചിത്രങ്ങളുടെ ആയുസ്സ് നിശ്ചയിക്കുന്നത് അവയുടെ വശ്യതയല്ല, തീവ്രബന്ധങ്ങളാണ് എന്ന് കവി സ്ഥാപിക്കുന്നു. ഓരോ കവിതകൾക്കും കടലാഴമുണ്ട്. മുങ്ങിത്തപ്പിയാൽ വെറുംകയ്യോടെ മടങ്ങേണ്ടി വരില്ല. അത്രയ്ക്ക് സമൃദ്ധമാണ് ആശയങ്ങളുടെ കുത്തൊഴുക്ക്. അവ ചിലപ്പോൾ സംവിധാനങ്ങളോടുള്ള കലഹമായി പരിണമിക്കുന്നു, കവി തന്നിലേക്കും തന്റെ കാലത്തിലേക്കും തിരിച്ചുവച്ച കണ്ണാടിയിലെ പ്രതിബിംബങ്ങളായി അവ മാറുന്നു, മറ്റു ചിലപ്പോൾ ജീവിതാനുഭവങ്ങൾ സമ്മാനിച്ച താത്വിക കണ്ടെത്തലുകളായി രൂപാന്തരപ്പെടുന്നു. അധിക വായനയും അപഗ്രഥനവും ആവശ്യംവേണ്ട കവിതകളാണ് എല്ലാം.

●

# വചന ജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

2025 ഒക്ടോബർ മാസത്തെ ഉപയോഗത്തിനായി അതിരൂപത ബിസിസി കമ്മിഷൻ തയ്യാറാക്കിയത്



## "ജൂബിലി: ഏറ്റവും മനോഹരമായ അവസരമാണ്"

1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം, സ്വാഗതം

2. ആമുഖം

നമ്മുടെ സ്വന്തം കേരളത്തിൽ ഒക്ടോബർ മാസം തെളിഞ്ഞ കാലാവസ്ഥയാണ് പൊതുവിൽ നമുക്ക് അനുഭവപ്പെടുന്നത്. പകൽസമയത്ത് ചൂട് കുറയുകയും വൈകുന്നേരങ്ങളിൽ തണുപ്പ് അനുഭവപ്പെടുകയും ചെയ്യുന്ന കാലാവസ്ഥ. പ്രകൃതി പുഞ്ചിരി തൂകിക്കൊണ്ട് നിൽക്കുന്ന ഒരു അനുഭവം. ഈ സന്തോഷകരമായ അനുഭവത്തെ കൂടുതൽ മധുരമുള്ളതാക്കുന്ന കുറെ പ്രത്യേകതകൾ കത്തോലിക്കാ വിശ്വാസികൾ എന്ന രീതിയിൽ ഒക്ടോബർ മാസത്തിൽ നമുക്കുണ്ട്. ഒന്നാമതായി, 2024 ഡിസംബർ 24-ാം തീയതി ഭാഗ്യ സ്മരണാർഹനായ ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ച ജൂബിലിയുടെ നിറവിൽ തന്നെയാണ് നാം. ഈ ജൂബിലി വർഷത്തിൽ നമ്മുടെ വ്യക്തി ജീവിതത്തിലും കൂട്ടായ്മ ജീവിതത്തിലും ഒരു ആത്മീയ നവീകരണം നടക്കണം എന്നതാണ് അതിരൂപതയുടെ സ്വപ്നവും പ്രാർത്ഥനയും. അത് സാക്ഷാത്കരിക്കുവാൻ എങ്ങനെ കഴിയും എന്ന ചിന്തയിലും അത് നടപ്പിലാക്കുന്ന പ്രക്രിയയിലും ആണ് നാം.

രണ്ടാമതായി, ജൂബിലി ആഘോഷങ്ങളുടെ മാറ്റ് കൂട്ടുന്ന മറ്റൊരു കാര്യം കൊച്ചുത്രേസ്യ പുണ്യവതി വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടതിന്റെ നൂറാം വാർഷികം എന്നതാണ്. നമ്മുടെ അതിരൂപതയുടെ മധ്യസ്ഥ കൂടിയായ ചെറുപുഷ്പത്തിന്റെ തിരുനാൾ ദിനം ഒക്ടോബർ ഒന്നാം തീയതി ആണല്ലോ. നാം അതിരൂപത ദിനമായും ആ ദിവസം ആഘോഷിക്കുന്നു. ജൂബിലി നിറവിലെ ഈ അതിരൂപത ദിനം സവിശേഷമായ ഒന്ന് തന്നെയാണ്. മൂന്നാമതായി, ഒക്ടോബർ ഏഴാം തീയതി ജപമാല രാജ്ഞിയായ പരിശുദ്ധ അമ്മയുടെ തിരുനാളാണ്. അതിനാൽ തന്നെ അമ്മയുടെ കരംപിടിച്ച് ഈശോയിലേക്ക് കൂടുതൽ അടുക്കുന്ന പുണ്യ മാസമായി ഒക്ടോബർ മാസം മാറുന്നു. നമ്മുടെ പല ഇടവകകളിലും യുവജനങ്ങളുടെ നേതൃത്വത്തിൽ 100 ദിവസം നീണ്ടുനിൽക്കുന്ന ജപമാല യജ്ഞം നടന്നു വരുന്നു എന്നത് ഏറെ സന്തോഷം നൽകുന്ന കാര്യമാണ്. നമുക്ക് ജപമാല കരങ്ങളിൽ/ജീവിതത്തിൽ മുറുകെ പിടിക്കാം. ജൂബിലിയുടെ സന്തോഷം ആത്മാർത്ഥമായി ആഘോഷിക്കുവാൻ ജപമാല ഭക്തി നമ്മെ കൂടുതലായി ഒരുക്കട്ടെ. നാലാമതായി, നമുക്ക് സുപരിചിതരായ/നമുക്ക് ഇഷ്ടമുള്ള അനേകം വിശുദ്ധരുടെ ഓർമ്മ ആഘോഷിക്കപ്പെടുന്ന മാസം കൂടിയാണ് ഒക്ടോബർ. വിശുദ്ധ കൊച്ചുത്രേസ്യ, കാവൽ മാലാഖമാർ, വിശുദ്ധ ഫ്രാൻസിസ് അസീസി, പുഞ്ചിരിക്കുന്ന പാപ്പ എന്നറിയപ്പെടുന്ന വിശുദ്ധ ജോൺ 23-ാമൻ, ആവിലായിലെ അമ്മ ത്രേസ്യ, ഈശോയുടെ തിരുഹൃദയത്തിന്റെ ദർശനം ലഭിച്ച വിശുദ്ധ മാർഗരറ്റ് മരിയ അലക്കോക്ക്, സുവിശേഷകനായ വിശുദ്ധ ലൂക്കാ, അന്ത്യോക്യായിലെ വിശുദ്ധ ഇഗ്നേഷ്യസ്, നമുക്ക് ഏറ്റവും പ്രിയപ്പെട്ട വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ, അപ്പോസ്തലന്മാരായ ശിമയോനും യൂദായും - ഈ വിശുദ്ധരുടെ തിരുനാൾ ദിനങ്ങൾ ഒക്ടോബർ മാസത്തെ കൂടുതൽ ധന്യമാക്കുന്നു. ഈ സവിശേഷതകൾ നമ്മെ കൂടുതൽ വിശുദ്ധീകരിക്കട്ടെ. ഒരു സ്നേഹക്കൂട്ടായ്മയായി നമ്മളെ വളർത്തട്ടെ.

3. യേശുവിനെ ക്ഷണിക്കൽ

4. ദൈവവചന പാരായണം
**ലേവ്യർ 25:8-22**

5. വചനഭാഗം പങ്കുവയ്ക്കൽ

6. നിശബ്ദധ്യാനം

7. വചനാനുഭവം പങ്കുവയ്ക്കൽ

8. വചനവിചിന്തനം

ജൂബിലി വർഷത്തിന്റെ നിറവിൽ ആണല്ലോ നാം എല്ലാവരും. ജൂബിലിയുടെ സവിശേഷതകളെ കുറിച്ച് ഇത്രത്തോളം വ്യക്തമായി സംസാരിക്കുന്ന വചനഭാഗം വിശുദ്ധ ഗ്രന്ഥത്തിൽ നാം വേറെ കാണില്ല. ജൂബിലി എന്ന ഇംഗ്ലീഷ് വാക്ക് വന്നിരിക്കുന്നത് ലത്തീൻ പദമായ 'ഇയോബലിയസ്'ൽ നിന്നാണ്. ഈ പദം ഉരുത്തിരിഞ്ഞിരിക്കുന്നത് 'യോബൽ' എന്ന ഹിബ്രു പദത്തിൽ നിന്നാണ്. ഈ പദത്തിന് കാഹളം മുഴക്കൽ എന്നാണ് അർത്ഥം. ആട്ടിൻ കൊറ്റന്റെ കൊമ്പിൽനിന്ന് നിർമ്മിച്ച ഒരു ഉപകരണം മുഴക്കിക്കൊണ്ട് ജൂബിലി വർഷം പ്രഖ്യാപിക്കുന്നതാണ് യഹൂദ പാരമ്പര്യം. 49 വർഷങ്ങൾ കഴിയുമ്പോൾ അൻപതാം വർഷത്തിന്റെ മുന്നോടിയായിട്ടാണ് ഈ കാഹളം മുഴക്കുന്നത്. പാപപരിഹാരദിനത്തിൽ ദേശത്ത് എല്ലായിടത്തും ഈ കാഹളം മുഴക്കുകയും അങ്ങനെ ജൂബിലി വർഷത്തിന്റെ വരവ് അറിയിക്കുകയും ചെയ്യുന്നു.

ജൂബിലി വർഷത്തിലെ ചില പ്രത്യേകതകൾ:

a. സ്വാതന്ത്ര്യം: അടിമകളായി കഴിയുന്നവരെ മോചിപ്പിക്കുകയും അവരുടെ ജീവിതം വീണ്ടും തുടങ്ങുവാൻ സഹായിക്കുകയും ചെയ്യുന്നു.

b. ഭൂമി തിരികെ കൊടുക്കുന്നു: ഓരോ വ്യക്തിക്കും കുടുംബത്തിനും നഷ്ടപ്പെട്ട തങ്ങളുടെ പൂർവിക സ്വത്തുക്കൾ/അവരുടെതന്നെ ഭൂമി തിരിച്ച് കൊടുക്കുന്നതിനുള്ള അവസരം ഒരുക്കപ്പെടുന്നു.

c. ഭൂമിക്ക് വിശ്രമം: മനുഷ്യർക്ക് വീണ്ടും തുടങ്ങാനും പുനർജീവനത്തിനുമുള്ള സമയം എന്നപോലെ, ഭൂമിക്കും പുനർജീവനത്തിനുള്ള അവസരം ഒരുക്കുന്നു.

d. പാപമോചനം: ദൈവകാരുണ്യം സ്വീകരിച്ച്, പാപങ്ങൾ മോചിപ്പി

ക്കപ്പെട്ട്, പരിഹാരം ചെയ്ത്, ഒരു പുതിയ തുടക്കത്തിനായി ശ്രമിക്കുന്ന സമയം.

e. ജൂബിലിയുടെ ദൈവശാസ്ത്രം: (I) ദൈവമാണ് ഓരോ മനുഷ്യന്റെയും യജമാനൻ. ദൈവത്തിനാണ് മനുഷ്യരുടെമേൽ ഉടമസ്ഥാവകാശം ഉള്ളത്. അതിനാൽ ഒരു മനുഷ്യനും മറ്റൊരു മനുഷ്യനെ അടിമയാക്കാൻ ആവില്ല. അങ്ങനെ സംഭവിച്ചുപോയിട്ടുണ്ടെങ്കിൽ അതിനെയെല്ലാം ശരിയാക്കേണ്ട വർഷമായി മാറ്റുന്ന ജൂബിലി വർഷം. (II) ഭൂമിയുടെയും യഥാർത്ഥ ഉടമസ്ഥൻ ദൈവം തന്നെ. സൃഷ്ടി പ്രപഞ്ചത്തെ മനുഷ്യന്റെ കൈകളിൽ ദൈവം ഭരമേൽപ്പിച്ചത് അതിനെ പരിപാലിക്കാൻ ആണ്. കാര്യസ്ഥത ഒരിക്കലും ഉടമസ്ഥാവകാശം ആയി കരുതരുത്. അതിനാൽതന്നെ എന്നെന്നേക്കുമായി ഭൂമി വിൽക്കുവാൻ/ സ്വന്തമാക്കുവാൻ സാധിക്കുകയില്ല എന്ന ചിന്ത ജൂബിലി വർഷത്തെ ധന്യമാക്കുന്നു.

എല്ലാം ദൈവത്തിൽ പുനസ്ഥാപിക്കുന്ന/പുനക്രമീകരിക്കുന്നതാണ് ജൂബിലി വർഷം. യേശു വാഗ്ദാനം ചെയ്തു വീണ്ടെടുപ്പും ദൈവരാജ്യവും ജൂബിലിക്ക് സമാനമായ പ്രത്യാശയാണ് പകരുന്നത്. 2025 ജൂബിലി വർഷമായി നാം ആഘോഷിക്കുമ്പോൾ നമുക്കും ഇത് ഒരു തിരിച്ചുവരവിന് അവസരമാകട്ടെ. നമ്മുടെ യഥാർത്ഥ ഉടമസ്ഥനായ ദൈവത്തിലേക്കുള്ള നമ്മുടെ തിരിച്ചു വരവ്. അനുരഞ്ജനത്തിലൂടെ ഈ തിരിച്ചു വരവ് നമുക്ക് സാധ്യമാക്കാം.

(വിചിന്തനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ചർച്ച ചെയ്യാം)

**1. നമ്മുടെ ഓരോ കുടുംബങ്ങളിലും ജൂബിലി എങ്ങനെ അർത്ഥവത്തായി ആഘോഷിക്കാം?**

**2. നമ്മുടെ ഇടവക കുടുംബത്തിൽ ജൂബിലി ആഘോഷത്തിലൂടെ നടപ്പിലാക്കാൻ പറ്റുന്ന നവീകരണ പ്രവർത്തനങ്ങൾ / പദ്ധതികൾ ഏതൊക്കെ?**

9.ദൗത്യമേറ്റെടുക്കൽ
10. സ്വയം പ്രേരിതപ്രാർഥന
11. കർത്തൃപ്രാർഥന
12. സമാപനപ്രാർഥന

### രണ്ടാം ഭാഗം

1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)
2. വരവ് ചെലവ് കണക്ക് അവതരണം;
3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം (യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)
4. ചർച്ചയും പങ്കുവയ്ക്കലും;
5. ഹാജർ
6. രഹസ്യപ്പിരിവ്
7. അറിയിപ്പുകൾ
8. നന്ദി
9. സമാപനഗീതം ●



# വാർത്തകൾ

അതിരൂപത, ഫൊറോന, ഇടവക, സഭാവാർത്തകൾക്കായി
ന്യൂസ് പോർട്ടൽ സന്ദർശിക്കുക
www.archtvmnews.com

## മരിയൻ എൻജിനീയറിങ് കോളേജിൽ 2025 ബിടെക് ബാച്ച് ഉദ്ഘാടനം ചെയ്തു



കഴക്കൂട്ടം: കഴക്കൂട്ടം മരിയൻ എൻജിനീയറിങ് കോളേജിലെ പുതിയ ബിടെക് ബാച്ചിന്റെ പ്രവേശന ഉദ്ഘാടനം തിരുവനന്തപുരം കളക്ടർ അനു കുമാരി നിർവഹിച്ചു. തിരുവനന്തപുരം മെട്രോപൊളിറ്റൻ ആർച്ച് ബിഷപ്പ് ഡോ. തോമസ് ജെ. നെറ്റോ അധ്യക്ഷത വഹിച്ച ചടങ്ങിൽ കോളേജ് മാനേജർ ഫാ. എ. ആർ ജോൺ സ്വാഗതം ആശംസിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ എം അബ്ദുൽ നിസാർ, ഡീൻ ഡോ. എ. സാംസൺ എന്നിവർ 600 ഓളം കുട്ടികളെയും അവരുടെ രക്ഷകർത്താക്കളെയും അഭിസംബോധന ചെയ്തു. കോളേജ് ബർസാർ ഫാ. ജിം കാർവിൻ റോച്ച് നന്ദി പ്രകാശിപ്പിച്ചു. കഴിഞ്ഞവർഷം മികവ് തെളിയിച്ച വിദ്യാർത്ഥികളെ ചടങ്ങിൽ ആദരിച്ചു.

## പൂനമല്ലി സെമിനാരിയിലെ ഡീക്കന്മാർ തിരുവനന്തപുരം അതിരൂപതയിൽ അജപാലന പരിശീലനം പൂർത്തിയാക്കി



വെള്ളയമ്പലം: പൂനമല്ലി സേക്രട്ട് ഹാർട്ട് സെമിനാരിയിലെ 37 ഡീക്കന്മാർ തിരുവനന്തപുരം അതിരൂപതയിൽ അജപാലന പരിശീലനം പൂർത്തിയാക്കി. ആഗസ്റ്റ് 11-ാം തിയതി തിങ്കളാഴ്ച ആരംഭിച്ച പരിശീലനം 16-ാം തീയതി ശനിയാഴ്ച അവസാനിച്ചു. അതിരൂപതയിലെ ബിസിസി സംവിധാനം, വിവിധ ശുശ്രൂഷകളുടെ പ്രവർത്തനം എന്നിവയെക്കുറിച്ചുള്ള അറിവും അനുഭവവും ശുശ്രൂഷ ഡയറക്ടർമാരും കമ്മിഷൻ സെക്രട്ടറിമാരും പങ്കുവച്ചു.

ആർച്ച്ബിഷപ്പ്, സഹായ മെത്രാൻ, വികാർ ജനറൽ, ജുഡീഷ്യൽ വികാർ തുടങ്ങിയവർ ഡീക്കന്മാർക്കു വേണ്ടി ദിവ്യബലി അർപ്പിച്ച് അനുഭവങ്ങൾ പങ്കുവച്ചു. 15-ാം തിയതി നടന്ന വിഴിഞ്ഞം ഇടവക സന്ദർശനം ഡീക്കന്മാർക്ക് പ്രത്യേക അനുഭവം സമ്മാനിച്ചതായി വിലയിരുത്തപ്പെട്ടു. അതിരൂപതയുടെ ചരിത്രവും പൈതൃകവും പ്രവർത്തനവും വർത്തമാനകാലത്തിൽ നേരിടുന്ന പ്രതിസന്ധികളും നേരിട്ടറിയാൻ കഴിഞ്ഞത് തങ്ങളുടെ ഭാവിയിലെ ശുശ്രൂഷകൾക്ക് മുതൽക്കൂട്ടാണെന്ന് ഡീക്കന്മാർ അഭിപ്രായപ്പെട്ടു. ഒരാഴ്ചത്തെ ഡീക്കന്മാരുടെ പരിശീലനത്തിന് ശുശ്രൂഷ കോ-ഓർഡിനേറ്റർ ഫാ. ലോറൻസ് കുലാസ് നേതൃത്വം നല്കി.

## പരിമിതകൾ നേരിടുന്നവർ സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ടവർ; കാഴ്ച പരിമിതരുടെ കൂടിവരവിൽ ബിഷപ് ക്രിസ്തുദാസ്



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപതയിലെ കാഴ്ചപരിമിതരുടെ കൂടിവരവ് ആഗസ്റ്റ് 2, ശനിയാഴ്ച വെള്ളയമ്പലത്ത് നടന്നു. വെള്ളയമ്പലം സെന്റ്. തെരേസ ദേവാലയത്തിൽ കാഴ്ചപരിമിതർ നേതൃത്വം വഹിച്ച ദിവ്യബലിക്ക് അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് മുഖ്യകാർമികത്വം വഹിച്ചു. ജീവിതത്തിൽ പരിമിതകൾ നേരിടുന്നവർ സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ടവരാണെന്ന് അദ്ദേഹം പറഞ്ഞു. ജീവിതത്തിൽ വെല്ലുവിളികൾ നേരിടുന്നവരെ ചേർത്തുപിടിക്കുന്ന കുടുംബ ശുശ്രൂഷ പ്രവർത്തനങ്ങളെ പ്രശംസിച്ചു.

തുടർന്ന് സെന്റ്. ആന്റണീസ് ഹാളിൽ നടന്ന ശാക്തീകരണ സെമിനാറിന് Kerala State Handicapped Welfare Corporation അംഗം ഗിരീഷ് കീർത്തി നേതൃത്വം നൽകി. ഉച്ചഭക്ഷണത്തിനു ശേഷം കാഴ്ച പരിമിതർ അവതരിപ്പിച്ച കലാപരിപാടികൾക്ക് ജ്യോതിർഗമയ ഫൗണ്ടേഷൻ അംഗങ്ങൾ നേതൃത്വം നൽകി. തിരുവനന്തപുരം അതിരൂപത ശുശ്രൂഷ കോ-ഓർഡിനേറ്റർ റവ. ഡോ. ലോറൻസ് കുലാസ് അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം ബിഷപ് ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. കാഴ്ച പരിമിതനായ വൈദികൻ ഫാ. M A ജോസഫ് CSsR-നെയും, ജ്യോതിർഗമയ ഫൗണ്ടേഷൻ സ്ഥാപകയും, കാഴ്ചപരിമിത സാമൂഹ്യ പ്രവർത്തകയുമായ ടിഫാനി മരിയയേയും ആദരിച്ചു. കാഴ്ചപരിമിതരുടെ അജപാലനവും ക്ഷേമവും ഉറപ്പുവരുത്താനായി ‘ബർതിമേയൂസ്’ എന്ന പേരിൽ കാഴ്ച പരിമിതരുടെ ഫോറം രൂപീകരണത്തിന്റെ പ്രഖ്യാപനവും ഭാവിപ്രവർത്തനങ്ങളും ഫാ. റിച്ചാർഡ് സഖറിയ അവതരിപ്പിച്ചു. സമ്മേളനത്തിൽ അസി. ഡയറക്ടർ ഫാ. ലീൻ മാർക്കോസ് കൃതജ്ഞതയേകി. സമ്മേളനത്തിൽ പങ്കെടുത്തവർക്ക് സ്നേഹ സമ്മാനങ്ങളും വിതരണം ചെയ്തു.

## പരുത്തിയൂർ ഇടവകയിലെ സാന്ത്വനം പദ്ധതി; ജൂബിലി മെമ്മോറിയൽ ആശുപത്രി ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകി



പരുത്തിയൂർ: പരുത്തിയൂർ ഇടവക നടപ്പിലാക്കുന്ന സാന്ത്വനം പദ്ധതിയുടെ സാക്ഷാത്കാരത്തിനായി ജൂബിലി മെമ്മോറിയൽ ആശുപത്രി ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം നൽകി. ഭവനങ്ങളിൽ കഴിയുന്ന കിടപ്പ് രോഗികൾക്ക് പരിചരണം നൽകുന്നതാണ് സാന്ത്വനം പദ്ധതി. 140 വോളന്റിയേഴ്സാണ് ആരോഗ്യ പരിചരണം നൽകി പദ്ധതിയിൽ പങ്കാളികളാകുന്നത്.

ആരോഗ്യപ്രവർത്തകരായി സേവനമനുഷ്ഠിക്കുന്നവർക്കു വേണ്ടിയുള്ള പരിശീലനം ആഗസ്റ്റ് 10 ഞായറാഴ്ച ജൂബിലി മെമ്മോറിയൽ ആശുപത്രിയുടെ നേതൃത്വത്തിൽ നടന്നു. ജീവിതശൈലി രോഗങ്ങൾ, മാറിയ ഭക്ഷണ രീതിയും രോഗങ്ങളും, ഹൈപ്പർ ഗ്ലൈസീമിയ, ഹൈപ്പോഗ്ലൈസീമിയ, സിപിആർ ട്രെയിനിങ്, ഇൻസുലിൻ പെൻഡെമോൺസ്ട്രേഷൻ, പ്രഥമ ശുശ്രൂഷ എന്നിവയിലാണ് പരിശീലനം നടന്നത്. പരിപാടിയിൽ ജൂബിലി ആശുപത്രി ഡയറക്ടർ ഫാ. ലെനിൻ രാജ്, പരുത്തിയൂർ ഇടവക വികാരി ഫാ. ഡേവിഡ്സൻ ജസ്റ്റസ് എന്നിവർ സന്നിഹിതരായിരുന്നു. ജൂബിലി ആശുപത്രിയിലെ ഡോ. ജോൺസി ജോസഫ്, രമ്യ (ഡയറ്റീഷ്യൻ), സിസ്റ്റർ സരിറ്റാ ഫിലിപ്പ് (നഴ്സിംഗ് സൂപ്രണ്ട്), ലക്ഷ്മി (നഴ്സിംഗ് സൂപ്പർവൈസർ), ഫാ. ലെനിൻ രാജ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾക്കും, പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി.

## നെല്ലിയോട് കെസിവൈഎം നടത്തുന്ന 'ഏദൻ പദ്ധതി' സെന്റ്. വിൻസെന്റ് സെമിനാരിയിൽ



തിരുവനന്തപുരം: ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രകൃതി സംരക്ഷണത്തിനും കാർഷിക സംസ്കാരത്തിനും പ്രാധാന്യം നൽകി കെ.സി.വൈ.എം നെല്ലിയോട് യൂണിറ്റ് കഴിഞ്ഞ രണ്ടു വർഷമായി നടത്തിവരുന്ന 'ഏദൻ പദ്ധതി' സെന്റ് വിൻസന്റ് സെമിനാരിയിൽ തുടക്കംകുറിച്ചു. "വിയാ വിരിഡിസ്" (Via Viridis) എന്ന പേരിലാണ് സെമിനാരിയിൽ പദ്ധതി നടപ്പിലാക്കിയത്. സെമിനാരിയിലെ ഉപയോഗശൂന്യമായി കിടന്ന സ്ഥലം വൃത്തിയാക്കി കൃഷിക്ക് അനുയോജ്യമാക്കിയാണ് നെല്ലിയോട് ഇടവകയിലെ യുവജനങ്ങൾ മാതൃകയായത്. വൃത്തിയാക്കിയ സ്ഥലത്ത് കപ്പ, ചീര, ചേന, ചേമ്പ് തുടങ്ങിയ വിളകൾ നട്ടു.

പ്രകൃതി സംരക്ഷണം ആത്മീയ വളർച്ചയുടെ ഭാഗമാണെന്ന സന്ദേശം പകരുന്നതാണ് ഈ പദ്ധതിയെന്ന് നേതൃത്വം നൽകുന്ന ഇടവക വികാരി ഫാ. വിജിൽ ജോർജ്ജ് പറഞ്ഞു. ഏദൻ പദ്ധതിയുടെ ഭാഗമായി നേരത്തെ സീഡ് ബോൾ വിതരണം, ഇടവകയിലെ വീടുകളിൽ പച്ചക്കറി തൈ വിതരണം, വഴിയരികിൽ സൗജന്യമായി പച്ചക്കറി തൈ വിതരണം, പേട്ട റെയിൽവേ സ്റ്റേഷൻ ഗാർഡൻ ക്ലീനിങ്, ജമന്തി കൃഷി തുടങ്ങിയ നിരവധി പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ കെസിവൈഎം നെല്ലിയോട് യൂണിറ്റ് നടത്തിവരുന്നുണ്ട്. യുവതലമുറ കൃഷിയിലേക്ക് തിരിയേണ്ടതിന്റെ പ്രാധാന്യമാണ് നെല്ലിയോട് കെ.സി.വൈ.എം. പദ്ധതിയിലൂടെ സമൂഹത്തിന് പകർന്നുനല്കുന്നത്.

## മുത്തശ്ശീ മുത്തശ്ശന്മാരുടെ ദിനാചരണം; അതിരൂപതയിൽ ഇടവക - ഫൊറോന തലങ്ങളിൽ സമുചിതം ആചരിച്ചു



തിരുവനന്തപുരം: മുത്തശ്ശീ മുത്തശ്ശന്മാരുടെ ദിനാചരണം തിരുവനന്തപുരം അതിരൂപതയുടെ കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ വിവിധ ഫൊറോനകളിലും ഇടവകകളിലും സമുചിതമായി ആചരിച്ചു. വട്ടിയൂർക്കാവ് ഫൊറോന കുടുംബപ്രേഷിത ശുശ്രൂഷയുടെ നേതൃത്വത്തിൽ ഫൊറോനയിലെ വിവിധ ഇടവകകളിലെ മുത്തശ്ശീമുത്തശ്ശന്മാരെ തിരുവനന്തപുരം മ്യൂസിയത്തിൽ ഒരുമിച്ച് വിളിച്ച് ചേർത്ത് ജീവിതാനുഭവം പങ്കുവയ്ക്കുന്നതിലൂടെയും കളികളിലൂടെയും അന്നേദിവസം അവിസ്മരണീയമാക്കി മാറ്റി. കോവളം ഫൊറോനയിലെ പരുത്തിക്കുഴി ഇടവകയിലും അഞ്ചുതെങ്ങ് ഫൊറോനയിലെ അഞ്ചുതെങ്ങ് ഇടവകയിലും കിടപ്പിലായ മുത്തശ്ശീമുത്തശ്ശന്മാരെ ഇടവക വികാരിയുടെ നേതൃത്വത്തിൽ വീടുകളിൽ പോയി സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകി അവർക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. പുല്ലുവിള ഫൊറോനയിലെ പള്ളം, തൂത്തൂർ ഫൊറോനയിലെ ഇരവിപുത്തൻതുറ എന്നീ ഇടവകകളിൽ മുത്തശ്ശീ മുത്തശ്ശന്മാർക്കുവേണ്ടി പ്രത്യേക കായികമത്സരങ്ങൾ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

പല ഇടവകകളിലായി മുത്തശ്ശീമുത്തശ്ശന്മാരെ പൊന്നാട അണിയിക്കുകയും അവർക്കുവേണ്ടി കേക്ക് മുറിക്കുകയും പ്രഭാത ഭക്ഷണമൊരുക്കുകയും ചെയ്തു. കൊച്ചുമക്കൾ മുത്തശ്ശീമുത്തശ്ശന്മാർക്ക് സമ്മാനങ്ങൾ കൈമാറിയതും ശ്രദ്ധേയമായി. രണ്ടാഴ്ചയ്ക്കു മുൻപുതന്നെ മുത്തശ്ശീമുത്തശ്ശന്മാരുടെ ദിനാചരണത്തിനു ഒരുക്കമായി തയ്യാറാക്കിയ മാതൃകാപ്രവർത്തനങ്ങളും, ദിവ്യബലി സഹായിയും ആനിമേറ്റർമാർ വഴി ഇടവകകളിലെത്തിച്ചു. ഇത് എല്ലാ ഇടവകകളിലും മുത്തശ്ശീ മുത്തശ്ശന്മാരുടെ ദിനാചരണം അർത്ഥവത്താക്കുന്നതിന് സഹായകമായി.



100 YEARS
ശതാബ്ദി നിറവിൽ
സെന്റ്. മാത്യൂസ് ദേവാലയം
തെക്കേ കൊല്ലങ്കോട്, പൊഴിയൂർ
11 സെപ്റ്റംബർ 2025, 5 pm
നവീകരിച്ച ദേവാലയത്തിന്റെ ആശീർവാദം
12 സെപ്റ്റംബർ 2025, 6 pm
തിരുനാൾ കൊടിയേറ്റ്
13, 14 സെപ്റ്റംബർ 2025, 9 am - 5 pm
എക്സിബിഷൻ
(സെന്റ്. മാത്യൂസ് ഹൈസ്കൂൾ, പൊഴിയൂർ)
21 സെപ്റ്റംബർ 2025, 9 am
ആഘോഷമായ തിരുനാൾ ദിവ്യബലി
വി. മത്തായി അപ്പസ്തോലന്റെ
തിരുനാൾ മഹോത്സവം
2025 സെപ്റ്റ. 12 മുതൽ 21 വരെ
വിശുദ്ധന്റെ സന്നിധിയിലേക്ക്
ഏവർക്കും സ്വാഗതം...
ഇടവക വികാരി, സഹവികാരി
ഇടവക കമ്മിറ്റി, തിരുനാൾ കമ്മിറ്റി




தூய வியாகுலமாதா ஆலயம்
மார்த்தாண்டன்துறை
പരിശുദ്ധ വ്യാകുലമാതാവിന്റെ
തിരുനാൾ മഹാമഹം
06.09.2025 முதல் 15.09.2025 வரை

നീർച്ചാൽ

# കൂടെ നടന്നവരെല്ലാം ശിഷ്യന്മാരാകില്ല

ആണ്ടുവട്ടം 23-ാം ഞായർ (സെപ്റ്റം. 7)
ജ്ഞാനം. 9:13-18. ഫിലെ. 1: 9ബ-10. 12-17. ലൂക്ക. 14: 25-33

## ഫാ. വർഗീസ് ജോസഫ്



കൂടെ നടന്നവരെല്ലാം ശിഷ്യന്മാരാകണമെന്നില്ല. മറുപടി പറഞ്ഞവരെല്ലാം വാക്കുകേട്ടവരാകണമെന്നും നിർബന്ധമില്ല. പറഞ്ഞ കാര്യങ്ങൾ മാത്രമല്ല, പറയാത്ത കാര്യങ്ങൾ കൂടി കേൾക്കാനും പ്രവർത്തിക്കാനും കഴിവുള്ളവനാകണം ഗുരുവിന്റെ പ്രിയശിഷ്യൻ.

അല്പം പോലും വിട്ടുവീഴ്ച ഇല്ലാത്തതാണ് ക്രിസ്തുവിന്റെ ശിഷ്യത്വമെന്ന് ഓർമ്മിപ്പിക്കുന്നതാണ് സുവിശേഷഭാഗം. ജറുസലേമിലേക്ക് പോകുന്ന ക്രിസ്തുനാഥന്റെ പിന്നാലെ വലിയൊരു ജനക്കൂട്ടം കണ്ടപ്പോൾ അവൻ തിരിഞ്ഞ് അവരോട് പറഞ്ഞു (ലൂക്കാ 14:25) എന്നാണ് വചനം ഓർമ്മിപ്പിക്കുന്നത്. മരണത്തിലേക്കാണ് ക്രിസ്തുവിന്റെ യാത്ര. ചെന്നായ്ക്കളുടെ ഇടയിലേക്ക് കുഞ്ഞാടുകളെ എന്നപോലെയാണ് ഈ യാത്ര (ലൂക്ക. 10:3). അതാണ് ക്രിസ്തുവിന്റെ യാത്രയുടെ ലക്ഷ്യം. പിന്നാലെ വരുമ്പോൾ അത്ര ബോധ്യമുള്ളവരല്ല. ആ പാതയിൽ ഇടറാതിരിക്കാൻ ചില കാര്യങ്ങൾ വേണ്ടാ എന്നു വയ്ക്കണം ചില കാര്യങ്ങൾ വേണം എന്നു വയ്ക്കണം.

ആദ്യത്തേത്, സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല, സ്വജീവനെ തന്നെയും വെറുക്കാതെ എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല (ലൂക്ക. 14:26). ക്രിസ്തുവിന് ഒന്നാംസ്ഥാനം കൊടുക്കണമെന്ന് സാരം. സമാധാനമല്ല വാളാണ് ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്ന് പറഞ്ഞ ക്രിസ്തുനാഥൻ കൂടിചേർക്കുന്ന വാചകമുണ്ട്; ഒരുവൻ തന്റെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും മരുമകളെ അമ്മായിഅമ്മക്കെതിരായും ഭിന്നിക്കാനാണ് ഞാൻ വന്നിരിക്കുന്നത് (മത്താ. 10:35).

ക്രിസ്തുവിന്റെ ജീവിതത്തെ ആദരവോടെ കാണാതെ പോകുന്നവർക്കുള്ള താക്കീതാണിത്. പലപ്പോഴും കേൾക്കാറുള്ള ഒരു വേദനനിറഞ്ഞ വാക്കിതാണ്. ക്രിസ്തുവിന് ഒന്നാംസ്ഥാനം കൊടുക്കാൻ മറന്നുപോയി. ആ വേദന അതേപടി ഉൾക്കൊണ്ട് മറുചോദ്യം ചോദിക്കട്ടെ. ക്രിസ്തുവിന് രണ്ടാം സ്ഥാനം കൊടുക്കാൻ സാധിക്കുന്നുണ്ടോ? മൂന്നാം സ്ഥാനം? നാലാം സ്ഥാനം? ഒരു ദിവസത്തെ പ്രധാനപ്പെട്ട പത്തുകാര്യങ്ങൾ എടുത്താൽ ആ പത്തുകാര്യങ്ങൾക്കിടയിൽ ക്രിസ്തു ഉണ്ടോ? ക്രിസ്തുശിഷ്യനാകാൻ ക്രിസ്തുവിനെ ഗൗരവത്തോടെ എടുക്കണം.

രണ്ടാമതായി, സ്വന്തം കുരിശു വഹിക്കണം. കുരിശ് റോമൻ ഭരണത്തിൽ നാശത്തിന്റെ അടയാളമാണ്. ശാപത്തിന്റെ അടയാളമാണ്. ആ കുരിശിനെ ശപിക്കപ്പെട്ടവന് നൽകപ്പെടുന്നതാണ്. കുരിശിൽ തൂങ്ങി ആകാശത്തിനും ഭൂമിക്കും അവകാശമില്ലാതെ മരിക്കാൻ അവനെ സഹായിക്കുന്നതാണ്. കൃത്യമായി ഈബോധ്യമുണ്ടായിരുന്ന ഒരു ജനതയിലെ ഇടയിൽ നിന്ന് ക്രിസ്തു പറഞ്ഞ സ്വന്തം കുരിശും വഹിച്ച് എന്റെ പിന്നാലെ വരട്ടെ. കുരിശുവഹിച്ച് പിന്നാലെ വരണ്ട എന്നല്ല ഗുരുമൊഴി. 'സ്വന്തം' കുരിശുവഹിച്ച് പിന്നാലെ വരട്ടെ എന്നാണ് ഓരോരുത്തർക്കും വഹിക്കാനാവുന്ന കുരിശുമാത്രമേ തമ്പുരാൻ അനുവദിക്കൂ. ആ കുരിശാണ് തമ്പുരാന്റെ പാതയിലേക്കുള്ള ദൂരം എന്നതാണ് ശിഷ്യത്വത്തിന്റെ പാഠം.

മൂന്നാമതായി, ആഗ്രഹത്തോടൊപ്പം വിവേകവുമുണ്ടാകണം. രണ്ട് ഉപമകളാണ് ക്രിസ്തു ഓർമ്മിപ്പിക്കുന്നത്. ഗോപുരം പണിയാൻ ആഗ്രഹിക്കുന്നവൻ അത് പൂർത്തിയാകാൻവേണ്ട വക തനിക്കുണ്ടോ എന്ന് ആദ്യമേ കണക്കുകൂട്ടി നോക്കണം. അതുപോലെ ഇരുപതിനായിരം ഭടന്മാരോടുകൂടെ തനിക്കെതിരെ വരുന്നവനെ പതിനായിരം കൊണ്ട് നേരിടാൻ സാധിക്കുമോ എന്ന് ആദ്യമേ ആലോചിക്കാതെ മറ്റൊരു രാജാവിനോട് യുദ്ധത്തിന് പോകുന്ന ഏത് രാജാവാണുള്ളത്. ക്രിസ്തുവിന്റെ ഈ രണ്ടു ഉപമകളും ആഗ്രഹത്തോടൊപ്പം വിവേകത്തോടുള്ള ജീവിതമാണ്. ക്രിസ്തുവിനെ അനുഗമിക്കണം എന്ന ആഗ്രഹം മാത്രം ഒരുവനെ ക്രിസ്തു ശിഷ്യനാക്കി തീർക്കുകയില്ല. വിവേകത്തോടെ വേണം ആ ജീവിതം നോക്കേണ്ടത്. ചിലതൊക്കെ ബോധപൂർവം കണക്കുകൂട്ടി വേണം ക്രിസ്തുവിനെ അനുഗമിക്കാൻ. കാരണം പാതിവഴിയിൽ തളർന്നു പോകാവുന്നതും മടുത്തുപോകാവുന്നതും വെറുത്തുപോകാവുന്നതുമായ യാത്രയാണത്. ചിലരെങ്കിലും പറഞ്ഞു കേട്ടിട്ടില്ലേ, എത്ര പ്രാർഥിച്ചിട്ടും എന്റെ പ്രാർത്ഥന മാത്രം ദൈവം കേൾക്കുന്നില്ല എന്ന്! ലക്ഷ്യം ക്രിസ്തുവാണെങ്കിൽ മാർഗം കുരിശാണ്, സഹനമാണ്. ഈ യാത്ര തളരാതെ പതറാതെ തുടരാൻ ഉള്ളിലെ ബോധ്യങ്ങൾ പാപത്തെ മാത്രമല്ല പാപ സാഹചര്യങ്ങളെയും വേണ്ട എന്നുവയ്ക്കണം. കുരിശിന്റെ വഴി ഞെരുക്കമുള്ളതാണെന്ന് തോന്നിയേക്കാം. എന്നാൽ രക്ഷ അതിൽ മാത്രമാണെന്ന് തിരിച്ചറിഞ്ഞുള്ള യാത്രയാണ് ക്രിസ്തുശിഷ്യന്റെ യാത്ര.

# തേടിയിറങ്ങി കരുണ കാണിക്കുന്ന ദൈവം

ആണ്ടുവട്ടം 24-ാം ഞായർ (സെപ്റ്റം. 14)
പുറ. 32, 7-11. 13-14. 1 തിമോ. 1, 12-17. ലൂക്ക. 15, 1-32

റവ. ഡോ. ഡൈസൺ


ദൈവത്തിൽ നിന്ന് അകലുകയെന്നത് മനുഷ്യസ്വഭാവമാണ്. എന്നാൽ, അകന്നുപോയ കാണാതായ മനുഷ്യനെ തേടി ഇറങ്ങി കണ്ടുപിടിച്ച് കരുണ കാണിക്കുന്നത് ദൈവസ്വഭാവമാണ്. ദൈവം തന്റെ ഹൃദയത്തിൽ കാരുണ്യം സൂക്ഷിക്കുന്നത് മനുഷ്യരായ നമുക്ക് മാപ്പ് നല്കാനും സ്വർഗ്ഗത്തിലേക്കുള്ള നമ്മുടെ യാത്രയിൽ ശക്തി നല്കാനുമാണ്. ഇന്നിന്റെ സുവിശേഷത്തിൽ കാണാതായ ആടിന്റെയും നഷ്ടപ്പെട്ട നാണയത്തിന്റെയും, വീട് വിട്ട് ഇറങ്ങുന്ന ധൂർത്തപുത്രന്റെയും ഉപമകൾ യേശു പറയുന്നത് ചുങ്കക്കാരെയും പാപികളെയും ആശ്വസിപ്പിക്കാനും ധൈര്യപ്പെടുത്താനും ഫരിസേയരെയും നിയമജ്ഞരെയും തിരുത്തുവാൻ വേണ്ടിയുമാണ്. ആദ്യത്തെ ഉപമയിൽ വഴിതെറ്റി കാണാതായ ആട് ലൗകിക സുഖങ്ങളുടെ പിന്നാലെ ഓടി നിരാശയുടെ മുള്ളുകൾക്കിടയിൽ കുടുങ്ങിയ മനുഷ്യനെയാണ് ചിത്രീകരിക്കുക. ചിത്രശലഭത്തെ പിടിക്കാൻ ഓടിനടക്കുന്ന കൊച്ചുകുട്ടിയെപ്പോലെ ജഡികസുഖങ്ങൾക്കു പിന്നാലെ പരക്കം പായുന്ന മനുഷ്യന് കൂട്ടം തെറ്റുന്നു. കാരണം അവൻ ദൈവത്തെ മറന്നു. സുഖജ്വരത്തിന് അടിമപ്പെടുന്നു.

രണ്ടാമത്തെ ഉപമയിൽ നഷ്ടപ്പെട്ട നാണയം തേടി വിളക്കു കൊളുത്തി ഉത്സാഹത്തോടെ മുറി അടിച്ചുവാരുന്ന സ്ത്രീ ദൈവത്തിനു സദൃശയാണ്. പാലസ്തീനായിലെ കുടിലുകളിൽ പകൽസമയത്തും ഇരുട്ടാണ്. കാരണം ജനാലകളില്ലാത്ത, വെളിച്ചം കടക്കാത്ത രീതിയിലാണ് അവർ മുറികളും, ഭവനങ്ങളും നിർമ്മിച്ചത്. അതുകൊണ്ടാണ് ഉപമയിലെ സ്ത്രീ പകൽ സമയത്ത് വിളക്കു കൊളുത്തുന്നത്. ഈ ഉപമയിൽ നാണയത്തുട്ടു തേടിപ്പിടിക്കുന്നതിൽ സ്ത്രീ കാണിച്ച ഉത്സാഹവും, തീക്ഷ്ണതയും ദൈവം തന്നിൽ നിന്ന് അകന്നു ജീവിക്കുന്ന പാപികളോടു കാണിക്കുന്നുവെന്നതാണ് സാരം. മനുഷ്യനെ ആരും കാണാത്ത ഇരുൾ അറകളിലോ, എല്ലാവരും ചവിട്ടി നടക്കുന്ന നടുവഴിയിലോ ദൈവം ഉപേക്ഷിക്കുന്നില്ല. ദൈവത്തിന്റെ കൺവെട്ടത്തിൽ വിശുദ്ധിയുടെ ഇടങ്ങളിൽ മനുഷ്യനെ ഇരുത്തുന്നതാണ് ദൈവത്തിന്റെ സന്തോഷം. മൂന്നാമത്തെ ഉപമയിൽ തന്നിൽനിന്ന് അകന്നുപോയ മകൻ തിരികെ വന്നപ്പോൾ അവനെ ശിക്ഷിക്കാതെ വിരുന്നൊരുക്കി അവനെ സ്വീകരിക്കുന്നു. അവന്റെ തിരിച്ചുവരവിന്റെ ആഹ്ലാദത്തെ ആഘോഷമാക്കി മാറ്റുന്ന പിതാവ് ദൈവത്തിനു സദൃശനാണ്. ഉപമകളുടെ ഉപമയായ, ഉപമകൾക്ക് തിലകക്കുറിയായ ധൂർത്തപുത്രന്റെ ഉപമ സുവിശേഷങ്ങളുടെ സുവിശേഷമെന്നാണ് അറിയപ്പെടുന്നത്.

ഇത് നമ്മുടെ ജീവിതത്തിന്റെയും കഥയാണ്. കാരണം ജീവിതത്തിന്റെ ഇരുണ്ട രാത്രികളിൽ നിത്യപ്രകാശമായ ദൈവത്തിൽ നിന്ന് അകന്ന് തെറ്റുകളുടെ ചെളിക്കുണ്ടിൽ വീഴുക തികച്ചും സ്വാഭാവികമാണ്. അങ്ങനെ നാം ജീവിതത്തിൽ ധൂർത്തപുത്രനായി, ധൂർത്തപുത്രിയായി ജീവിക്കുന്നു. ധൂർത്തപുത്രന്റെ കഥയിൽ വഴിപിഴച്ച തന്റെ ഇളയമകൻ പിതാവിൽനിന്ന് സ്വയം അകലാൻ തീരുമാനിച്ചു. പിതാവിനോട് കയർത്ത് സ്വന്തം വീതം വാങ്ങാൻ വന്ന ദുർവൃത്തനായ മകന് അന്നത്തെ നാട്ടുനടപ്പ് അനുസരിച്ച് സ്വത്തിന്റെ മൂന്നിലൊരു ഭാഗം പിതാവ് നല്കിയിരിക്കണം. രണ്ടുഭാഗം മൂത്തമകനും, സ്വത്തിന്റെ ഒരു ഭാഗം ഇളയമകനും കൊടുക്കുകയെന്നത് യഹൂദ നിയമമായിരുന്നു (നിയ. 21:17). കിട്ടിയ സ്വത്തുമായി ഇളയമകൻ പിതാവിൽ നിന്ന് അകന്ന് ദൂരദേശത്തേക്കു പോയി. സ്വയം പുകഞ്ഞ കൊള്ളിയായി അവൻ പിതാവിന്റെ ഭവനത്തിൽ നിന്ന് പുറത്തായി.

നിറയെ പണം കൈയ്യിലുണ്ടായിരുന്നപ്പോൾ ധാരാളം കൂട്ടുകാരെ കിട്ടി. അവർ കുടിച്ചു കൂത്താടി. സുഖത്തിന്റെ ലഹരിയിൽ പണം മുഴുവൻ ചോർന്നുപോയി. പണമില്ലാതെ പാപ്പരായപ്പോൾ തന്നോടൊപ്പം തിന്നുമുടിച്ച എല്ലാ സുഹൃത്തുക്കളും അവനെ കൈയ്യൊഴിഞ്ഞു. സുഖത്തിലുണ്ടാം സഖിമാരനേകം, ദുഃഖം വരുമ്പോൾ പുനരാരുമില്ല, എന്ന കവിവാക്യം ഇവിടെ അന്വർത്ഥമാകുന്നു.

പാപം മനുഷ്യനെ നാശത്തിൽ നിന്ന് വിനാശത്തിലേക്ക് നയിക്കുന്നു. പാപം നമ്മെ മാത്രമല്ല നമുക്കു ചുറ്റുമുള്ളവരെ എന്തിനേറെ നമ്മുടെ ചുറ്റുവട്ടത്തെ പ്രകൃതിയെ ബാധിക്കുന്നു. തൽഫലമായി വലിയ



ക്ഷാമമുണ്ടാകുന്നു. അപ്പോൾ അവൻ അവന്റെ മനസ്സാക്ഷിയുടെ സ്വരത്തിന് ചെവികൊടുത്തു. അവന്റെ മനസ്സ് ഇങ്ങനെ മന്ത്രിച്ചിരിക്കണം. പിതാവിന്റെ ഭവനത്തിൽ പറുദീസാ അനുഭവം പങ്കിടുന്ന ഏറ്റവും ചെറിയ ദാസൻ, എന്നെക്കാൾ എത്ര ഭാഗ്യവാനാണ്. അവന് സുബോധം വന്നു. ഒരു പാപിയായിരിക്കുക എന്നതല്ല പ്രശ്നം. മറിച്ച് പാപത്തെ കുറിച്ച് പശ്ചാത്തപിക്കാതിരിക്കുന്നതാണ് മഹാകഷ്ടം. ധൂർത്തപുത്രൻ പാപത്തെയോർത്ത് കരഞ്ഞു. അപ്പോൾ അവന് പുത്രാവബോധം ഉണ്ടാകുന്നു. അവൻ പാപത്തിന്റെ സ്ഥലവിട്ട് എഴുന്നേറ്റ് പിതാവിന്റെ ഭവനത്തിലേക്ക് പോകുവാനുള്ള അവബോധം അവന് ലഭിക്കുന്നു. ദൈവം നമുക്കുവേണ്ടി എപ്പോഴും കാപോകാനുള്ള ധൈര്യമാണ് അവിടന്ന് നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്.

രക്ഷയുടെ പറുദീസ നഷ്ടപ്പെടുത്തിയ ആദിമാതാപിതാക്കൾ തങ്ങളെക്കുറിച്ച് സ്വയം ഉണർന്നതുപോലെ ധൂർത്തപുത്രനും തന്നെക്കുറിച്ച് സ്വയം ഉണർന്നു. സ്വയം ജീവിതത്തിൽ പുകഞ്ഞകൊള്ളിയായ അവൻ സത്യം ഗ്രഹിച്ചു. തിന്മയുടെ കേന്ദ്രമായ പന്നിക്കുഴി പിതാവിന്റെ സാന്നിദ്ധ്യത്തിലുള്ള ആത്മരക്ഷയ്ക്ക് ഒട്ടും യോജിച്ചതല്ല. അതുകൊണ്ട് പഴയ ജീവിതസാഹചര്യങ്ങളോട്, തന്നെ നാശത്തിലേക്കു നയിച്ച പ്രവൃത്തികളോട്, ചിന്തകളോട്, തന്നെ പുകഞ്ഞ കൊള്ളിയാക്കിയ തന്റെ ധൂർത്തിനോട് വിടപറഞ്ഞ് പിതാവിന്റെ മകനാകുവാൻ വേണ്ടി, പറുദീസാ അനുഭവം പങ്കുവയ്ക്കാൻ വേണ്ടി അവൻ പിതാവിന്റെ ഭവനത്തിൽ വന്നു. ദൈവം നമ്മെ നടുവഴിയിൽ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. എപ്പോഴും തന്റെ ഭവനത്തിൽ കൊണ്ടുവരുന്നു.

# സമ്പത്തും സൗഹൃദവും

ആണ്ടുവട്ടം 25-ാം ഞായർ (സെപ്റ്റം. 21)
ആമോ. 8, 4-7. 1 തിമോ. 2, 1-8.
ലൂക്ക 16,1-13

ഫാ. മാർട്ടിൻ എൻ. ആന്റണി

ചില രചനകളുണ്ട് ആദ്യവായനയിൽ സങ്കീർണം എന്ന പ്രതീതി നൽകിക്കൊണ്ട് നമ്മെ വീണ്ടും വായിക്കാൻ പ്രചോദിപ്പിക്കുന്നവ. അങ്ങനെയുള്ള ഒരു രചനയാണ് ലൂക്കായുടെ സുവിശേഷത്തിലെ അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമ. തുറന്ന മനസ്സോടെ വായിക്കുക. യേശുവിന്റെ പഠനങ്ങളുടെ സംഗ്രഹം ഇതിൽ നിന്നും കിട്ടും.

നമുക്ക് ഉപമയുടെ ഉപസംഹാര സന്ദേശത്തിൽ നിന്നും തുടങ്ങാം: 'കൗശലപൂർവം പ്രവർത്തിച്ചതിനാൽ നീതിരഹിതനായ കാര്യസ്ഥനെ യജമാനൻ പ്രശംസിച്ചു'. മോഷണക്കേസിൽ ആണ് കാര്യസ്ഥനെ യജമാനൻ പിടിച്ചത്. അവനറിയാം താമസിയാതെ യജമാനൻ അവനെ പിരിച്ചുവിടുമെന്ന കാര്യം. അതുകൊണ്ട് അവന്റെ നിലനിൽപ്പിനുവേണ്ടി തനതായ രീതിയിൽ ചില കാര്യങ്ങൾ ആസൂത്രണം ചെയ്യുകയാണവൻ. അതിനു വേണ്ടി അവൻ സൗഹൃദത്തിന്റെ തന്ത്രം ഉപയോഗിക്കുന്നു. കടങ്ങൾ എഴുതി തള്ളി കൊണ്ട് അവൻ ചങ്ങാത്തത്തിന്റെ ഒരു വല നെയ്യുന്നു. നമ്മൾ ഇവിടെ ശ്രദ്ധിക്കേണ്ടത് കടങ്ങൾ എഴുതിത്തള്ളുക എന്ന പ്രവർത്തിയാണ്. അത് പ്രവചനാത്മകമായ ഒരു പ്രവർത്തിയാണ്. അത് ദൈവത്തിന്റെ പ്രവർത്തിയാണ്. നമുക്കറിയാം ദൈവത്തിന്റെ പ്രധാനപ്പെട്ട പ്രവർത്തികളിൽ ചിലതാണ്; നൽകുക, ക്ഷമിക്കുക, കടങ്ങൾ പൊറുക്കുക.

ഇനി ഉപമയിലേക്ക് വരാം. തിന്മ പ്രവർത്തിച്ചിരുന്ന കാര്യസ്ഥൻ നന്മ പ്രവർത്തിക്കുന്നവനാകുന്നു. അത് അവന്റെ സ്വന്തം കാര്യത്തിന് വേണ്ടിയാണ് ചെയ്തതെങ്കിൽ തന്നെയും അതിന്റെ ആഴമായ തലത്തിൽ ചില നന്മയുടെ കണികകൾ തെളിഞ്ഞു കിടക്കുന്നുണ്ട്. അവിടെ സമ്പത്തിന്റെ പരിപാലനത്തിൽ വ്യത്യാസം വരുന്നുണ്ട്. സമ്പത്ത് കുമിഞ്ഞുകൂടുന്നതിനു പകരം ദാനമായി മാറുന്നു. അത് സഹജീവികളെ ഒഴിവാക്കുന്ന ഒരു ഘടകമായി മാറുന്നില്ല. മറിച്ച് അതൊരു സൗഹൃദോപകരണമാകുന്നു.



ഉപമയിലെ ഏറ്റവും ഹൃദയഹാരിയായ കഥാപാത്രമായി തെളിഞ്ഞുനിൽക്കുന്നത് യജമാനനാണ്. അവൻ കൗശലക്കാരനായ കാര്യസ്ഥനെ പ്രകീർത്തിക്കുന്നു. എന്തിനാണവൻ പ്രകീർത്തിക്കുന്നത്? കാര്യസ്ഥൻ എല്ലാം സൗഹൃദത്തിനായി ചിലവഴിച്ചു എന്നതിനാണ്. വെറും സൗഹൃദമല്ല. നിത്യത പ്രദാനം ചെയ്യുന്ന സൗഹൃദമാണത്. അതാണ് ഉപമയുടെ മർമ്മസന്ദേശം. 'ഞാൻ നിങ്ങളോടു പറയുന്നു. അധാർമിക സമ്പത്തുകൊണ്ട് നിങ്ങൾക്കായി സ്നേഹിതരെ സമ്പാദിച്ചുകൊള്ളുവിൻ'.

ഒരു ആജ്ഞാ രൂപത്തിലാണ് 'സ്നേഹിതരെ സമ്പാദിച്ചു കൊള്ളുവിൻ' എന്ന് സുവിശേഷം പറയുന്നത്. ഓർക്കുക, സൗഹൃദം എന്ന സങ്കല്പത്തിന് വിശുദ്ധ ഗ്രന്ഥത്തിൽ സ്വർഗ്ഗത്തോളം മൂല്യമുണ്ട്. സൗഹൃദം അളക്കുന്നത് ജൈവികതയുടെയും സന്തോഷത്തിന്റെയും തുലാസുകൾ കൊണ്ടാണ്. ഇവിടെ ജീവനും സന്തോഷവും പ്രതിനിധീകരിക്കുന്നത് മാനവികതയേയും നിത്യതയേയുമാണ്. അതുകൊണ്ടാണ് സൗഹൃദം എന്ന സങ്കല്പത്തിൽ നിത്യജീവൻ എന്ന യാഥാർത്ഥ്യം അന്തർലീനമായിട്ടുണ്ട് എന്ന് പറയുന്നത്. യഥാർത്ഥമായ ഒരു സൗഹൃദവും മരണത്തിലേക്ക് നയിക്കില്ല. ആത്മാർത്ഥമായ സൗഹൃദം പരസ്പരം കൈമാറുക ജീവന്റെ പ്രസരിപ്പുകൾ മാത്രമായിരിക്കും. ജൈവികതയ്ക്ക് വിപരീതമായ പാതയിലൂടെ സഞ്ചരിക്കുന്ന ഒരു സൗഹൃദവും സൗഹൃദമേയല്ല.

യേശുവിന്റെ പഠനങ്ങളിൽ സമ്പാദ്യം എന്ന സങ്കൽപത്തിന് അത്ര മതിപ്പു നൽകുന്നതായിട്ട് കാണാൻ സാധിക്കുന്നില്ല. അത് അത്ര അത്യാവശ്യമുള്ള സംഗതിയായി സുവിശേഷങ്ങൾ ഒരു സ്ഥലത്തും ചിത്രീകരിക്കുന്നുമില്ല. സമ്പത്ത് ധാർമികമായോ അധാർമികമായോ സമ്പാദിച്ചാലും നിത്യജീവനിലേക്ക് പ്രവേശിക്കാൻ അവയെക്കൊണ്ട് ഒരു ഉപകാരവും ഇല്ലെങ്കിൽ അത് വെറും വ്യർത്ഥമാണെന്ന ചിന്ത യേശു നേരത്തെതന്നെ പങ്കുവച്ചിട്ടുണ്ട്. സ്വരൂപിക്കുന്നത് എന്തുമായിക്കൊള്ളട്ടെ എങ്ങനെയുമായിക്കൊള്ളട്ടെ പക്ഷേ ആ സ്വരൂപണം നിന്നെ നിത്യജീവിതത്തിലേക്ക് നയിക്കുന്നുണ്ടോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം. കാര്യസ്ഥൻ കൗശലമായ രീതിയിലാണ് സമ്പാദിച്ചതെങ്കിൽ തന്നെയും അതിലൂടെ അവൻ നിത്യജീവിതത്തിലേക്കുള്ള സൗഹൃദവലയം സൃഷ്ടിക്കുന്നുണ്ട്. അവൻ സമ്പാദിച്ചതിനേക്കാൾ മുകളിൽ വ്യക്തിബന്ധത്തിന് പ്രാധാന്യം കൊടുക്കുന്നുണ്ട്. പറഞ്ഞുവരുന്നത് സമ്പത്തല്ല, സൗഹൃദമാണ് പ്രധാനം എന്നതാണ്. സമ്പത്ത് ഇല്ലാതാകുന്ന ഒരു ദിനം ഉണ്ടാകും. അന്ന് നിത്യകൂടാരങ്ങളിൽ നിന്നെ സ്വീകരിക്കാൻ ഉണ്ടാകുക സൗഹൃദവലയത്തിലെ പുണ്യജന്മങ്ങൾ മാത്രമായിരിക്കും. ദൈവവുമായി കണ്ടുമുട്ടുന്നതിന് മുന്നേ ചിലപ്പോൾ നീ കാണുവാനിരിക്കുന്നത് നിന്റെ കൈകളിൽ നിന്നും സഹായം സ്വീകരിച്ചവരെയായിരിക്കും. നീ ഹൃദയം പകുത്ത് നൽകി സ്നേഹിച്ചവരെയായിരിക്കും. നിന്നിൽ നിന്നും ഒരു ഗ്ലാസ് തണുത്ത വെള്ളം കുടിച്ച ഏതോ ഒരുവൻ ആയിരിക്കും നിന്നെ വന്ന് ആദ്യം ആലിംഗനം ചെയ്യുക. അങ്ങനെ ആരെങ്കിലും ആലിംഗനം ചെയ്തു കൂടെ കൂട്ടിക്കൊണ്ടു പോകാനുണ്ടെങ്കിൽ, ഓർക്കുക, ദൈവഭവനത്തിൽ നിനക്കും ഒരു മുറിയുണ്ട്.

സുവിശേഷം പിന്നീട് പറയുന്നുണ്ട്; 'ഒരു ഭൃത്യനു രണ്ട് യജമാനന്മാരെ സേവിക്കാൻ സാധിക്കുകയില്ല. കാര്യം വളരെ വ്യക്തമാണ്. ധനവും ഭൗതികമായ എല്ലാ സാധനങ്ങളും സ്നേഹവും സൗഹൃദവും വളർത്തുന്നതിനു വേണ്ടിയുള്ള ഉപാധികൾ മാത്രമാണ്. സമ്പത്തും ധനവും നമ്മെ സേവിക്കാനുള്ളതാണ്. ഭരിക്കാനുള്ളതല്ല. ധനവും സമ്പത്തും അതിൽ തന്നെ മോശമായ സംഗതിയല്ല. പക്ഷേ ഒരു കാര്യം ഓർക്കണം, അവ ഒരു വിഗ്രഹമായി മാറാൻ സാധിക്കും. വിഗ്രഹങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. അവകൾ അടിമകളായ ഭക്തരെ സൃഷ്ടിക്കും. ആ ഭക്തരുടെ ചോരയും നീരും ഊറ്റിക്കുടിച്ചു വിഗ്രഹങ്ങൾ വളർന്നു വലുതാകും. അടിമകളായ ഭക്തർ പതിയെ കൂട്ടിലടച്ച ഒരു മൃഗത്തെ പോലെയാകും. അവർ എന്നും എപ്പോഴും അവരുടെ വിഗ്രഹമായ സമ്പത്തിനെക്കുറിച്ച് മാത്രം ചിന്തിച്ചു കൊണ്ടിരിക്കും. അങ്ങനെ അവരിൽനിന്നും സ്നേഹത്തിന്റെ തരികൾ എന്നെന്നേക്കുമായി മാഞ്ഞു പോകുകയും സൗഹൃദം ഒരു മരീചികയായി മാറുകയും ചെയ്യും.

●

## ധനവാനും ലാസറും

ആണ്ടുവട്ടം 26-ാം ഞായർ (സെപ്റ്റം. 28)
ആമോ. 6:1. 4-7. 1 തിമോ. 6:11-16.
ലൂക്ക. 16:19-31

### ഫാ. ലോറൻസ് കുലാസ്



ധനവാനും ലാസറും. ഒറ്റനോട്ടത്തിൽതന്നെ സമ്പത്തുള്ളവന് പേരില്ല; ധനവാൻ എന്ന് മാത്രമാണ്. ദരിദ്രന് പേരുണ്ട്; ലാസർ. ലാസർ എന്ന പേര് El-eazar എന്ന പേരിന്റെ ചുരുക്കരൂപമാണ്. El എന്നാൽ God; ദൈവം. Eazar എന്നാൽ help; സഹായം. എങ്കിൽ El-aazar അഥവാ Lazer എന്ന പേരിന്റെ അർത്ഥം ദൈവം സഹായിക്കുന്നു (God helps) എന്നാണ്. കഥ അവസാനിക്കുമ്പോൾ നമുക്ക് മനസിലാകുന്നുണ്ട് ലാസറിന്റെ സഹായത്തിന് എത്തുന്നത് ദൈവം മാത്രമാണെന്ന്. ദരിദ്രന്റെ, ദുരിതം അനുഭവിക്കുന്നവന്റെ സഹായം എപ്പോഴും ദൈവത്തിലാണ്.

ധനവാന്റെയും ലാസറിന്റെയും കഥ മൂന്ന് രംഗങ്ങളുള്ള ഒരു നാടകമായാണ് അവതരിപ്പിക്കപ്പെടുന്നത്. ഒന്നും രണ്ടും രംഗങ്ങളിൽ സംഭാഷണമില്ല. അവസാനത്തെ രംഗത്ത് മാത്രമാണ് സംഭാഷണമുള്ളത്. ഒന്നാമത്തെ രംഗത്തിൽ (16:19-21) അഭിനേതാക്കളെ അവതരിപ്പിക്കുന്നു: ധനവാനും ലാസറും. അവരുടെ ജീവിതരീതി അവതരിപ്പിക്കുന്നു: ധനവാൻ സുഭിക്ഷമായി കഴിയുന്നു; മൃദുലവസ്ത്രം ധരിക്കുന്നു; സുഖലോലുപതയിൽ വിരാജിക്കുന്നു. ലാസർ ദരിദ്രനും ശരീരമാസകലം വ്രണങ്ങൾ ബാധിച്ചവനും മേശയുടെ ചുവട്ടിലും വീടിന്റെ വാതിൽപടിയിലും ഇരിക്കുന്നവനുമാണ്. അവൻ മേശയിൽനിന്നും വീഴുന്നത് ഭക്ഷിക്കുന്നു. കൂടെ പട്ടികളും.

നാടകത്തിന്റെ രണ്ടാമത്തെ രംഗത്തിൽ (16:22) ധനികനും ലാസറും മരിക്കുന്നു. ധനികൻ നരകത്തിലും ലാസർ സ്വർഗത്തിലും എടുക്കപ്പെടുന്നു. ഒന്നാമത്തെ രംഗത്തിന്റെ വൈരുദ്ധ്യം ഇവിടെ നാം ദർശിക്കുന്നു. ജീവിച്ചിരുന്നപ്പോൾ സുഖലോലുപതയിൽ കഴിഞ്ഞവൻ മരണത്തിന് ശേഷം നരകാഗ്നിയിൽ ദുരിതമനുഭവിക്കുന്നു. ജീവിച്ചിരുന്നപ്പോൾ ദുരിതം അനുഭവിച്ചവൻ മരണത്തിനുശേഷം സ്വർഗീയ അനുഭവത്തിൽ കഴിയുന്നു. ദരിദ്രനെ ദൈവദൂതന്മാർ അബ്രഹാമിന്റെ മടിയിൽ കൊണ്ടെത്തിക്കുന്നു. ധനികൻ മരിച്ച് അടക്കപ്പെടുന്നു. ഭക്ഷണം കിട്ടാതെ മരിച്ചവന് കിട്ടിയത് സ്വർഗീയ സംതൃപ്തി. ഭക്ഷണം മതിവരുവോളം ഭക്ഷിച്ച് മരിച്ചവന് കിട്ടിയത് നരകം.

മൂന്നാമത്തെ രംഗത്തിലാണ് സംഭാഷണമുള്ളത് (16:23-30). സംഭാഷണം നരകാഗ്നിയിൽ കഴിയുന്ന ധനികനും - ലാസറുമായിട്ടാണ്. ശ്രദ്ധേയമായ കാര്യം ആദ്യം മുതൽ അവസാനം വരെ ലാസർ സംസാരിക്കുന്നില്ല. കാരണം അവനെ ദൈവമാണ് സഹായിക്കുന്നത്. ദൈവത്തിലാണ് അവന്റെ ആശ്രയം ഇവിടെ ധനികൻ ദരിദ്രനാകുന്നു; ലാസർ അഥവാ ദരിദ്രൻ ധനികനാകുന്നു.

നാടകം ഒന്നുകൂടി ആഴമായി വിശകലനം ചെയ്യുമ്പോൾ ധനവാൻ യഥാർഥത്തിൽ കുറ്റക്കാരനല്ല. കാരണം അവൻ ലാസറിനെ ഭവനത്തിൽനിന്ന് പുറത്താക്കുന്നില്ല; ധനവാൻ ലാസറിനെ ഭവനത്തിൽ ജീവിക്കാൻ അനുവദിക്കുന്നു. വീട്ടിനകത്ത് നടക്കുമ്പോൾ ധനവാൻ ലാസറിനെ ചവിട്ടുകയോ വേദനിപ്പിക്കുകയോ ചെയ്യുന്നില്ല. അവനെനോക്കി അസഭ്യവാക്കുകൾ ഉരുവിടുന്നില്ല. ലാസറിനെ ഭവനത്തിൽ കഴിയാൻ അനുവദിക്കുക മാത്രമല്ല, തന്റെ മേശയിൽനിന്നും താഴെ വീഴുന്നവ ഭക്ഷിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. പിന്നെ എന്തുകൊണ്ട് മരണത്തിന് ശേഷം ധനികൻ നരകത്തിൽ പോയി? അദ്ദേഹം ചെയ്ത തെറ്റ് എന്താണ്? ഒരുവന്റെ ദുരിതം ധനികൻ ദർശിച്ചില്ല. ദുരിതമനുഭവിച്ചിരുന്ന ലാസറിന് ആവശ്യമുള്ളത് എന്താണെന്ന് ധനികൻ തിരിച്ചറിഞ്ഞില്ല. ചുരുക്കിപറഞ്ഞാൽ ധനികൻ കരുണ കാട്ടിയില്ല. ദുരിതമനുഭവിക്കുന്നവനെ; ദുരിതമനുഭവിച്ച ലാസറിനെ ധനവാന്റെ ഹൃദയം സ്പർശിച്ചില്ല. ദുരിതമനുഭവിക്കുന്നവനെ ശുശ്രൂഷിക്കാത്തതിനുള്ള ശിക്ഷയാണ് നരകം.

1586 ലെ സ്പെയിൻ ബ്രിട്ടൻ യുദ്ധം... ബ്രിട്ടീഷ് സൈന്യാധിപൻ ഫിലിപ്പി സിഡ്നിക്ക് മാരകമായ മുറിവേറ്റു. മരണത്തോട് മല്ലടിക്കുന്നു. അദ്ദേഹം കുടിവെള്ളത്തിനായി ദാഹിച്ചു. ഇതുകണ്ട ഒരു പടയാളി തന്റെ ഇരുമ്പ് തൊപ്പിയിൽ വെള്ളവുമായി എത്തി. ഫിലിപ്പിന് ആശ്വാസം. കുടിക്കാൻ വെള്ളം ലഭിച്ചു. വെള്ളം കുടിക്കാൻ ഭാവിച്ച സമയത്താണ് മുറിവേറ്റ് വേദനസഹിക്കുന്ന, വെള്ളത്തിനായി കേഴുന്ന ഒരു പടയാളിയെ ഫിലിപ്പ് കണ്ടത്. വെള്ളം കുടിച്ച് കുറെനേരംകൂടി ജീവൻ നിലനിർത്താമായിരുന്നിട്ടും സൈന്യത്തിലെ മറ്റൊരാളുടെ ജീവൻ നിലനിർത്താൻ ആ ജലം സൈന്യാധിപനായ ഫിലിപ്പ് മുറിവേറ്റ പടയാളിക്കു നല്കി. മരിച്ചുവീഴുന്ന സമയത്ത് സൈന്യാധിപന്റെ വരണ്ട ചുണ്ടുകളിൽ നിന്നടർന്നുവീണ അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു: Your need is greater than mine. നിന്റെ ആവശ്യം എന്റേതിനെക്കാൾ വലുതാണ്. ●

## നേർക്കാഴ്ച
ജെ. സി.



# ആൾക്കൂട്ട ഭീകരതയും ഭരണഘടനാവിരുദ്ധ തടങ്കലും



**കന്യാസ്ത്രീകൾക്കും ഗോത്രവിഭാഗ യുവാവിനും ഒൻപത് ദിവസത്തെ ജയിൽവാസവും ഇത്രയും അപമാനവും നേരിടേണ്ടി വന്നതിന് കാരണം നമ്മുടെ വ്യവസ്ഥിയിൽ കടന്ന ആപൽക്കരമായ മൂല്യച്യുതി തന്നെയാണ്. ബഹുസ്വരതയും മതനിരപേക്ഷതയും മാനിക്കപ്പെടാത്തിടത്തോളം കാലം നീതിനിഷേധം തുടരുമെന്നു വേണം കരുതാൻ.**

മതത്തിന്റെ പേരിൽ ജനങ്ങളെ ഭിന്നിപ്പിച്ച് ഹിന്ദുരാഷ്ട്ര അജണ്ട നടപ്പാക്കാനുള്ള പദ്ധതിയിൽ മുസ്ലീംങ്ങൾക്കും ക്രൈസ്തവർക്കുമെതിരെ വിദ്വേഷ പ്രചരണത്തിനും ആൾക്കൂട്ട ഭീകരതയ്ക്കും ഭരണഘടനാ വിരുദ്ധ തടങ്കലിനും 'എക്സ്ട്രാ ജ്യൂഡീഷ്യൽ' ധർമ്മ വിധികൾക്ക് കളമൊരുക്കുന്ന മോദി ഭരണ കാലത്തെ 'മതസ്വാതന്ത്ര്യ' നിയമനിർമ്മാണങ്ങളുടെ പേരിൽ അന്യായമായി കുറ്റം ചുമത്തപ്പെട്ട് അതിക്രൂരമായ ആക്രമണങ്ങൾക്ക് ഇരകളാകുന്ന നിസ്സഹായരായ മനുഷ്യർക്കുവേണ്ടി രാഷ്ട്രീയ പ്രതിരോധം തീർക്കുന്നതെങ്ങനെയെന്നതിന്റെ ഒന്നാംതരം തെളിവാണ് ദുർഗിലെ സംഭവവികാസങ്ങൾ. ആഗ്രയിലെ ഫാത്തിമ മിഷൻ ആശുപത്രി കാന്റീനിലും കോൺവെന്റിലും പാചക ജോലിക്കാണ് തങ്ങളെ കൊണ്ടുപോകുന്നതെന്നും അവിടെ ആശുപത്രിയിൽ പറ്റിയ ജോലിക്കായുള്ള പരിശീലനത്തിന് സൗകര്യമൊരുക്കുമെന്നും അസീസിസി സ്റ്റേഴ്സ് ഓഫ് മേരി ഇമ്മാകുലേറ്റ് സമൂഹത്തിന്റെ ഉത്തരേന്ത്യയിലെ വിവിധ മിഷൻ ആശുപത്രിയിൽ ഫാർമസിസ്റ്റ് നഴ്സിങ് ശുശ്രൂഷ ചെയ്തുവരുന്ന സിസ്റ്റർ പ്രീതിയും സിസ്റ്റർ വന്ദനയും യുവതികളെയും അവരുടെ മാതാപിതാക്കളെയും ബോധിപ്പിച്ചിരുന്നു.

ചത്തീസ്ഗഡിലെ ബി.ജെ.പി.ഭരണത്തിൽ ബജ്റങ്ദൾ പ്രവർത്തകർക്കുള്ള സ്വാധീനം പ്രകടമാക്കുന്ന സംഭവ പരമ്പരകളാണ് കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായത്. റെയിൽവേ അധികൃതരെയും പൊലീസിനെയും നോക്കുകുത്തികളാക്കിയാണ് റെയിൽവേ സ്റ്റേഷനിലവർ കന്യാസ്ത്രീകളെ ചോദ്യം ചെയ്തതും അസഭ്യംപറഞ്ഞതും. പോലീസ് സ്റ്റേഷനിൽ ഇവരെ ചോദ്യം ചെയ്തതും മൊഴികൾ തയ്യാറാക്കിയതും നിർബന്ധിച്ച് ഒപ്പു വയ്പിച്ചതും എഫ്.ഐ.ആർ തയ്യാറാക്കാൻ പോലീസിന് നിർദ്ദേശം നൽകിയതുമെല്ലാം ബജറങ്ദൾ പ്രവർത്തകരാണെന്ന ആരോപണം അതീവ ഗൗരവമുള്ളതാണ്. കന്യാസ്ത്രീകൾക്കെതിരെയായ കേസിലെ അന്വേഷണം നടപടിക്രമം പൂർത്തിയാക്കി ഔദ്യോഗിക ഉത്തരവിറക്കാതെ എൻ.ഐ.എ ഏറ്റെടുത്തത് എങ്ങനെയെന്നതും ദുരൂഹമാണ്. നിയമവൃത്തങ്ങൾക്കും ഇക്കാര്യത്തിൽ അമ്പരപ്പാണുള്ളത്. കേസ് എൻ.ഐ.എക്ക് വിടില്ലെന്ന് കേന്ദ്രമന്ത്രി അമിത്ഷാ കേരള എം.പി.മാർക്ക് കഴിഞ്ഞ ദിവസം നൽകിയ ഉറപ്പ് ഇതോടെ സംശയത്തിലായി. കേന്ദ്രാനുമതിയില്ലാതെയുള്ള എൻ.ഐ.എ കേസന്വേഷണം അസാധുവാകുമെന്ന് സുപ്രീം കോടതിയുടെ മുൻകാല വിധികളിൽ വ്യക്തമാണ്.

കേസ് റദ്ദാക്കാനായി ഉടൻ ഹൈക്കോടതിയെ സമീപിക്കുമെന്ന് കാത്തലിക് ബിഷപ്പ്സ് കോൺഫ്രൻസ് ഓഫ് ഇൻഡ്യ (സി.ബി.സി.ഐ) വ്യക്തമാക്കിയിട്ടുണ്ട്. കന്യാസ്ത്രീകൾക്കും ഗോത്രവിഭാഗ യുവാവിനും ഒൻപത് ദിവസത്തെ ജയിൽവാസവും ഇത്രയും അപമാനവും നേരിടേണ്ടി വന്നതിന് നമ്മുടെ വ്യവസ്ഥിയിൽ കടന്ന ആപൽക്കരമായ മൂല്യച്യുതിതന്നെയാണ് കാരണം ബഹുസ്വരതയും മതനിരപേക്ഷതയും മാനിക്കപ്പെടാത്തിടത്തോളം കാലം നീതിനിഷേധം തുടരുമെന്നു വേണം കരുതാൻ. എല്ലാ വിഭാഗം ജനങ്ങൾക്കും സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടത് സർക്കാരിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണെന്ന അടിസ്ഥാന പ്രമാണമാണ് ഇവിടെ വിസ്മരിക്കപ്പെടുന്നത്. ഭരണഘടന നൽകുന്ന മതസ്വാതന്ത്ര്യവും നൃപക്ഷ അവകാശങ്ങളും ഉറപ്പ് വരുത്താനും ആൾക്കൂട്ട വിചാരണയും ആക്രമണവും നടത്തുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും അധികാരത്തിലിരിക്കുന്നവർക്ക് ബാദ്ധ്യതയുണ്ട്. ഭരണഘടനാപരമായ ഈ ഉത്തരവാദിത്വം അവർ പാലിച്ചേതീരൂ.

●



സെന്റ്. ആൻസ് ദൈവാലയം
വലിയതോപ്പ്
ST.ANNE'S CHURCH
VALIATHOPE
LATIN ARCHDIOCESE OF TRIVANDRUM
പരിശുദ്ധ
നൽമരണ
മാതാവിന്റെ
തിരുനാൾ
2025 സെപ്റ്റംബർ
19 മുതൽ 28 വരെ
സെപ്റ്റംബർ 28, 5.30 pm
തിരുനാൾ
ദിവ്യബലി
മുഖ്യകാർമികൻ:
റവ. ഡോ. തോമസ് ജെ. നെറ്റോ
മെത്രാപ്പോലീത്ത,
തിരുവനന്തപുരം അതിരൂപത
ഭക്തജനങ്ങൾക്ക്
സ്വാഗതം

Pub. Date: 01.09.2025

JEEVANUM VELICHAVUM

REGD. NO. KL/TV(S)266/2024-26 | RNI Registered No. 36056/81
Licenced to post without pre-payment KL/TV(S)/WPP/171/2024-26

Total Pages 44
Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vigil George